# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 ഫെബ്രുവരി, വോള്യം: 11 ലക്കം: 6

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 സമ്പദ് ഘടനയുടെ അടിസ്ഥാന പ്രശ്നങ്ങളെ അവഗണിക്കുന്ന
2023 -24ലെ കേന്ദ്ര ബജറ്റ്
പ്രഭാത് പട്നായിക്ക്

13 ജനങ്ങൾ സ്വന്തം അനുഭവങ്ങളിലൂടെ അണി ചേരും
നിയമസഭയിലെ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം

18 കേരളത്തെ സമഗ്രമായി മാറ്റാൻ ലക്ഷ്യമിടുന്ന ബജറ്റ്
കേരള ബജറ്റ് 2023
കെ.എൻ.ബാലഗോപാൽ

21 നിയമസഭാ പ്രസംഗം
കേരളം വികസനപ്രവർത്തനവുമായി മുന്നോട്ട്
പി.നന്ദകുമാർ എംഎൽഎ

23 ഓക്സ്ഫാം റിപ്പോർട്ട്
മുതലാളിത്ത ചൂഷണം വർധിച്ചു

27 ചീഞ്ഞുനാറുന്നത് ഡെന്മാർക്കിലല്ല — എ.സിയാവുദീൻ

32 തൊഴിലാളികളുടെ ദേശീയ കൺവൻഷൻ / പ്രഖ്യാപനം

36 സിഐടിയു 17-ാം അഖിലേന്ത്യാ സമ്മേളനം

42 ലോകം പ്രതിസന്ധികളുടെ നടുവിൽ — ജോസ് ടി. എബ്രഹാം

44 ഇന്റർനാഷണൽ ട്രേഡ് യൂണിയൻ ഫോറം രൂപീകരണം — എൻ. പത്മലോചനൻ

48 സംഘടനാ വാർത്തകൾ

വാർഷിക വരിസംഖ്യ : 200 രൂപ.

# ജനവിരുദ്ധ കേന്ദ്രബജറ്റ്

കേന്ദ്രധനകാര്യവകുപ്പ് മന്ത്രി നിർമലാ സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച 2023-24 വർഷത്തേക്കുള്ള ബജറ്റ് ജനവിരുദ്ധവും, രാജ്യം നേരിടുന്ന സാമ്പത്തിക മാന്ദ്യം തുടരാനിടയാക്കുന്നതുമാണ്. 2020-21 വർഷങ്ങളിലെ കോവിഡ് മഹാമാരി രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ തകർച്ച സൃഷ്ടിച്ചിരുന്നു. തൊഴിലും, വരുമാനവും നഷ്ടപ്പെട്ട തൊഴിലാളികളും, മറ്റ് സാധാരണ ജനങ്ങളും കടുത്ത ജീവിതപ്രയാസം നേരിട്ടു. രാജ്യത്തെ വ്യവസായ നിക്ഷേപം കുറയുകയും, പ്രധാന വ്യവസായ മേഖലകളിലെ ഉൽപാദനം കുറയുകയും ചെയ്തു. ഈ സാഹചര്യം മറികടക്കാനുതകുന്ന നടപടികളാണ് പുതിയ ബജറ്റിൽ ജനങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ സമ്പദ്ഘടനയുടെ തകർച്ചക്ക് ഒരു പരിഹാരവും കാണാനുതകുന്നതല്ല ബിജെപി സർക്കാരിന്റെ ബജറ്റ്.

2014 മുതൽ മോഡി സർക്കാർ സ്വീകരിച്ച് വരുന്ന കോർപറേറ്റനുകൂല നയങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ബജറ്റ്. ജനങ്ങൾ ദാരിദ്ര്യത്തിലേക്കും, തൊഴിലില്ലായ്മയിലേക്കും തള്ളപ്പെടുമ്പോഴും വൻകിട കുത്തകകൾ സമ്പത്ത് വാരിക്കൂട്ടുന്നു. 2023 ലെ “ഓക്സ്ഫാം” റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ 2022 അവസാനം ശതകോടീശ്വരന്മാരുടെ എണ്ണം 166 ആയി. ജനസംഖ്യയുടെ മുകൾത്തട്ടിലുള്ള ഒരു ശതമാനം വരുന്ന അതിസമ്പന്നർ രാജ്യത്ത് കഴിഞ്ഞ 2 വർഷകാലം സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ 40.5 ശതമാനം കൈക്കലാക്കി. ഈ സ്ഥിതി തുടരാൻ അനുവദിക്കുന്നതാണ് പുതിയ ബജറ്റ്.

ബജറ്റിലൊരിടത്തും തൊഴിലാളി-തൊഴിലാളിക്ഷേമം എന്ന വാക്കില്ല. രാജ്യം ‘ഔപചാരിക സമ്പദ്ഘടന’യായി മാറിയെന്നാണ് ധനമന്ത്രി പറയുന്നത്. അതിന് ഉപോൽപലകമായി പറഞ്ഞ കാര്യം പ്രോവിഡന്റ് ഫണ്ട് അംഗങ്ങൾ 27 കോടിയായി ഉയർന്നു എന്നതാണ്. ഇത് അടിസ്ഥാനരഹിതമായ വാദമാണ്. പ്രോവിഡന്റ്ഫണ്ട് നടപ്പായ കാലം തൊട്ട് ഇന്ന് വരെ രജിസ്റ്റർ ചെയ്ത എണ്ണമാണ് മന്ത്രി പറഞ്ഞത്.

എന്നാൽ ഇപ്പോൾ തൊഴിൽ ചെയ്തുകൊണ്ട് പിഎഫിൽ വിഹിതം അടക്കുന്നവരുടെ എണ്ണം 5 കോടിയിൽ താഴെ മാത്രമാണ്.

"സബ് കാ സാത്, സബ് കാ വികാസ്" എന്ന മുദ്രാവാക്യം ഇടക്കിടെ മുഴക്കിയ ബജറ്റ് പ്രസംഗത്തിലൊരിടത്തും 'തൊഴിലാളി ക്ഷേമം' എന്നൊരു വാക്കില്ല. ഇന്ത്യയിൽ തൊഴിലെടുത്തു ജീവിക്കുന്ന 56 കോടി മനുഷ്യരിൽ 94 ശതമാനവും അസംഘടിത പരമ്പരാഗത തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന പട്ടിണി പാവങ്ങളാണ്. അവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്ന ഒരു നിർദ്ദേശവും ബജറ്റിലില്ല.

വികസനത്തിൽ എല്ലാവരെയും ഉൾക്കൊള്ളുമെന്ന ബജറ്റിലെ പ്രസ്താവന വാചകമടി മാത്രം. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് 'മിനിമം സപ്പോർട്ട് പ്രൈസ്' നിശ്ചയിക്കണമെന്ന സംയുക്ത കർഷകസമിതിയുടെ ആവശ്യത്തെക്കുറിച്ച് ബജറ്റ് മൗനം പാലിച്ചു. കർഷകസമരം അവസാനിപ്പിക്കുന്ന സന്ദർഭത്തിൽ സർക്കാർ എഴുതി നല്കിയ ഉറപ്പ് പാലിച്ചില്ല. രാസവള സബ്സിഡി 2022-23 ബജറ്റിൽ 2,25,220 കോടി രൂപ വക കൊള്ളിച്ചിരുന്ന സ്ഥാനത്ത് പുതിയ ബജറ്റിൽ 1,75,100 കോടിയായി വെട്ടിക്കുറച്ചു. യൂറിയ സബ്സിഡി കഴിഞ്ഞ വർഷം 1,54,098 കോടി രൂപയായിരുന്നത്. 2023-24 ബജറ്റിൽ 1,31,100 കോടി രൂപയായി കുറച്ചു. പി.എം.കിസാൻ നിധിക്കുള്ള പണം 2022-23 ൽ 68,000 കോടി രൂപയായിരുന്നത് 60,000 കോടി രൂപയായി കുറച്ചു. ഭവനപദ്ധതിയായ പി.എം. ആവാസ് യോജനക്കുള്ള ഫണ്ട് 2022-23 ൽ 90,020 കോടി രൂപയായിരുന്നു. 2023-24 ബജറ്റിൽ അത് 79,590 കോടിയായി കുറച്ചു.

ഭക്ഷ്യ സബ്സിഡി 2022-23 ൽ 2,87,194 കോടി രൂപയായിരുന്നത് 1,97,350 കോടി രൂപയായും, പെട്രോളിയം സബ്സിഡി(പാചകവാതകത്തിന്) 9171 കോടിയായിരുന്നത് 2257 കോടിയായും കുറച്ചു. ആരോഗ്യമേഖലയുടെ തുക ബജറ്റ് ചെലവിന്റെ 1.9 ശതമാനം മാത്രമാണ്. കോവിഡ് പോലുള്ള മഹാമാരി വന്നാൽ പാവങ്ങൾ മരിച്ചുവീഴുകയല്ലാതെ മറ്റ് വഴികളില്ല. വിദ്യാഭ്യാസമേഖലക്ക് നീക്കിവെച്ച ചെലവ് ആകെ ചെലവിന്റെ 2.5 ശതമാനം മാത്രമാണ്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് 2021-22 ൽ 98,468 കോടിയും, 2022-23 ൽ 89,400 കോടിയും വകകൊള്ളിച്ചിരുന്നിടത്ത് 2023-24 ബജറ്റിൽ കേവലം 60,000 കോടി രൂപ മാത്രം. ഗ്രാമീണ മേഖലയിലെ പട്ടിണിപ്പാവങ്ങൾക്ക് ആശ്വാസകരമായിരുന്ന തൊഴിലുറപ്പ് പദ്ധതിയെ തകർക്കുകയാണ് മോഡി സർക്കാർ. മതന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമത്തിനായി 2021-22 വർഷത്തെ ബജറ്റിൽ 1428 കോടി രൂപയുണ്ടായിരുന്നു. 2023-24 വർഷം അത് 610 കോടി രൂപയായി വെട്ടിക്കുറച്ചു. പട്ടികജാതി വിഭാഗം ജനസംഖ്യയുടെ 16 ശതമാനവും, പട്ടികവർഗ്ഗം 8.6 ശതമാനവുമാണ്. അവർക്ക് അനുവദിച്ച ബജറ്റ്തുക യഥാക്രമം 3.5 ശതമാനവും, 2.7 ശതമാനവുമാണ്.

പാർശ്വവൽക്കരിക്കപ്പെട്ട ജനതയോടുള്ള ബിജെപി സർക്കാരിന്റെ സമീപനം വ്യക്തമാക്കുന്നതാണിത്. അംഗൻവാടി, ആയുഷ്, നാഷണൽ ഹെൽത്ത് മിഷൻ തുടങ്ങിയ പദ്ധതികൾക്കും മതിയായ തുക അനുവദിച്ചില്ല. പാവപ്പെട്ടവരെ സഹായിക്കുന്ന സബ്സിഡികൾക്കായി 2022-23 വർഷം ബജറ്റ് ചെലവിന്റെ 8 ശതമാനം നീക്കിവെച്ചിരുന്നു. 2023-24 ൽ അത് 7 ശതമാനമായി കുറച്ചു. പാവപ്പെട്ടവരുടെ ക്ഷേമം മോഡി സർക്കാരിന്റെ പരിഗണനയിലില്ല.

2022-23 വർഷത്തെ ജി.ഡി. വളർച്ച 7 ശതമാനമാണെന്നാണ് ധനമന്ത്രിയുടെ അവകാശവാദം. എന്നാൽ 2022-23 വർഷത്തെ അപേക്ഷിച്ച് 2023-24 വർഷത്തെ ബജറ്റിൽ സർക്കാർ ചെലവുകളുടെ വർദ്ധനവ് കേവലം തുച്ഛമാണ്. നാണയപ്പെരുപ്പ നിരക്കും, ജനസംഖ്യാ വർദ്ധന നിരക്കും കണക്കിലെടുത്താൽ നാമമാത്രമായ വർദ്ധനവാണ് വരുത്തിയത്. ദരിദ്ര ജനകോടികളുടെ ജീവിതപ്രയാസങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ ഒരു നിർദ്ദേശവും ബജറ്റിലില്ല. ആദായ നികുതി നിരക്കുകളിൽ വരുത്തിയ മാറ്റങ്ങൾ മാസശമ്പളക്കാർക്കും മറ്റും ആശ്വാസം തോന്നുമെങ്കിലും പണപ്പെരുപ്പവും, ആരോഗ്യവിദ്യാഭ്യാസ ചെലവുകൾ വർദ്ധിച്ചതും കണക്കിലെടുത്താൽ നിഷ്ഫലമാവുന്നതാണ്. അതേസമയം സമ്പന്ന വർഗ്ഗത്തിന് നൽകിയ നികുതി ഇളവുകൾ വഴി ഖജനാവിനുണ്ടാകുന്ന നഷ്ടം 35000 കോടി രൂപയാണ്. ‘സബ് കാ സാത്ത് സബ് കാ വികാസ്’ വെറും പൊള്ളയായ വാഗ്ദാനം മാത്രം. സർക്കാർ നിലകൊള്ളുന്നത് സമ്പന്നവർഗ്ഗത്തിന് വേണ്ടി മാത്രം.

സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ പറയുന്നത് 2022-23 ലെ ജി.ഡി.പി. വളർച്ച 6.5 ശതമാനമാണെന്നാണ്. സ്വതന്ത്രഭാരത ചരിത്രത്തിൽ തുടർച്ചയായി വളർച്ചാനിരക്ക് കുറയുന്നത് ആദ്യമാണ് ഉൽപാദന മേഖലയിൽ വളർച്ച 1.6 ശതമാനവുമാണ്.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശവും ബജറ്റിലില്ല. കേന്ദ്രസർവ്വീസിലും, റെയിൽവേ ഉൾപ്പെടെയുള്ള കേന്ദ്രപൊതുമേഖലയിലും നിലവിലുള്ള 8 ലക്ഷത്തോളം ഒഴിവുകൾ നികത്താൻ പരിപാടിയില്ല. ഇന്ത്യൻ തൊഴിലാളികളുടെ 94 ശതമാനം വരുന്ന അസംഘടിതപരമ്പരാഗത മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന ദുരിതത്തിന് തെല്ലെങ്കിലും ആശ്വാസം നല്കുന്ന ഒന്നും ബജറ്റിലില്ല. ഭക്ഷ്യ സബ്സിഡി പുതിയ ബജറ്റിൽ 90,000 കോടി രൂപയോളം കുറച്ചത് വഴി പാവപ്പെട്ടവരുടെ കഞ്ഞിയിൽ മണ്ണ് വീഴും.

2023 ജനുവരിയിൽ പുറത്ത് വന്ന ‘ഓക്സ്ഫാം’ റിപ്പോർട്ട് പറയുന്നത് രാജ്യത്തെ ജനങ്ങളുടെ പകുതിയിൽ താഴെ വരുന്ന പാവപ്പെട്ട ജനങ്ങൾ നൽകുന്ന പരോക്ഷനികുതി തുക മുകൾത്തട്ടിലെ 10 ശതമാനം വരുന്ന സമ്പന്നന്മാർ നൽകുന്ന

പരോക്ഷ നികുതിതുകയുടെ 6 ഇരട്ടിയാണ്. ഈ സാഹചര്യത്തിലും സമ്പന്നർക്ക് നികുതിയിൽ ഇളവ് നല്കപ്പെട്ടു ഭക്ഷ്യ സബ്സിഡിയിൽ 29 ശതമാനവും, ഭക്ഷ്യവസ്തുക്കളുടെ സംഭരണ തുകയിൽ 17 ശതമാനവും, ഉച്ചഭക്ഷണ പദ്ധതി തുകയിൽ 9.4 ശതമാനവും, പോഷകാഹാര പദ്ധതിയിൽ 38 ശതമാനവും 2022-23 വർഷത്തെ ബജറ്റ് തുകയെ അപേക്ഷിച്ച് കുറവ് വരുത്തിയ സർക്കാരാണ് സമ്പന്നർക്ക് വലിയ ഇളവ് നൽകിയത്. മോഡി സർക്കാർ ആരോടൊപ്പമാണെന്ന് ഈ നടപടികൾ വ്യക്തമാക്കുന്നു.

കേരളത്തെ ക്രൂരമായി അവഗണിച്ച ബജറ്റാണ് 2023-24 ലേത്. സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള പരിധി 3 ശതമാനത്തിൽ നിന്ന് 0.5 ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശത്തോടൊപ്പം വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ (സ്വകാര്യവൽകരണം) അംഗീകരിച്ചാലെ ഇത് നല്കൂ എന്നും പറയുന്നു. ആരോഗ്യമേഖലയിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തിന് 'എയിംസ്' അനുവദിച്ചില്ല. റെയിൽവേ വികസനപദ്ധതികൾ ഒന്നും അനുവദിച്ചില്ല. സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനുമുമ്പിൽ അവതരിപ്പിച്ച ഒരു വികസന പദ്ധതിയും അനുവദിച്ചില്ല. ജി.എസ്.ടി. കോമ്പൻസേഷൻ തുടർന്നും നല്കണമെന്ന ആവശ്യവും തിരസ്കരിക്കപ്പെട്ടു.

കേരളത്തിലെ റബ്ബർ കർഷകരെയും, തോട്ടം തൊഴിലാളികളെയും സംരക്ഷിക്കാൻ റബ്ബർ ഇറക്കുമതി ചുങ്കം ഉയർത്തണമെന്ന ആവശ്യം പരിഗണിച്ചില്ല. 'കോമ്പൗണ്ട്' റബ്ബറിന്റെ ചുങ്കം ഉയർത്തിയത് വെറും കണ്ണിൽ പൊടിയിടൽ മാത്രം. കയർ, കശുവണ്ടി, ബീഡി, കൈത്തറി, മത്സ്യം, കൈത്തൊഴിലുകൾ, ഖാദി തുടങ്ങിയ സംസ്ഥാനത്തെ പരമ്പരാഗത മേഖലകളിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ അനുഭവിക്കുന്ന യാതനകൾക്ക് ആശ്വാസം നൽകുന്ന ഒരു നിർദേശവും പുതിയ ബജറ്റിലില്ല.

കോർപ്പറേറ്റുകളുടെ വളർച്ചയിൽ അഭിമാനം കൊണ്ടു നടന്ന സർക്കാർ അദാനിയുടെ വീഴ്ചയിൽ നിന്ന് ഒരു പാഠവും പഠിക്കുന്നില്ല. ജനവിരുദ്ധ ബജറ്റിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരണം.



# 2023-24 ലെ കേന്ദ്ര ബജറ്റ്

## സമ്പദ്ഘടനയുടെ അടിസ്ഥാന പ്രശ്നങ്ങളെ അവഗണിക്കുന്ന

രണ്ട് കാര്യങ്ങളിലെ സർക്കാരിന്റെ ദീർഘദൃഷ്ടിയില്ലായ്മ ആശ്ചര്യപ്പെടുത്തുന്നതാണ്. ഒന്ന് വരുമാനത്തിലെയും സമ്പത്തിലെയും അസമത്വങ്ങൾ ഭീമമായി വർധിച്ചുവരുന്ന കാലഘട്ടത്തിൽ ജിഡിപിയിലെ സർക്കാർ വരുമാനത്തിന്റെ അനുപാതം ഉയർത്തുന്നതിൽ പ്രകടിപ്പിക്കുന്ന നിസ്സംഗതാ മനോഭാവം. രണ്ട്തൊഴിലാളികളുടെ വാങ്ങൽ ശേഷിയെ ശക്തിപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന സാമൂഹ്യ ചിലവുകൾക്ക് കൂടുതൽ തുക വകയിരുത്തേണ്ട ആവശ്യകതയോട് മുഖം തിരിക്കുകയും മുതൽമുടക്കിന്റെ നല്ലൊരു പങ്ക് ഇറക്കുമതി ചെലവിന്റ രൂപത്തിൽ വിദേശത്തേക്ക് ചോർന്നു പോകുന്നതിനാൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിമിതമായ സാധ്യതകൾ മാത്രമുള്ള മൂലധന നിക്ഷേപത്തിന് കൂടുതൽ ഊന്നൽ കൊടുക്കുകയും ചെയ്യുന്ന സമീപനം.






പ്രഭാത് പട്നായിക്

ഇന്ത്യൻ സമ്പദ്ഘടനയുടെ ഇന്നത്തെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത ഉപഭോഗ ചിലവിന്റെ മന്ദഗതിയിലുള്ള വർദ്ധനവാണ്. ഉദാഹരണത്തിന് 2019-20 നും 2022-23നും ഇടയിലെ 5%ത്തിൽ താഴെയുള്ള പ്രതിശീർഷ ഉപഭോഗ ചെലവിന്റെ വളർച്ച ഇതേ കാലഘട്ടത്തിലെ മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ചാനിരക്കിനേക്കാൾ കുറവാണ്. കോവിഡ് മഹാമാരി സൃഷ്ടിച്ച ആഴത്തിലുള്ള മാന്ദ്യത്തിൽ നിന്നുള്ള നാമമാത്രമായ വീണ്ടെടുപ്പിന്റെ പിന്നിലെ ചാലകശക്തി ഉപഭോഗമല്ല മറിച്ച് നിക്ഷേപമായിരുന്നു എന്ന് ചുരുക്കം. ഇതിൽ രണ്ട് പ്രശ്നങ്ങളുണ്ട്. ആദ്യത്തേത് ഇത്തരമൊരു വീണ്ടെടുപ്പ് നിലനിർത്തി കൊണ്ടുപോകുവാൻ പറ്റുന്ന ഒന്നല്ല എന്നതാണ്. അത് വിനിയോഗിക്കപ്പെടാത്ത ഉൽപാദന ശേഷിയും ഉപയോഗിക്കപ്പെടാത്ത അടിസ്ഥാന സൗകര്യങ്ങളും വലിയതോ




**ഉപഭോഗ വർദ്ധനവിന് അനുകൂലമല്ലാത്തതും അതുകൊണ്ടുതന്നെ തൊഴിലാളി വിരുദ്ധവുമായ സമീപനം കൈക്കൊള്ളുന്ന ഒരു സർക്കാർ കേന്ദ്രം ഭരിക്കുമ്പോൾ കാര്യങ്ങൾ ഇത്തരത്തിലാകുന്നതിൽ അതിശയിക്കാൻ ഒന്നുമില്ല. സംസ്ഥാനങ്ങൾക്കുള്ള വിഹിതം ഉൾപ്പെടെയുള്ള കേന്ദ്രസർക്കാരിന്റെ ചിലവിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വർദ്ധനവിനെക്കാൾ താഴ്ന്ന നിരക്കിലാണ് എന്ന സവിശേഷതയും 2023-24ലെ കേന്ദ്ര ബജറ്റിനുണ്ട്.**

തിൽ സൃഷ്ടിക്കപ്പെടുന്നതിലേക്കും അതിന്റെ ഫലമായി വീണ്ടെടുപ്പിനെ പിന്നോട്ടടിപ്പിക്കുകയും സമ്പത് വ്യവസ്ഥയെ തന്നെ അസ്ഥിരപ്പെടുത്തുകയും ചെയ്യുന്ന തരത്തിൽ ബാങ്കുകളുടെ കിട്ടാക്കടങ്ങൾ പെരുകുന്നതിലേക്കും നയിക്കും. രണ്ടാമത്തേത് വളർച്ചയുടെ അടിസ്ഥാനപരമായ യുക്തി ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് എന്നിരിക്കെ ജനങ്ങളുടെ ഉപഭോഗത്തെ മുരടിപ്പിക്കുന്ന വളർച്ചകൊണ്ട് യാതൊരു ഫലവുമില്ല എന്നതാണ്.

അതുകൊണ്ട് 2023-24 ലെ ബജറ്റിന്റെ മുന്നിലുണ്ടായിരുന്ന പ്രധാന വെല്ലുവിളി സമ്പദ്ഘടനയിൽ ഉപഭോഗത്തെ ഉത്തേജിപ്പിക്കുക എന്നതായിരുന്നു. ഇതിന് എല്ലാറ്റിനും ഉപരിയായി സാമൂഹ്യ മേഖലകളിലെ ചിലവുകൾ വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. പട്ടിണിയാൽ വലയുന്ന ഒരു രാജ്യത്ത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ നിറഞ്ഞു കവിയുന്നതിനുള്ള പ്രകടമായ കാരണം അടിസ്ഥാന ആരോഗ്യ പരിരക്ഷക്കും പാർപ്പിടത്തിനും വിദ്യാഭ്യാസത്തിനും അതുപോലുള്ള മറ്റ് അടിയന്തരമായ ആവശ്യങ്ങൾക്കും വലിയതോതിൽ ചിലവ് ചെയ്തശേഷം ജനങ്ങളുടെ പക്കൽ വാങ്ങൽ ശേഷി ഇല്ലാതാകുന്നതാണ്. എന്നാൽ വാങ്ങൽ ശേഷി മെച്ചപ്പെടുത്താൻ ശ്രമിക്കാതെ അതിന് നേർ വിപരീതമായി മൂലധന നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പണം കണ്ടെത്തുന്നതിനായി സാമൂഹിക മേഖലകളിലുള്ള നിക്ഷേപം വെട്ടിച്ചു രുക്കുകയാണ് ബജറ്റിൽ ചെയ്തിരിക്കുന്നത്. ഇതിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി ദശകങ്ങൾക്ക് മുമ്പുണ്ടായിരുന്ന വിഹിതത്തിന് തുല്യവും 2021-22ൽ അനുവദിച്ച 1,12,000 കോടി രൂപയുടെ ഏകദേശം പകുതി മാത്രവുമായ 60000 കോടി രൂപയുടെ വിഹിതം മാറ്റിവച്ചത്. ഇൻറർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത മഹാഭൂരിപക്ഷം ഗ്രാമങ്ങളിലും നടപ്പിലാക്കുവാൻ കഴിയാത്ത വിധം തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലെ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കിയത് കേന്ദ്രസർക്കാർ ഈ പദ്ധതി അടച്ചു പൂട്ടുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന നിഗമനത്തിലേക്കാണ് നമ്മെ നയിക്കുന്നത്.

81 കോടി ജനങ്ങൾക്ക് അഞ്ച് കിലോ വീതം സൗജന്യ റേഷൻ ലഭ്യമാക്കുന്നതിന്റെ 'നേട്ടത്തെ' കേന്ദ്രസർക്കാർ കൊട്ടിഘോഷിക്കുമ്പോഴും 2023-24 ലെ ഭക്ഷ്യ സബ്സിഡിയിൽ പിറ്റേ കൊല്ലത്തെ അപേക്ഷിച്ച് 31%ത്തിന്റെ കുറവ് വരുത്തിയിരിക്കുകയാണ്. ഇത് ദരിദ്രരിൽ ഒരു വിഭാഗത്തെ പിഴിഞ്ഞ് അവരിലെ മറ്റൊരു വിഭാഗത്തിന് സബ്സിഡി നൽകുന്നതിന് സമാനമാണ്. ഗ്രാമ വികസനത്തിനായുള്ള വകയിരുത്തലിലും കുറവ് വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ/ആരോഗ്യ മേഖലകൾക്കുള്ള വിഹിതങ്ങൾ ചെറിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട് എങ്കിലും വിലക്കയറ്റത്തിന്റെ സ്വാധീനം കൂടി കണക്കിലെടുക്കുകയാണെങ്കിൽ ഈ മേഖലകൾക്കുള്ള നീക്കിയിരിപ്പുകളിലും യഥാർത്ഥത്തിൽ കുറവാണ് സംഭവിച്ചിരിക്കുന്നത് എന്ന് കാണുവാനാകും.

ഉപഭോഗ വർദ്ധനവിന് അനുകൂലമല്ലാത്തതും അതുകൊണ്ടുതന്നെ തൊഴിലാളി വിരുദ്ധവുമായ സമീപനം കൈക്കൊള്ളുന്ന ഒരു സർക്കാർ കേന്ദ്രം ഭരിക്കുമ്പോൾ കാര്യങ്ങൾ ഇത്തരത്തിലാകുന്നതിൽ അതിശയിക്കാൻ ഒന്നുമില്ല. സംസ്ഥാനങ്ങൾക്കുള്ള വിഹിതം ഉൾപ്പെടെയുള്ള കേന്ദ്രസർക്കാരിന്റെ ചിലവിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വർദ്ധനവിനെക്കാൾ താഴ്ന്ന നിരക്കിലാണ് എന്ന സവിശേഷതയും 2023-24ലെ കേന്ദ്ര ബജറ്റിനുണ്ട്. 2022-23ലെ ബജറ്റിൽ ജിഡിപിയുടെ 15.3% ആയിരുന്ന കേന്ദ്രസർക്കാരിന്റെ ചിലവ് 201324ലേക്കുള്ള ബജറ്റിൽ 14.9% ആയി കുറയും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഇത് ഏറെക്കുറെ 2022-23ലെ (ജിഡിപിയുടെ) 6.4%ത്തിൽ നിന്ന് 2023-24ലെ 5.9%ത്തിലേക്കുള്ള ധനക്കമ്മിയുടെ ഇടിവിനോട് സമാനമാണ്.(അതായത് ചിലവ് ചുരുക്കിക്കൊണ്ടാണ് ധനകമ്മി കുറച്ചിരിക്കുന്നത്.)



ഉപഭോഗത്തെ ഉത്തേജിപ്പിക്കുന്നതിൽ കാണിച്ചിരിക്കുന്ന പിശുക്ക് സംസ്ഥാനങ്ങൾക്ക് കൈമാറുന്ന വിഹിതങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. 2021-22ൽ 4,60,575 കോടി രൂപയാണ് സംസ്ഥാനങ്ങൾക്ക് കൈമാറിയതെങ്കിൽ 2022-23ൽ അത് 3,67,204 കോടി രൂപയായാണ് നിശ്ചയിക്കപ്പെട്ടത്. 2022-23ലെ പുതുക്കിയ ബഡ്ജറ്റിൽ അത് പിന്നെയും കുറഞ്ഞ് 3,07,204 കോടി രൂപയാകുകയും ചെയ്തു. ഇക്കൊല്ലത്തെ ബജറ്റിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി നീക്കിവെച്ചിരിക്കുന്നത് 3,59,470 കോടി രൂപ മാത്രമാണ്. ഇത് 2022-23ലെ കുറവ് പരിഹരിക്കുന്നതിന് പര്യാപ്തമല്ല എന്നതുമാത്രമല്ല അക്കൊല്ലത്തെ ബജറ്റിലെ ആദ്യ വകയിരുത്തലിനേക്കാൾ കുറവുമാണ്. സാമൂഹ്യ ക്ഷേമ ചെലവുകൾ കൂടുതലും വഹിക്കുന്നത് സംസ്ഥാന സർക്കാരുകളാണ്. ഇക്കാര്യത്തിൽ പിശുക്ക് കാണിക്കുന്ന കേന്ദ്രസർക്കാർ ഫെഡറൽ തത്വങ്ങളെ പ്രത്യക്ഷമായി തന്നെ അട്ടിമറിക്കുന്ന രീതിയിൽ വിഭവങ്ങളെ അതിന്റെ പക്കൽ മനപ്പൂർവ്വം കേന്ദ്രീകരിച്ചുകൊണ്ട് ക്ഷേമ ചെലവുകൾ വെട്ടിക്കുറയ്ക്കാനുള്ള മനോഭാവം സംസ്ഥാനങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുകയാണ്.

ജിഡിപിയുടെ അനുപാതമായി നോക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ ചിലവുകളിൽ കുറവ് വന്നു എന്നതുമാത്രമല്ല അതിനോടൊപ്പംതന്നെ മൂലധന ചിലവുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്. ബജറ്റ് പ്രസംഗത്തിൽ മൂലധന ചിലവ് 7.5 ലക്ഷം കോടിയിൽ നിന്ന് 10 ലക്ഷം കോടിയായി ഉയർത്തുന്നതിനെക്കുറിച്ച് വാചാലയായ കേന്ദ്ര ധനമന്ത്രി ഇതിനെ രാജ്യം ഇന്ന് നേരിടുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒറ്റമൂലിയായാണ് ഉയർത്തി ക്കാട്ടിയത്. എന്നാൽ നാല് അടിസ്ഥാനപരമായ വിഷയങ്ങൾ അവർ വിട്ടുകളയുകയായിരുന്നു. ഒന്നാമതായി ഇത്രയും തുക സാമൂഹ്യ മേഖലയിൽ ചിലവിടുകയാണെങ്കിൽ കുറഞ്ഞപക്ഷം ഇത്രയും തന്നെ തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കുവാൻ ആകും എന്ന കാര്യം. രണ്ടാമതായി ഇത്രയും തുക സാമൂഹ്യമേഖലയിൽ ചിലവിടുന്നത് ബജറ്റിന്റെ തലേദിവസം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട സാമ്പത്തിക സർവ്വേയിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ യഥാർത്ഥ വേതനത്തിൽ സംഭവിച്ചിട്ടുള്ള ഇടിവ് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് നേരിട്ട് ഗുണം ചെയ്യുമായിരുന്നു. മൂന്നാമതായി ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്ന സാമൂഹ്യ മേഖലയിലെ സർക്കാരിന്റെ ചിലവുകൾ പൊതു മൂലധന ചിലവുകളെ അപേക്ഷിച്ച് ബഹുതല സ്പർശിയായ നല്ല ഫലങ്ങൾ പ്രദാനം ചെയ്യും എന്ന അനുഭവവും നമ്മുടെ മുന്നിലുണ്ട്. മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ സാമൂഹ്യ മേഖലയിൽ ചിലവാക്കുന്ന തുകക്ക് മൂലധന ചിലവുകൾക്കായി ചിലവാക്കപ്പെടുന്ന തുല്യമായ തുകയേക്കാൾ തൊഴിലായ്മയുടെ പ്രശ്നത്തിൽ കൂടുതൽ ഗുണപരമായ സ്വാധീനം ചെലുത്തതുവാനാകും. നാലാമത്തേത് തൊഴിലാളികളുടെ ഉപഭോഗത്തെ ഉത്തേജിപ്പിക്കുന്നത്തിനായുള്ള ചിലവുകളിൽ നിന്ന് വ്യത്യസ്തമായി

മൂലധന നിക്ഷേപത്തിന്റെ നല്ലൊരു പങ്ക് മൂലധന ചരക്കുകളുടെ ഇറക്കുമതി ചിലവുകളുടെ രൂപത്തിൽ വിദേശത്തേക്ക് ചോർന്നുപോകും എന്ന വസ്തുതയാണ്. ഇത് ഉപഭോഗത്തെ ഉത്തേജിപ്പിക്കുന്നതിനായുള്ള ചിലവുകളാണ് തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ കൂടുതൽ ആശ്വാസമാകുന്നത് എന്ന കാഴ്ചപ്പാടിനെ ഒന്നുകൂടി ശക്തിപ്പെടുത്തുകയാണ്.

നവ ഉദാരവൽക്കരണ ക്രമത്തിനു കീഴിൽ, സമീപ വർഷങ്ങളിൽ

മൂലധന ചെലവ് കൂടുതലായും ഇറക്കുമതിക്ക് വേണ്ടി വിനിയോഗിക്കപ്പെടുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. ഇതാണ് അടുത്തിടെ ദൃശ്യമായ നിക്ഷേപത്താൽ നയിക്കപ്പെട്ട വീണ്ടെടുപ്പിന് ശേഷം രാജ്യത്തെ മൂലധന സാമഗ്രഹികളുടെ (capital goods) ആഭ്യന്തര മേഖല വീണ്ടും മുരടിപ്പിനെ നേരിടുന്നതിനുള്ള ഒരു പ്രധാന കാരണം. ആഭ്യന്തര മൂലധന സാമഗ്രികളുടെ മേഖലയ്ക്ക് കൂടുതൽ സംരക്ഷണം നൽകാൻ ആകുന്നില്ലെങ്കിൽ വർദ്ധിച്ച മൂലധന നിക്ഷേപത്തിലൂടെ കാര്യമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാം എന്ന് കരുതുന്നത് വെറും ദിവാസ്വപ്നമായി പര്യവസാനിക്കും. ഇറക്കുമതിയിൽ നിന്ന് കൂടുതൽ സംരക്ഷണം ലഭ്യമാക്കുന്നതിന് പകരം കേന്ദ്രബജറ്റ് അതിന് വിപരീതമായി ഒട്ടനവധി ഇറക്കുമതി ഉൽപ്പന്നങ്ങളുടെ തീരുവകൾ കുറച്ചിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ മൂലധന ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള ശ്രമങ്ങൾക്ക് കാര്യമായ രീതിയിൽ കരുത്തു പകരും എന്ന് അവകാശപ്പെടുന്നത് വെറും തട്ടിപ്പാണ്.

മാത്രവുമല്ല ഈ രണ്ട് ചെലവ് ചെയ്യൽ രീതികളെയും - ഒന്ന് മൂലധന നിക്ഷേപത്തിനായും മറ്റൊന്ന് സാമൂഹ്യ മേഖലക്ക് വേണ്ടിയും - തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ആദ്യത്തെത് ഇറക്കുമതി വർധിക്കുന്നതിലേക്ക് നയിക്കും എന്നതിനാൽ അത് ഇന്ന് രാജ്യം നേരിടുന്ന അടവ് ശിഷ്ട പ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കും എന്ന് കാണാനാകും. രൂപയുടെ വിനിമയ നിരക്കിൽ ഗണ്യമായ ഇടിവുണ്ടായിട്ടും ആഗോള മാന്ദ്യത്തിന്റെ ഫലമായി ഇന്ത്യയുടെ കയറ്റുമതിയുടെ വളർച്ച പ്രതികൂലമായി ബാധിക്കപ്പെട്ടിരിക്കുകയാണ്. ലഭ്യമായ ഏറ്റവും അവസാന പാദത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് ഇന്ത്യയുടെ വ്യാപാര കമ്മി ജിഡിപിയുടെ 4%ത്തിലും അധികമാണ്. മൂലധന നിക്ഷേപത്തെ ശക്തിപ്പെടുത്തുന്നതിന് പകരം സാമൂഹിക ചെലവുകൾ വർധിപ്പിച്ചിരുന്നു എങ്കിൽ കേന്ദ്ര സർക്കാരിന് ജനങ്ങളുടെ ജീവിതത്തിൽ പ്രത്യക്ഷമായ പുരോഗതി വരുത്തിക്കൊണ്ടും വർദ്ധിതമായ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊണ്ടും അടവുശിഷ്ട പ്രശ്നത്തെയും വ്യാപാര കമ്മിയെയും പിടിച്ച് നിർത്തിക്കൊണ്ടും ഒരു കല്ലുകൊണ്ട് മൂന്നു പക്ഷികളെ കൊല്ലുവാൻ സാധിക്കുമായിരുന്നു. എന്നാൽ കേന്ദ്രസർക്കാർ പ്രകടമായും മോശമായ മറ്റൊരു മാർഗമാണ് സ്വീകരിച്ചിരിക്കുന്നത്.

ഇതുവരെ കേന്ദ്രസർക്കാന്റെ മുന്നിലുള്ള രണ്ടു മാർഗ്ഗങ്ങളെ മാത്രമാണ് ഞാൻ താരതമ്യം ചെയ്തത്, അവയിൽ മോശമായ ഒന്നാണ് സ്വീകരിക്കപ്പെട്ടത് എന്ന് വാദിച്ചുകൊണ്ട്. തീർച്ചയായും രണ്ടിൽ ഒതുങ്ങുന്നതല്ല സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗങ്ങൾ. കേന്ദ്രസർക്കാരിന്റെ വരുമാനവും ജിഡിപിയും തമ്മിലുള്ള അനുപാതം സർക്കാരിന്റെ സ്വന്തം കണക്കുകൾ പ്രകാരം തന്നെ വരും വർഷത്തിലും ഈ സാമ്പത്തിക വർഷത്തെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ മാറ്റമില്ലാതെ തുടരും. എന്നാൽ സമ്പത്തിന്റെയും വരുമാനത്തിന്റെയും അസമത്വങ്ങളിൽ ഭീമമായ വർദ്ധനവ് ഉണ്ടായി എന്നത് പരക്കെ അറിയപ്പെടുന്ന വസ്തുതയാണ്. കുതിച്ചുയരുന്ന അസമത്വത്തിന്റെ കാലഘട്ടത്തിൽ സ്വത്ത് നികുതിയുടെ അഭാവത്തിൽ പോലും നികുതി വരുമാനവും ജിഡിപിയും തമ്മിലുള്ള അനുപാതം സ്വാഭാവികമായി തന്നെ വർദ്ധിക്കേണ്ടതാണ്. സ്വത്തു നികുതി ഏർപ്പെടുത്തുകയോ സമ്പന്നരിൽ നിന്ന് കൂടുതൽ വരുമാനം സ്വരൂപിക്കുന്നതിനുള്ള മറ്റ് പരിശ്രമങ്ങൾ നടത്തുകയോ ചെയ്യുകയാണെങ്കിൽ ഈ അനുപാതം ഗണ്യമായി ഉയരേണ്ടതുമാണ്. എന്നാൽ കേന്ദ്ര ബജറ്റിൽ ഇത്തരത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

ശമ്പള വരുമാനക്കാരിലെ ചില വിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ ആദായ നികുതി ഇളവുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ രണ്ട് കാര്യങ്ങളിലെ സർക്കാരിന്റെ ദീർഘദൃഷ്ടിയില്ലായ്മ ആശ്ചര്യപ്പെടുത്തുന്നതാണ്. ഒന്ന് വരുമാനത്തിലെയും സമ്പത്തിലെയും അസമത്വങ്ങൾ ഭീമമായി വർധിച്ചുവരുന്ന ഒരു കാലഘട്ടത്തിൽ ജി ഡി പിയിലെ സർക്കാർ വരുമാനത്തിന്റെ അനുപാതം ഉയർത്തുന്നതിൽ പ്രകടിപ്പിക്കുന്ന നിസ്സംഗതാ മനോഭാവം. രണ്ട് തൊഴിലാളികളുടെ വാങ്ങൽ ശേഷിയെ ശക്തിപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന സാമൂഹ്യ ചിലവുകൾക്ക് കൂടുതൽ തുക വകയിരുത്തേണ്ട ആവശ്യകതയോട് മുഖം തിരിക്കുകയും അതിനു പകരം മുതൽ മുടക്കിന്റെ നല്ലൊരു പങ്ക് ഇറക്കുമതി ചിലവിന്റ രൂപത്തിൽ വിദേശത്തേക്ക് ചോർന്നു പോകുന്നതിനാൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിമിതമായ സാധ്യതകൾ മാത്രമുള്ള മൂലധന നിക്ഷേപത്തിന് കൂടുതൽ ഈന്നൽ കൊടുക്കുകയും ചെയ്യുന്ന സമീപനം.

ഈ ബജറ്റിനെ ദീർഘദൃഷ്ടി ഇല്ലാത്തത് എന്ന് വിളിക്കുന്നത് ഒരുപക്ഷേ അതിന്റെ യഥാർത്ഥ ഉദ്ദേശത്തെ തിരിച്ചറിയാതെ പോകുന്നതിന് തുല്യമായിരിക്കും. 'ചങ്ങാത്ത മുതലാളിമാർക്ക്' പ്രത്യേകം താല്പര്യമുള്ള അടിസ്ഥാന സൗകര്യ മേഖലയിൽ ചിലവ് ചെയ്യുന്നത് അവരെ സഹായിക്കുന്നതിനുള്ള നല്ലൊരു മാർഗ്ഗം തന്നെയാണല്ലോ. ഈ സർക്കാരിന്റെ മുൻകാല പ്രവർത്തനങ്ങളെ വിലയിരുത്തുകയാണെങ്കിൽ അത് തൊഴിലാളികളുടെ താത്പര്യങ്ങൾ പോയിട്ട് മൊത്തം സമ്പദ്ഘടനയുടെ താത്പര്യങ്ങൾക്കുപോലും മുതലാളിമാരുടെ താത്പര്യങ്ങളെക്കാൾ പ്രാധാന്യം നൽകുമെന്ന് പ്രതീക്ഷിക്കുവാനാകില്ല.•

| പാർപ്പിട,സാമൂഹിക ക്ഷേമ, മറ്റു സബ്സിഡി വകയിരുത്തൽ | 2022-23 (കോടി) | 2023-24 (കോടി) | കുറവ് |
|---|---|---|---|
| പി എം ആവാസ് യോജന (പിഎംഎവൈ) | 90020 | 79590 (BE) | 11.58% |
| ഗ്രാമ വികസനം | 181121.80 (RE) | 157545 (BE) | 13% |
| സമർഥ്യ (മാതൃ വന്ദന യോജന ഉൾപ്പെടെ) | 2622.11 | 2581.84 | 1.53% |
| പെട്രോളിയം സബ്സിഡി | 9171 (RE) | 2257(BE) | 75.38% |
| എൽ പി ജി സബ്സിഡി | 5813(BE) | 2257(BE) | 61% |

| തൊഴിൽ,തൊഴിൽ അനുബന്ധ മറ്റു മേഖലകളിലെ വിഹിതം | 2022-23 (കോടി) | 2023-24 (കോടി) | കുറവ് |
|---|---|---|---|
| തൊഴിൽ | 24034 | 13222 | 44.98% |
| ഗ്രാമ വികസനം | 153525 (RE) | 101475 (BE) | 33.9% |
| എംജിഎൻആർഇജിഎ | 89400 (RE) | 60000 (BE) | 32.90% |
| പി.എസ്.യു/ജെ.വി/എസ്.പി.വി | 38687(BE) | 34354 (BE) | 11.20% |

| കാർഷിക മേഖലകളിലെ വിഹിതം | 2022-23 (കോടി) | 2023-24 (കോടി) | കുറവ് |
|---|---|---|---|
| കൃഷി | 124000 (BE) | 115538 (BE) | 6.82% |
| രാഷ്ട്രീയ കൃഷി വികാസ് യോജന | 10433 (BE) | 7150 (BE) | 31.46% |
| പിഎം കിസാൻ സമ്മാൻ നിധി) | 68000 (BE) | 60000 (BE) | 11.76% |
| കൃഷി ഉന്നതി യോജന | 7153 (BE) | 7066(BE) | 1.62% |
| പിഎം കൃഷി സിഞ്ചായി യോജന | 12954 (BE) | 10787 (BE) | 16.7% |
| ഫെർട്ടിലൈസർ സബ്സിഡി | 225220 (RE) | 175100 (BE) | 22.25% |
| യൂറിയ സബ്സിഡി | 154098 (RE) | 131100 (BE) | 14.92% |
| ക്രോപ് ഇൻഷുറൻസ് സ്കീം | 15500 (RE) | 13625 (BE) | 12% |
| ഹരിത വിപ്ലവം | 6747(2021-22) | 0.00 | തുടച്ചുനീക്കി |

| ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി മേഖലകളിലെ വിഹിതം | 2022-23 (കോടി) | 2023-24 (കോടി) | കുറവ് |
|---|---|---|---|
| പി എം ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ മിഷൻ | 979 (BE) | 646 (BE) | 34% |
| വിദ്യാഭാസ ശാക്തീകരണം | 2515 (BE) | 1689 (BE) | 32.84% |
| ദേശീയ വിദ്യാഭാസ മിഷൻ | 39553 (BE) | 38953 (BE) | 1.51% |
| നാഷണൽ ഹെൽത്ത് മിഷൻ | 37160 (BE) | 36785 (BE) | 1% |

| ഭക്ഷണം/പോഷകാഹാരം മേഖലകളിലെ വിഹിതം | 2022-23 (കോടി) | 2023-24 (കോടി) | കുറവ് |
|---|---|---|---|
| ഭക്ഷണ സബ്സിഡി | 287194 | 197350 | 31.28% |
| പോഷകാഹാര സബ്സിഡി | 71122((RE) | 44000( (BE) | 38.13% |
| FCI അണ്ടർ എൻ.എഫ്.എസ് ആക്ട് | 214696 (RE) | 137207( (BE) | 36% |
| NFSA യുടെ കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ വികേന്ദ്രീകൃത സംഭരണം | 72283 (RE) | 59793 (BE) | 17.27% |
| പി എം പോഷൺ (മിഡ്ഡേമീൽ) | 12800 | 11600 | 9.30% |

# ആർക്ക് വേണ്ടിയുള്ള കേന്ദ്ര ബജറ്റ് ?

▼

ഇന്ത്യയിലെ ഉയർന്ന 1 % സമ്പത്തിന്റെ 40 ശതമാനം സ്വന്തമാക്കുമ്പോൾ 20 ലക്ഷം പേർ തെരുവിൽ താമസിക്കുന്നു

▼

29% ഇന്ത്യൻ യുവാക്കളും ജോലി അന്വേഷിക്കുമ്പോൾ ഇന്ത്യയിലെ ശതകോടീശ്വരന്മാർ മിനിറ്റിൽ 2.5 കോടി സമ്പാദിക്കുന്നു

▼

ഓരോ വർഷവും 6.3 കോടി ഇന്ത്യക്കാർ ആരോഗ്യ സംരക്ഷണ ചെലവ് കാരണം ദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെടുന്നു

▼

പട്ടിണി സൂചികയിൽ 121 രാജ്യങ്ങളിൽ 107ാം സ്ഥാനത്താണ് ഇന്ത്യ, പ്രതിദിനം 35 കോടി ഇന്ത്യക്കാർ പട്ടിണി കിടക്കുന്നു

# ജനങ്ങൾ സ്വന്തം അനുഭവങ്ങളിലൂടെ അണി ചേരും

നമ്മുടെ രാജ്യത്ത് മതനിരപേക്ഷ മൂല്യങ്ങൾ, ഫെഡറൽ സംവിധാനം എന്നിങ്ങനെയുള്ള ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങൾ (ബേസിക്ക് സ്ട്രക്ചർ) അസാധാരണ വെല്ലുവിളികളാണ് നേരിടുന്നത്. ഇതിന് നേതൃത്വം കൊടുക്കുന്നവർ ഭരണഘടനാദത്തമായ ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവരാകുമ്പോൾ ഇതിന്റെ ഗൗരവമേറുന്നു. ദേശീയപ്രസ്ഥാനത്തിന്റെ സത്ത ഉൾക്കൊള്ളുന്ന ഏവരും അതീവജാഗ്രതയോടെ ഇത്തരം ശ്രമങ്ങളെ ചെറുക്കേണ്ട അവസരമാണിത്.

**അസാധാരണമായ വെല്ലുവിളികളെ നേരിടേണ്ടി വന്ന നമ്മുടെ സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലിന്റെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥിരവിലയിൽ 12 ശതമാനവും നടപ്പുവിലയിൽ 17 ശതമാനവും സാമ്പത്തിക വളർച്ച കൈവരിച്ചിട്ടുണ്ട്. ഇത് അഖിലേന്ത്യാ സാമ്പത്തിക വളർച്ചാ നിരക്കിന്റെ ഒന്നരയിരട്ടി വരുമെന്ന കാര്യം മറച്ചുവയ്ക്കാൻ കഴിയില്ല.**



ഭാഷാപരവും മതപരവുമായ മേധാവിത്വ പ്രവണതകൾ നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അധിഷ്ഠിതമായ നമ്മുടെ രാഷ്ട്രീയ ഘടനയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്.

ഫെഡറൽ സംവിധാനത്തിന്റെ ആണിക്കല്ലാണ് കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള അധികാരത്തിന്റെ ഭരണഘടനാപരമായ വിഭജനം. അതിനെ മറികടന്നുകൊണ്ട് സംസ്ഥാന, സമാവർത്തി വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾ ജനാധിപത്യവിരുദ്ധമായ പ്രവണതയുടെ ദൃഷ്ടാന്തമാണ്.

പൗരത്വ നിയമഭേദഗതിക്കെതിരെ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം കേരളം ബഹു. സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

സഹകരണ നിയമ ഭേദഗതി, ഡാം സേഫ്റ്റി നിയമ ഭേദഗതി, വൈദ്യുതി റഗുലേറ്ററി ഭേദഗതി എന്നിങ്ങനെ നിരവധി നിയമ നിർമാണങ്ങൾ ഫെഡറൽ തത്വങ്ങളെ തെല്ലും മാനിക്കാതെ കേന്ദ്രസർക്കാർ നടത്തിവരികയാണ്.



കോവിഡ് മഹാമാരി ഉയർത്തിയ അതികഠിനമായ വെല്ലുവിളി നേരിടാൻ സംസ്ഥാന സർക്കാരിന് വിപുലമായ ഇടപെടലുകൾ നടത്തേണ്ടതായി വന്നിട്ടുണ്ട്. ലോകത്താകെയുള്ള സർക്കാരുകളുടെ റവന്യൂ വരുമാനം കുറയുകയും ചിലവ് ബാധ്യത ഗണ്യമായി വർദ്ധിക്കുകയും ചെയ്ത ഈ കാലഘട്ടത്തിൽ ആഗോളതലത്തിൽ തന്നെ സർക്കാരിന്റെ കടബാധ്യതകൾ വർദ്ധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച കണക്കുകൾ ജനുവരി 31ന് പുറത്തിറങ്ങിയ ഇന്ത്യാ ഗവൺമെന്റിന്റെ ഇക്കണോമിക് സർവ്വേയിൽ നിന്നും കാണാൻ കഴിയുന്നതാണ്.

**കേരളം കടക്കെണിയിൽ ആണെന്ന് വ്യാപകമായ കുപ്രചരണം ബോധപൂർവ്വം നടത്തുകയാണ്. കേന്ദ്ര ബജറ്റിൽ സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുന്നതിനായി മൂലധന ചിലവ് വർദ്ധിപ്പിക്കണമെന്ന് എടുത്തുപറയുന്നുണ്ട്. സാമ്പത്തിക സർവ്വേയിലും ഈ അഭിപ്രായത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. 2016-17 മുതൽ കേരളത്തിൽ മൂലധന ചിലവ് വർദ്ധിപ്പിക്കാൻ സുദൃഢമായ കാൽവെയ്പ്പാണ് എൽഡിഎഫ് സർക്കാർ നടത്തിയിട്ടുള്ളത്. യുഡിഎഫ് സർക്കാരിന്റെ കാലത്ത് കട്ടപ്പുറത്തായിരുന്ന നിരവധി പദ്ധതികളെ ചലനാത്മകമാക്കിയതും പ്രാവർത്തികമാക്കിയതും എൽഡിഎഫ് സർക്കാരാണ്.**

പല സംസ്ഥാനങ്ങളും 2020ൽ കേന്ദ്രസർക്കാരിനോട് അതിശക്തമായി ആവശ്യപ്പെട്ട ഒരു കാര്യം വാർഷിക വായ്പാ പരിധി ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തണമെന്നാണ്. കേരളത്തിനു വേണ്ടി നമ്മൾ ഈ ആവശ്യം ഉന്നയിച്ചപ്പോൾ ഇതേ ആവശ്യം ഉന്നയിച്ചതിൽ ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസിന്റെ പ്രമുഖ നേതാവായ രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ടുമുണ്ട്. സംസ്ഥാനങ്ങളുടെ സമ്മർദ്ദവും രാജ്യത്ത് നിലനിൽക്കുന്ന അസാധാരണ സാഹചര്യവും പരിഗണിച്ച് മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാതെ കേന്ദ്ര സർക്കാർ അന്ന് വായ്പാ പരിധി ഉയർത്തിക്കൊണ്ട് ഒരു തീരുമാനമെടുത്തു. 0.5 ശതമാനം വായ്പ നിബന്ധനകളില്ലാതെയും 1.5 ശതമാനം നിബന്ധനകളോടുകൂടിയുമാണ് അനുവദിച്ചത്. ഈ നിബന്ധനകളിൽ റേഷൻ സംവിധാനങ്ങളുടെ പരിഷ്ക്കരണങ്ങൾ, വൈദ്യുതി വിതരണമേഖലയിലെ നഷ്ടം കുറയ്ക്കൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അന്തരീക്ഷം സൃഷ്ടിക്കൽ, നഗരപ്രദേശങ്ങളിലെ തദ്ദേശസ്ഥാപനങ്ങളിലെ കെട്ടിടനികുതി പരിഷ്ക്കരണം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. കേരളം അധിക വായ്പയ്ക്കുള്ള അർഹത നേടിയിട്ടാണ് കേന്ദ്ര അനുമതിയോടുകൂടി കോവിഡ് കാലത്തെ അസാധാരണ സാഹചര്യം തരണം ചെയ്യാൻ ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാനായി അധിക വായ്പയെടുത്തത്. ഇതിനെ ഒരു വലിയ കുറ്റമായി, ധൂർത്തായി ചിത്രീകരിക്കുന്ന കുപ്രചരണങ്ങളിലാണ് യുഡിഎഫ് ഏർപ്പെട്ടിരിക്കുന്നത്.

2006-11 ലെ എൽഡിഎഫ് സർക്കാരിന്റെ കാലഘട്ടത്തിൽ ധനദൃഢീകരണത്തിനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചത്. 2010- 11 സാമ്പത്തിക വർഷത്തിൽ തനതു നികുതി വരുമാനത്തിൽ 23 ശതമാനം വർദ്ധനയാണുണ്ടായത്. യുഡിഎഫ് സർക്കാർ രണ്ടു വർഷം പിന്നിട്ടപ്പോൾ തനതു നികുതി വരുമാനത്തിന്റെ വളർച്ച, 2013-14 ൽ 10 ശതമാനമായി കൂപ്പുകുത്തി. ഈ പ്രവണത 2015-16 വരെ തുടർന്നു. അതിനുശേഷം എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഓരോ സാമ്പത്തിക വർഷത്തിലും അസാധാരണ സാഹചര്യങ്ങളെയാണ് നേരിടേണ്ടി വന്നത്. നോട്ടു നിരോധനം, പ്രകൃതിദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിങ്ങനെ സമാനതകളില്ലാത്ത വെല്ലുവിളികളാണുണ്ടായത്. അതുകൊണ്ട് തനതു നികുതി വരുമാനത്തിൽ വലിയ വർദ്ധനവു

ണ്ടാക്കാൻ കഴിഞ്ഞില്ല. പക്ഷേ 2021-22ൽ 22 ശതമാനം വളർച്ച തനതു നികുതി വരുമാനത്തിലുണ്ടായിട്ടുണ്ട്.

കേരളം കടക്കെണിയിലാണെന്ന് വ്യാപകമായ കുപ്രചരണം ബോധപൂർവ്വം നടത്തുകയാണ്. കേന്ദ്ര ബജറ്റിൽ സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുന്നതിനായി മൂലധന ചിലവ് വർദ്ധിപ്പിക്കണമെന്ന് എടുത്തുപറയുന്നുണ്ട്. സാമ്പത്തിക സർവ്വേയിലും ഈ അഭിപ്രായത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. 2016-17 മുതൽ കേരളത്തിൽ മൂലധന ചിലവ് വർദ്ധിപ്പിക്കാൻ സുദൃഢമായ കാൽവെയ്പാണ് എൽഡിഎഫ് സർക്കാർ നടത്തിയിട്ടുള്ളത്. ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ്ലൈൻ, കൊച്ചി ഇടമൺ ഉൾപ്പെടെയുള്ള വൈദ്യുതി പ്രസരണ രംഗത്തെ വികസന പദ്ധതികൾ എന്നിങ്ങനെ യുഡിഎഫ് സർക്കാരിന്റെ കാലത്ത് കട്ടപ്പുറത്തായിരുന്ന നിരവധി പദ്ധതികളെ ചലനാത്മകമാക്കിയതും പ്രാവർത്തികമാക്കിയതും എൽഡിഎഫ് സർക്കാരാണ്.

മൂലധന ചിലവുകൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമാണ് കിഫ്ബി വഴി നടപ്പാക്കുന്ന പശ്ചാത്തല സൗകര്യ വികസന പരിപാടികൾ. ഇപ്പോൾ ഈ വികസന പരിപാടികളെ ഏതെല്ലാം വിധത്തിൽ തുരങ്കംവയ്ക്കാമെന്നാണ് കേന്ദ്രസർക്കാർ ആലോചിക്കുന്നത്. ഇതിന് സർവ്വാത്മനാ പിന്തുണ നൽകുകയാണ് കേരളത്തിൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം.

ഇവിടെ ധനധൂർത്തുണ്ടെന്നും കടക്കെണിയുണ്ടെന്നും അനാവശ്യ പ്രചരണം വ്യാപകമായി നടത്തുകയാണ്. സി & എ ജി ഏപ്രിൽ ഡിസംബർ 2022 കാലയളവിൽ നമ്മുടെ ധനക്കമ്മി, റവന്യൂ കമ്മി എന്നിവയെക്കുറിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020-21 ലെ ഇതേ കാലയളവിലെ കണക്കുകളെക്കാൾ ഗണ്യമായ കുറവ് ഈ സൂചികകളിലെല്ലാം വന്നിട്ടുണ്ട്. റവന്യൂ കമ്മിയിൽ 20,852 കോടി രൂപയുടെയും ധനക്കമ്മിയിൽ 21079 കോടി രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണ്. ഇവിടെ നടത്തുന്ന മറ്റൊരു കുപ്രചരണം മന്ത്രിമാർക്കും മറ്റും വേണ്ടി അധിക ചിലവുണ്ടെന്നാണ്. 2019-20 ൽ ഈ ശീർഷകത്തിൽ 13.84 കോടി രൂപയാണ് ബജറ്റ് എസ്റ്റിമേറ്റ്. യഥാർത്ഥ ചിലവ് 11.40 കോടി രൂപ. 2020-21ൽ 12.84 കോടി രൂപയായിരുന്നു ബജറ്റ് എസ്റ്റിമേറ്റ്. യഥാർത്ഥ ചിലവ് 10.95 കോടി രൂപ. 2021-22ൽ 13.56 കോടി രൂപയായിരുന്നു ബജറ്റ് എസ്റ്റിമേറ്റ്. യഥാർത്ഥ ചിലവ് 12.28 കോടി രൂപ. ഇവ സംസാരിക്കുന്ന കണക്കുകളാണ്. ഇതിൽ നിന്നും കാണാൻ കഴിയുന്നത് ഇതിൽ ഒരു ധൂർത്തും നടത്തുന്നില്ലായെന്നതു തന്നെയാണ്. സർക്കാർ സാമ്പത്തിക അച്ചടക്കം പാലിച്ചിട്ടുണ്ട്.

അസാധാരണമായ വെല്ലുവിളികളെ നേരിടേണ്ടി വന്ന നമ്മുടെ സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലിന്റെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥിരവിലയിൽ 12 ശതമാനവും നടപ്പുവിലയിൽ 17 ശതമാനവും സാമ്പത്തിക വളർച്ച കൈവരിച്ചിട്ടുണ്ട്. ഇത് അഖിലേന്ത്യാ സാമ്പത്തിക വളർച്ചാ നിരക്കിന്റെ ഒന്നരയിരട്ടി വരുമെന്ന കാര്യം മറച്ചുവയ്ക്കാൻ കഴിയില്ല.

ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാ




**ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമതെത്തി. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ കേരളം മൂന്നു വർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം, വർഗ്ഗീയ സംഘർഷം ഒന്നും ഇല്ലാത്ത സംസ്ഥാനം, മികച്ച ക്രമസമാധാനം ഉള്ള സംസ്ഥാനം, ശിശുമാതൃ മരണങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനം, മികച്ച സ്കൂൾ വിദ്യാഭ്യാസം ഉള്ള സംസ്ഥാനം, ഭിന്ന ശേഷി സൗഹൃദ സംസ്ഥാനം, മികച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഉള്ള സംസ്ഥാനം, മികച്ച ടൂറിസം ഡെസ്റ്റിനേഷൻ,എന്നിങ്ങനെ നിരവധി നേട്ടങ്ങൾ കേരളം കൈവരിച്ചു.**

ക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമതെത്തി. പബ്ലിക് അഫയർസ് ഇൻഡക്സിൽ കേരളം മൂന്നു വർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്തെത്തി. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം, വർഗ്ഗീയ സംഘർഷം ഒന്നും ഇല്ലാത്ത സംസ്ഥാനം, മികച്ച ക്രമസമാധാനം ഉള്ള സംസ്ഥാനം, ശിശുമാതൃ മരണങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനം, മികച്ച സ്കൂൾ വിദ്യാഭ്യാസം ഉള്ള സംസ്ഥാനം, ഭിന്നശേഷി സൗഹൃദ സംസ്ഥാനം, മികച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഉള്ള സംസ്ഥാനം, മികച്ച ടൂറിസം ഡെസ്റ്റിനേഷൻ, വ്യവസായ രംഗത്ത് ബെസ്റ്റ് പ്രാക്ടീസ് ഏർപ്പെടുത്തിയ സംസ്ഥാനം എന്നിങ്ങനെ അന്താരാഷ്ട്രദേശീയ തലങ്ങളിൽ നിരവധി നേട്ടങ്ങളും ബഹുമതികളും കേരളം കൈവരിച്ചു.

2015 ഡിസംബർ 31 ലെ കണക്കനുസരിച്ച് 34.9 ലക്ഷം പേരായിരുന്നു കേരളത്തിലെ തൊഴിൽ അന്വേഷകർ. എന്നാൽ ജൂലൈ 2022ലെ കണക്കനുസരിച്ച് അത് 28.4 ലക്ഷമായി കുറഞ്ഞു. 2021 -22 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ കമ്പനികൾ 3892. 14 കോടിയുടെ ടേൺ ഓവറും 386.03 കോടിയുടെ പ്രവർത്തനലാഭവും നേടി. ടേൺ ഓവറിൽ കഴിഞ്ഞ വർഷത്തെക്കാൾ 17.8% വർദ്ധന.

2022-23 വർഷം 'സംരംഭക വർഷ'മായി ആഘോഷിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. എട്ടു മാസം കൊണ്ടുതന്നെ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ട പദ്ധതിയാണിത്.

ശിശുമരണ നിരക്ക് (IMR), മാതൃമരണ നിരക്ക് (MMR) ഇവയിൽ കേരളത്തിന്റെ പ്രകടനം വളരെ മികച്ചതാണ്. രാജ്യത്തെ വലിയ സംസ്ഥാനങ്ങളിൽ സിംഗിൾ ഡിജിറ്റ് IMR ഉള്ള ഏക സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ IMR ആറ് (6) ആണ്. ദേശീയ തലത്തിൽ ഇത് 28 ആണ്.

കേന്ദ്രം ശ്വാസം മുട്ടിക്കുമ്പോൾ, പെൻഷൻ മുടങ്ങും, റേഷൻ മുടങ്ങും, വികസനമാകെ സ്തംഭിക്കും. ജനം വലയും. നാടുദുരിതത്തിലാവും. ജനരോഷം ഉയരും. അങ്ങനെ വരുമ്പോൾ അതിൽ നിന്നു രാഷ്ട്രീയ മുതലെടുപ്പു നടത്താമെന്നു കരുതുന്ന പ്രതിപക്ഷം നാടിന്റെ ദൗർഭാഗ്യമാണ്.

ചങ്ങാത്ത മുതലാളിത്തത്തിന്റെ ഈ കാലത്ത് സയാമീസ് ഇരട്ടകൾ പോലെയാണു കേന്ദ്രവും ഒരു വ്യവസായ ഗ്രൂപ്പും. ഈ വ്യവസായ ഗ്രൂപ്പാണ് കേന്ദ്രത്തിന്റെ മണി പവർ. അതു തകരുകയാണ്. ഇന്ത്യയിലെ മാധ്യമങ്ങളിൽ മിക്കതിനെയും വിലയ്ക്കെടുത്തു. ശേഷിച്ച ചിലവയെ ഭീഷണിപ്പെടുത്തി നിശ്ശബ്ദമാക്കി. അപ്പോഴതാവരുന്നു ഒരു അമേരിക്കൻ ഗവേഷണ സ്ഥാപനത്തിന്റെ വെളിപ്പെടുത്തൽ. ഓഹരിക്കമ്പോളത്തിലെ ആ ഗ്രൂപ്പിന്റെ വീഴ്ച കേന്ദ്രത്തിലെ അധികാരികളുടെ രാഷ്ട്രീയ വീഴ്ചയുടെ തുടക്കമാണ്. എംഎൽഎമാരെയടക്കം വിലയ്ക്കു വാങ്ങാനും സംസ്ഥാന ഭരണങ്ങൾ മാറ്റാനും പൊതു തെരഞ്ഞെടുപ്പിൽ ബിജെപിയെ ജയിപ്പിച്ചെടുക്കാനും പണമൊഴുക്കിയ സംവിധാനമാണ് തകരുന്നത്.പല കൂട്ടുകച്ചവടങ്ങളും പുറത്തുവരും.

ഈ അടുത്താണ് കേന്ദ്രസർക്കാർ വിൽപ്പനയ്ക്കു വച്ച ബെൽ ഇ എം എല്ലിനെ കേരള സർക്കാർ ഏറ്റെടുത്ത് കെൽ ഇ എം എൽ ആക്കിയത്. വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡ് കേന്ദ്രസർക്കാർ വിൽപ്പനയ്ക്കു വച്ചപ്പോൾ കേരള സർക്കാർ

**കേന്ദ്രത്തിന്റെ വരുമാനം എന്നു പറയുന്നത് എന്താണ്? അതു സംസ്ഥാനങ്ങളിൽ നിന്നു ചെല്ലുന്നതാണ്. സംസ്ഥാനങ്ങൾ ഉൽപാദിപ്പിക്കുന്ന വരുമാനത്തിന്റെ ഓഹരി സംസ്ഥാനത്തിനു കിട്ടാൻ കേന്ദ്രം കനിയണം. ഇതാണു സ്ഥിതി. മരങ്ങളെല്ലാം വെട്ടിക്കളഞ്ഞു കാടു നിലനിർത്തണമെന്നു പറയുന്നതുപോലെയാണ് സംസ്ഥാനങ്ങളുടെ വരുമാനമെല്ലാം ഇല്ലാതാക്കി കേന്ദ്രത്തിന് ശക്തമാവാമെന്നു കരുതുന്നത്. സംസ്ഥാനങ്ങളുടെ സംയുക്തമാണ് ഇന്ത്യ. സംസ്ഥാനങ്ങളെ ശക്തമാക്കിക്കൊണ്ടേ കേന്ദ്രത്തിനു സുശക്തമാവാൻ കഴിയൂ.**

അതിനെ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡാക്കി മാറ്റുകയുണ്ടായി. ഇവ രണ്ടും ഇപ്പോൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരികയാണ്. പൊതുമേഖലയിൽ തന്നെ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി ആരംഭിക്കുകയാണ്.

2016ൽ ഇടതുപക്ഷം അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതാ വികസന പദ്ധതി യാഥാർത്ഥ്യമാക്കാൻ കേന്ദ്രത്തിനു മുന്നിൽ പോംവഴി അവതരിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. അങ്ങനെയാണ് ഭൂമി ഏറ്റെടുക്കലിന്റെ ഒരു വിഹിതം സംസ്ഥാന സർക്കാർ വഹിക്കുന്ന നിലയുണ്ടായത്. 5,311 കോടി രൂപയാണ് അതിനായി ചിലവാക്കിയത്.

ഗെയിൽ വാതക പൈപ്പ്ലൈനിൻറെ പണി 2016 ൽ ഇടതുപക്ഷം അധികാരത്തിൽ വന്നപ്പോഴാണ് പദ്ധതിക്ക് ജീവൻ വെച്ചത്. എന്നാൽ, അതിനെതിരെ അക്രമസമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഇന്നിപ്പോൾ പൈപ്പ്ലൈനിന്റെ പണി പൂർത്തിയായി എന്നുമാത്രമല്ല, അതിൻറെ ഫലമായി എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിൽ ഗാർഹിക ഉപയോഗത്തിനായി പ്രകൃതിവാതകം ലഭ്യമാക്കുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ യാഥാർത്ഥ്യമാവുകയും ചെയ്തിരിക്കുന്നു.

കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന പദ്ധതിയാണ് 2009 ൽ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് സാധ്യതാപഠനം നടത്തിയ മലയോര ഹൈവേ. എന്നാൽ, തുടർന്നുവന്ന യുഡിഎഫ് സർക്കാരിന്റെ കാലത്ത് പദ്ധതി ഏറ്റെടുക്കപ്പെട്ടില്ല. 2016ൽ എൽഡിഎഫ് വീണ്ടും അധികാരത്തിൽ വന്നതിനെത്തുടർന്നാണ് മലയോര ഹൈവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പുനർജീവൻ ലഭിച്ചത്.

ബജറ്റിൽ വരെ കേരളത്തെ കേന്ദ്രം ക്രൂരമായി അവഗണിച്ചിരുന്നു. എന്തുകൊണ്ടാണിത്? കേരളത്തിനു വേണ്ടി വാദിക്കാൻ നിങ്ങളുടെ 18 പ്രതിനിധികൾ തയ്യാറല്ല. നിങ്ങൾക്ക് ഒരു കാര്യത്തിലേ താൽപര്യമുള്ളു. എന്തെങ്കിലും കേരളത്തിനു കിട്ടുമെങ്കിൽ അതു മുടക്കുന്നതിൽ. മുടക്കു നിവേദനങ്ങളായി എത്തുന്ന കോൺഗ്രസും മുടക്കുനിവേദനങ്ങൾ സ്വീകരിച്ച് അംഗീകരിക്കുന്ന കേന്ദ്ര ബിജെപി ഭരണവും തമ്മിലാണു സത്യത്തിൽ അവിശുദ്ധ ബന്ധമുള്ളത്.

നിങ്ങളെ തെരഞ്ഞെടുത്തയച്ചു എന്ന കുറ്റത്തിന് എന്തിനിങ്ങനെ കേരളത്തെ ശിക്ഷിച്ചു എന്ന ചോദ്യം മുൻനിർത്തി നിങ്ങളെ കേരളജനത വിചാരണ ചെയ്യും. കേരളത്തെ ചവിട്ടിത്താഴ്ത്താൻ ശ്രമിക്കുന്നതു കൈയ്യും കെട്ടി കണ്ടു നിൽക്കുക മാത്രമല്ല, കൈകൊട്ടി രസിച്ചു നിൽക്കുക കൂടിയാണ് ഈ വർഷങ്ങളിൽ നിങ്ങൾ ചെയ്തത്. ഇതെല്ലാം കണ്ടുനിന്ന ജനങ്ങൾ സ്വന്തം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പുനരാലോചിക്കും; പുനരണിചേരലുമുണ്ടാവും.

കമ്മ്യൂണിസ്റ്റു വിരുദ്ധവികാരം പടർത്തിയാൽ ഏതുവിധേനയും ജയിച്ചു കയറാമെന്ന പഴയ സ്ഥിതി രക്ഷയ്ക്കു വരുമെന്നു കരുതരുത്. ആ കാലം മാറി. 1950കളിലെപ്പോലെ, കമ്മ്യൂണിസ്റ്റുവിരുദ്ധ മുന്നണി കെട്ടിപ്പൊക്കാമെന്നാണു നിങ്ങൾ കരുതുന്നതെങ്കിൽ ഏഴു പതിറ്റാണ്ടുകൊണ്ടുണ്ടായ കേരളത്തിലെ രാഷ്ട്രീയമാറ്റം എന്തെന്നു നിങ്ങൾക്കു മനസ്സിലായിട്ടില്ല എന്നേ പറയാനുള്ളു. •

**ബജറ്റിൽ വരെ കേരളത്തെ കേന്ദ്രം ക്രൂരമായി അവഗണിക്കുന്നു. എന്തുകൊണ്ടാണിത്? കേരളത്തിനു വേണ്ടി വാദിക്കാൻ നിങ്ങളുടെ 18 പ്രതിനിധികൾ തയ്യാറല്ല. നിങ്ങൾക്ക് ഒരു കാര്യത്തിലേ താൽപര്യമുള്ളു. എന്തെങ്കിലും കേരളത്തിനു കിട്ടുമെങ്കിൽ അതു മുടക്കുന്നതിൽ. മുടക്കു നിവേദനങ്ങളായി എത്തുന്ന കോൺഗ്രസും മുടക്കു നിവേദനങ്ങൾ സ്വീകരിച്ച് അംഗീകരിക്കുന്ന കേന്ദ്ര ബിജെപി ഭരണവും തമ്മിലാണു സത്യത്തിൽ അവിശുദ്ധ ബന്ധമുള്ളത്. നിങ്ങളെ തെരഞ്ഞെടുത്തയച്ചു എന്ന കുറ്റത്തിന് എന്തിനിങ്ങനെ കേരളത്തെ ശിക്ഷിച്ചു എന്ന ചോദ്യം മുൻനിർത്തി നിങ്ങളെ കേരളജനത വിചാരണ ചെയ്യും.**




# കേരളത്തെ സമഗ്രമായി മാറ്റാൻ ലക്ഷ്യമിടുന്ന ബജറ്റ്

**കാൽ നൂറ്റാണ്ടിനുള്ളിൽ കേരളത്തെ ഏതൊരു വികസിതരാജ്യത്തോടും സമാനമായ അടിസ്ഥാന സൗകര്യ വികസനത്തിലേക്കും ജീവിത സൗകര്യങ്ങളിലേക്കും ഉയർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യമാണ് എൽ.ഡി.എഫ് സർക്കാരിനുള്ളത്. കേരളീയ സമൂഹത്തിലെ ഓരോ പ്രവണതയും മനസ്സിലാക്കി വികസനത്തെ ദിശാബോധത്തോടെ നയിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി തയ്യാറാക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കേരളത്തെ സമഗ്രമായി മാറ്റാൻ പര്യാപ്തമായവയാണ്.**

കേരള ബജറ്റുകൾക്ക് മഹത്തായ ഒരു ചരിത്രമുണ്ട്. 1957ലെ ആദ്യ ബജറ്റ് മുതലിങ്ങോട്ട് കേരളത്തിന്റെ വികസനവും ഭാവിയും ലക്ഷ്യമിടുന്ന നയരേഖയായി അവയ്ക്ക് മാറാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക കേരളത്തെ സൃഷ്ടിക്കുന്നതിൽ ഉജ്ജ്വലമായ പങ്ക് വഹിച്ചവയാണ് എൽ.ഡി.എഫ് സർക്കാരുകൾ അവതരിപ്പിച്ച സംസ്ഥാന ബജറ്റുകൾ. അനുകൂലമായും പ്രതികൂലമായുമുള്ള ചർച്ചകളും അഭിപ്രായങ്ങളും ബജറ്റുകളെ കുറിച്ച് ഉയർന്നുവരുന്നത് സ്വാഭാവികമാണ്. എന്നാൽ ബജറ്റിന്റെ ഉള്ളടക്കത്തെ സ്പർശിക്കാതെ, മരം മറഞ്ഞ് കാടുകാണാൻ കഴിയാതെ രാഷ്ട്രീയ സങ്കുചിതത്വത്തിലേക്ക് ആ ചർച്ചകൾ ചുരുങ്ങിപോകാറുണ്ട്.

2022-23ലെ ബജറ്റിന്റെ ഫോക്കസ് അറിവിനെ ഉൽപ്പാദന മൂല്യത്തിലേക്ക് പരിവർത്തനം ചെയ്യാനുതകുന്ന വിധത്തിൽ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയെ സംസ്ഥാനത്ത് സൃഷ്ടിക്കുക എന്നതായിരുന്നു. അതിനുതകുന്ന നിരവധി പദ്ധതികളും ആശയങ്ങളും ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നു. അവയിൽ ഭൂരിഭാഗം പദ്ധതികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലേക്ക് എത്തുകയും ചെയ്തു. നിർവ്വഹണം പൂർത്തിയായവയുണ്ട്, സ്ഥലമേറ്റെടുത്തവയുണ്ട്, നിർമ്മാണം നടക്കുന്നവയുണ്ട്, പ്രാരംഭ പഠനം നടന്നുവരുന്നവയുണ്ട്. ഇവയെല്ലാം നിശ്ചയദാർഢ്യത്തോടെ പൂർത്തിയാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ചില ഉദാഹരണങ്ങൾ പറയാം. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച

ഗ്രാഫീൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം 2023 സെപ്റ്റംബറിൽ ആരംഭിക്കാൻ കഴിയുന്ന രീതിയിൽ നിർമ്മാണം പുരോഗമിക്കുകയാണ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയും സീമെറ്റിനെയും നിർവ്വഹണ ഏജൻസികളും ടാറ്റാ സ്റ്റീൽ ലിമിറ്റഡിനെ വ്യാവസായിക പങ്കാളിയുമാക്കിയാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്കിനായി തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥലമേറ്റെടുത്തു. താൽക്കാലികമായി പ്രവർത്തിക്കാൻ പതിനായിരം ചതുരശ്ര അടി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കണ്ണൂർ ഐ.ടി പാർക്കിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കത്തക്ക രീതിയിലുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

2023-24ലെ ബജറ്റിൽ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രഖ്യാപനങ്ങളും ആശയങ്ങളുമാണ് അവതരിപ്പിച്ചത്. കേരളത്തിന്റെ ദീർഘകാല വികസന സാധ്യതയാണ് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നമുക്ക് മുന്നിലുള്ളത്.

വിഴിഞ്ഞം തുറമുഖം, വിഴിഞ്ഞം നാവായിക്കുളം വ്യാവസായിക ഇടനാഴി എന്നിവയുടെ വികസനവുമായി ബന്ധപ്പെട്ട് 60,000 കോടിയുടെ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഈ ബജറ്റിൽ ലക്ഷ്യമിടുന്നത്. മേക്ക് ഇൻ കേരള, വെസ്റ്റ് കോസ്റ്റ് കനാൽ എന്നീ പദ്ധതികളിലൂടെ നാടിന്റെ മുഖച്ഛായ മാറ്റാൻ ശ്രമിക്കുന്നതിനോടൊപ്പം




തന്നെ കൃഷി, വ്യവസായം, പ്രാദേശിക വികസനം തുടങ്ങിയ മേഖലകളിലെല്ലാം ഗണ്യമായ വകയിരുത്തൽ നടത്തിയിട്ടുണ്ട്. അതോടൊപ്പം വർക്ക് നിയർ ഹോം പദ്ധതിയ്ക്കായി 50 കോടി രൂപയും വർക്ക് ഫ്രം ഹോളിഡേ ഹോം 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

മേൽ പറഞ്ഞ പദ്ധതികളിലൂടെ നാടിന്റെ മുഖച്ഛായ മാറ്റാൻ ശ്രമിക്കുന്നതിനോടൊപ്പം തന്നെ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിലും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്തുവരുന്നത്. ക്ഷേമ പെൻഷൻ നൽകുന്നത് 62 ലക്ഷം പേർക്കാണ്. അതിൽ സർക്കാർ നേരിട്ട് പണം നൽകുന്നത് 57 ലക്ഷം പേർക്കും. ഇതിനായി പ്രതിവർഷം ചെലവഴിക്കുന്ന തുക 11,000 കോടി രൂപയാണ്. രാജ്യത്ത് വേറൊരു സംസ്ഥാനത്തും ഇത്രയും ബൃഹത്തായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയില്ല. ചിലർ കേന്ദ്ര സഹായത്താലാണ് സംസ്ഥാനം പെൻഷൻ നൽകുന്നത് എന്ന വാദം ഉന്നയിക്കയുണ്ടായി. പ്രതിമാസം 900 കോടി സംസ്ഥാന സർക്കാർ ചെലവഴിക്കുന്നിടത്ത് കേവലം 20 കോടി രൂപയാണ് കേന്ദ്ര വിഹിതം.

ക്ഷേമ പെൻഷനുകളുടെ വിഷയത്തിൽ മാത്രമല്ല, സാധാരണക്കാരന്റെ എല്ലാ ജീവിത വ്യവഹാര മണ്ഡലങ്ങളിലും ഇടത് സർക്കാരിന്റെ കരുതലും പരിഗണനയുമുണ്ട്. സംസ്ഥാനത്തെ 42 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ വരെ ചികിത്സ ഉറപ്പുവരുത്തുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തുണ്ട്. കഴിഞ്ഞ

**2023-24ലെ ബജറ്റിൽ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രഖ്യാപനങ്ങളും ആശയങ്ങളുമാണ് അവതരിപ്പിച്ചത്.**



വർഷം 800 കോടി രൂപയാണ് കാരുണ്യ പദ്ധതിയ്ക്കായി സർക്കാർ അനുവദിച്ചത്.

2000 കോടി രൂപയാണ് കഴിഞ്ഞ രണ്ട് ബജറ്റുകളിലും വിലക്കയറ്റം തടയാൻ വേണ്ടി സർക്കാർ നീക്കിവെച്ചത്. നെല്ലും നാളീകേരവും റബ്ബറും സംഭരിക്കാനും അവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കാനും സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്.

പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ 2 രൂപയുടെ സെസ്സ് ഏർപ്പെടുത്തി അത് പാവങ്ങൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള സീഡ് ഫണ്ടിലേക്ക് വകയിരുത്തിയതാണ് ഏറ്റവും വലിയ ചർച്ചയായത്. ജനങ്ങൾക്കും ചെറിയ ബുദ്ധിമുട്ടുകൾ ഇതിലൂടെ ഉണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. മദ്യവിലയിലുണ്ടായ വർദ്ധനവ് 2% മുതൽ 4% വരെയാണ്. കേരളത്തിലെ ഭൂമി ന്യായവില ഉൾപ്പടെയുള്ള മിക്കവാറും നികുതികൾ ദീർഘകാലത്തിന് ശേഷമാണ് പരിഷ്കരിക്കപ്പെടുന്നത്. പ്രളയം, കോവിഡ് തുടങ്ങിയ കാരണങ്ങളാൽ എല്ലാ നികുതി വർദ്ധനവുകളും മാറ്റിവെച്ചിരിക്കുകയായിരുന്നു. കാലാനുസൃതമായി നികുതികൾ പരിഷ്കരിക്കപ്പെടേണ്ടത് ആരോഗ്യമുള്ളൊരു സമ്പദ് വ്യവസ്ഥയ്ക്ക് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. പൊതുവിതരണ സമ്പ്രദായം, പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം സർക്കാർ നടത്തുന്ന ഇടപെടൽ ജനങ്ങളുടെ ജീവിതചെലവിൽ ഗുണപരമായ വ്യത്യാസം വരുത്തിയിട്ടുണ്ട്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ ചെന്നെത്താത്ത ജനവിഭാഗങ്ങൾ സംസ്ഥാനത്ത് കുറവാണെന്നു പറയാം.

പതിനായിരക്കണക്കിന് കോടി രൂപയുടെ ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും യാതൊരു മുടക്കവുമില്ലാതെ ഏറ്റെടുത്തതിന്റെ ഭാഗമായും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനർഹമായ സാമ്പത്തിക വിഹിതം നിഷേധിക്കുന്നതിന്റെയും വെട്ടിക്കുറയ്ക്കുന്നതിന്റെയും ഭാഗമായി ഒരു ധനഞെരുക്കം സംസ്ഥാനത്തുണ്ടായിട്ടുണ്ട്.നിരവധി തവണ മാധ്യമങ്ങളോടും പൊതുജനങ്ങളോടും സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി അവതരിപ്പിച്ചിട്ടുള്ളതാണ്; അതിവിടെ ആവർത്തിക്കുന്നില്ല.

രാജ്യത്ത് ഏറ്റവും ഉയർന്ന പെട്രോൾ വില കേരളത്തിലാണെന്ന് ഒരു പ്രചരണമുണ്ട്. കേരളത്തിനേക്കാൾ പെട്രോളിന് വിലയുള്ള അഞ്ച് സംസ്ഥാനങ്ങളെങ്കിലും ഉണ്ട്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനും ഇതിൽപ്പെടും. ആന്ധ്രാ പ്രദേശ്, ബീഹാർ, മധ്യപ്രദേശ്, തെലങ്കാന എന്നിവയാണ് കേരളത്തെക്കാൾ പെട്രോൾ വില കൂടുതലുള്ള മറ്റ് സംസ്ഥാനങ്ങൾ.

കേരളം ഇന്നു നേരിടുന്നത് രണ്ടാം തലമുറ വികസന പ്രശ്നങ്ങളാണ് എന്ന് ബജറ്റ് എടുത്തുപറയുന്നുണ്ട്. കേരളത്തിന്റെ ജനസംഖ്യാ ഘടനയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനന നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ വിഷയങ്ങളെല്ലാം കണക്കിലെടുത്ത് കാൽ നൂറ്റാണ്ടിനുള്ളിൽ കേരളത്തെ ഏതൊരു വികസിതരാജ്യത്തോടും സമാനമായ അടിസ്ഥാന സൗകര്യ വികസനത്തിലേക്കും ജീവിത സൗകര്യങ്ങളിലേക്കും ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യമാണ് എൽ.ഡി.എഫ് സർക്കാരിനുള്ളത്.ആ ലക്ഷ്യം മുൻനിർത്തിയാണ് ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. കേരളീയ സമൂഹത്തിലെ ഓരോ പ്രവണതയും മനസ്സിലാക്കി വികസനത്തെ ദിശാബോധത്തോടെ നയിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി തയ്യാറാക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കേരളത്തെ സമഗ്രമായി മാറ്റാൻ പര്യാപ്തമായവയാണ്. ●

# കേരളം
നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്

# വികസന പ്രവർത്തനവുമായി മുന്നോട്ട്



പി.നന്ദകുമാർ എം.എൽ.എ

**വരുമാനപരിമിതികളിലും കേന്ദ്രം സാമ്പത്തികമായി ഞെരുക്കുമ്പോഴും കേരളത്തിൽ ക്ഷേമ പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്. കേന്ദ്രസർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുക്കേണ്ടിവരും. കേരള ബജറ്റ് ജനക്ഷേമവും ഭാവി കേരളത്തിന്റെ വികസനവും ലക്ഷ്യം വയ്ക്കുന്നതാണ്.**

ലോകത്തെമ്പാടുമുള്ള മുതലാളിത്ത വ്യവസ്ഥ തകർച്ചയിലേക്ക് കൂപ്പു കുത്തുകയാണെന്ന് മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞന്മാർ തന്നെ വിലയിരുത്തിയിരിക്കുകയാണ്. ഐഎംഎഫ്, ലോകബാങ്ക്, ജി 20 യോഗ പ്രഖ്യാപനവും ഇത് തന്നെയാണ് പറഞ്ഞത്.

കേരളം കടക്കെണിയിൽ ആണെന്നാണ് പ്രതിപക്ഷവും എൽഡിഎഫ് വിരോധം വെച്ചു പുലർത്തുന്ന ചില പത്രങ്ങളും ചില ബ്യൂറോക്രാറ്റുകളും പറയുന്നത്. ലോകത്തിന്റെയും ഇന്ത്യയുടെയും അവസ്ഥ അവർ കാണുന്നില്ല. ഇതര സംസ്ഥാനങ്ങളെപ്പറ്റി മിണ്ടുന്നില്ല. കേന്ദ്രസർക്കാരിന്റെ റവന്യൂ ബോറോയിംഗ് 34 ശതമാനമാണ്. പ്രസ്തുത കടത്തിന്റെ പലിശ 20 ശതമാനമാണ്. കേന്ദ്രധനക്കമ്മി 6.4 ശതമാനമാണ്. ഫെബ്രുവരി 18 ന് കേന്ദ്രധനകാര്യ മന്ത്രി അവതരിപ്പിച്ച ബജറ്റ് നിരാശാജനകമാണ്. 2024 ലെ തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ടുള്ള ബജറ്റാണ് എന്നാണ് പത്രങ്ങളെല്ലാം എഴുതിയത്.

എന്നാൽ ഒരു ജനക്ഷേമകാര്യങ്ങളും ബജറ്റിൽ ഇല്ല എന്നു മാത്രമല്ല, നിലവിൽ നൽകിയിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുകയാണ് ചെയ്തത്.

വിലക്കയറ്റം രൂക്ഷമായ സമയത്ത് പൊതുവിതരണശൃംഖല ശക്തിപ്പെടുത്താൻ കേന്ദ്ര ബജറ്റ് ശ്രദ്ധിക്കുന്നില്ല എന്നത് അപലപനീയമാണ്. തൊഴിലുറപ്പ് പദ്ധതിക്ക് ദയാവധം പ്രഖ്യാപിച്ചിരിക്കുകയാണ്. ക്ഷേമപദ്ധതികൾ മൊത്തത്തിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ന്യൂനപക്ഷ വികസനപദ്ധതികൾക്കായുള്ള ഫണ്ട് 66.30 ശതമാനമാണ് വെട്ടിക്കുറച്ചത്. പെട്രോളിയം, സബ്സിഡി 75.38 ശതമാനമാണ് വെട്ടിക്കുറച്ചത്. എൽപിജി സബ്സിഡി 61 ശതമാനവും വെട്ടിക്കുറച്ചു, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ. വൻ വെട്ടിക്കുറവ് വരുത്തി. വെട്ടിക്കുറവുകളുടെ കണക്ക് നിരത്തുകയാണെങ്കിൽ നിരവധിയാണ്.

എന്നാൽ വരുമാനപരിമിതികളിലും കേന്ദ്രം സാമ്പത്തികമായി ഞെരുക്കുമ്പോൾ കേരളത്തിൽ ക്ഷേമപദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്.

ഈ സാഹചര്യത്തിൽ കേരളത്തിലെ ബജറ്റിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കണം.

1. **അടിസ്ഥാന സൗകര്യവികസനം**
2. **സ്വകാര്യ നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികൾ**
3. **മേക്ക് ഇൻ കേരള പദ്ധതി**
4. **വിഴിഞ്ഞം തുറമുഖ ഇടനാഴി**
5. **വ്യവസായ ഇടനാഴികൾ തുടങ്ങിയവയിലൂടെ വ്യാവസായിക മേഖലയിലെ കുതിപ്പാണ് ലക്ഷ്യമിടുന്നത്.**

മസ്തിഷ്ക ചോർച്ച തടയാനും യുവാക്കൾക്ക് ഇവിടെ തന്നെ ജോലി ലഭ്യമാക്കാനുമുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കാർഷികമേഖലയ്ക്കു നല്ല പിൻതുണയാണ് ബജറ്റിൽ ഉള്ളത്. റബ്ബർ സബ്സിഡി, നെൽകൃഷി വികസന പദ്ധതി, നാളികേരത്തിന് തറവില കൂട്ടിയത് എന്നിവ ഉദാഹരണം. അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള പദ്ധതികളും പ്രശംസനീയമാണ്. വിപണി ഇടപെടലിന് 2000 കോടിയാണ് നീക്കി വെച്ചത്. എല്ലാവർക്കും നേത്രാരോഗ്യം എന്ന ലക്ഷ്യത്തോടെ എല്ലാ കുടുംബങ്ങളെയും കാഴ്ച പരിശോധനക്ക് വിധേയമാക്കുന്ന "നേർകാഴ്ച" പദ്ധതി ശ്ലാഘനീയമാണ്.

പരമ്പരാഗത മേഖലയിലെ കയർ, കൈത്തറി, കശുവണ്ടി മേഖലയ്ക്ക് നൽകിയ സഹായം ശ്രദ്ധേയമാണ്. എന്നാൽ കള്ള് ചെത്ത് വ്യവസായത്തെ വിസ്മരിച്ചത് ശരിയായില്ല എന്നും വിമർശനമുണ്ട്. ആശാവർക്കർമാരോടു എടുക്കുന്ന സമീപനത്തിൽ മാറ്റം വേണം.

നമ്മുടെ രാജ്യത്ത് വളർന്ന വരുന്ന ഒരു മേഖലയാണ് ഗിഗ്പ്ലാറ്റ്ഫോം തൊഴിലാളികൾ. അവർക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കണം.

കേന്ദ്രസർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുക്കേണ്ടിവരും.

2016ൽ യുഡിഎഫ് കാലത്ത് ഖജനാവിന്റെ സ്ഥിതി എന്തായിരുന്നു. കരാറുകാർക്ക് കൊടുക്കാൻ 3000 കോടിയിലധികം. ട്രഷറി കാലിയും, അടച്ചുപൂട്ടലും, ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ച് പൂട്ടൽ, ക്ഷേമ പെൻഷൻ 600 രൂപയാണ് കൊടുത്തിരുന്നത്. അത് മാസങ്ങളോളം കുടിശിഖ. ധന റവന്യൂ കമ്മികൾ കൂടിവന്ന ബജറ്റ് പ്രഖ്യാപനങ്ങൾ കടലാസ്സിൽ.

പഴയതും പുതിയതുമായ വിജ്ഞാനത്തെ ഉൾച്ചേർത്തുകൊണ്ട് പ്രയോഗത്തിൽ കൊണ്ടുവരാനുള്ള ടെക്നോ ക്രാറ്റുകളെയും ബുദ്ധിജീവികളെയും ഉപയോഗപ്പെടുത്തണം. കേരള ബജറ്റ് ജനക്ഷേമവും ഭാവി കേരളത്തിന്റെ വികസനവും ലക്ഷ്യം വയ്ക്കുന്നതാണ്.


പാമ്പാടി സർവീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 831 H.O സൗത്ത് പാമ്പാടി

ഫോൺ : 0481 2504191

www.pampadyscb.com

Email:pscb831@gmail.com

കോട്ടയം ജില്ലയിലെ No.1 സഹകരണ സ്ഥാപനം

2020–21, 2021–22 വർഷം കോട്ടയം ജില്ലയിലെ മികച്ച സഹകരണ ബാങ്കിനുള്ള സഹകരണ വകുപ്പിന്റെ അവാർഡ്

കഴിഞ്ഞ 14 വർഷം തുടർച്ചയായി ലാഭവീതം നൽകുന്ന ജില്ലയിലെ ഏകബാങ്ക് 20%

നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ, ഗവൺമെന്റ് സംരക്ഷണം

സ്ഥിര നിക്ഷേപങ്ങൾക്ക് പലിശനിരക്ക് വർദ്ധിപ്പിച്ചു

| | |
|---|---|
| 5 ദിവസം മുതൽ 45 ദിവസം വരെ | 5.50% |
| 46 ദിവസം മുതൽ 90 ദിവസം വരെ | 6.00% |
| 91 ദിവസം മുതൽ 179 ദിവസം വരെ | 6.50% |
| 180 ദിവസം മുതൽ 364 ദിവസം വരെ | 6.75% |
| 1 വർഷവും അതിനു മുകളിലും | 7.75% |

മുതിർന്ന പൗരന്മാർക്ക് .5 ശതമാനം അധികം പലിശ

വി. എം. പ്രദീപ് (പ്രസിഡന്റ്) 9447356817

കെ. എസ്. അമ്പിളി (സെക്രട്ടറി) 8547891085




# മുതലാളിത്ത ചൂഷണം വർദ്ധിച്ചു

**സാമ്പത്തിക അസമത്വം മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയാണ്. സമ്പന്ന വർഗ്ഗത്തിന് വലിയ നികുതി ഇളവുകളാണ് മുതലാളിത്ത രാജ്യങ്ങളിലെ ഭരണകൂടങ്ങൾ നൽകുന്നത്. കഴിഞ്ഞ 40 വർഷമായി തുടരുന്ന പ്രവണതയാണിത്. 2022ലെ 'അസമത്വറിപ്പോർട്ട് ഓക്സ്ഫാം' പറഞ്ഞത് "ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക അസമത്വമുള്ള രാജ്യമാണ്." എന്നാണ്. 'ഓക്സ്ഫാം 2023' റിപ്പോർട്ടിൽ, ഇന്ത്യയിൽ ധനവാനും ദരിദ്രനും തമ്മിലുള്ള സാമ്പത്തിക അസമത്വം കുത്തനെ ഉയർന്നതായി റിപ്പോർട്ട് ചെയ്യുന്നു.**

മുതലാളിത്ത സാമ്പത്തിക വ്യവസ്ഥ മനുഷ്യരാശിയെയും, പ്രകൃതിവിഭവങ്ങളെയും ചൂഷണം ചെയ്യുന്നതിന്റെ തീവ്രത വർദ്ധിക്കുകയാണ്. നവഉദാരവൽകരണ നയങ്ങൾ, സമ്പത്ത് ഒരുപിടി അതിസമ്പന്നന്മാരിൽ കേന്ദ്രീകരിക്കാൻ അവസരം ഒരുക്കുന്നു. ശാസ്ത്രവും, സാങ്കേതിക വിദ്യകളും വികസിക്കുന്നതിന്റെ നേട്ടം മഹാഭൂരിപക്ഷം ജനങ്ങൾക്കും ലഭിക്കുന്നില്ല. മുതലാളിത്ത വ്യവസ്ഥയെ തകർത്ത് സോഷ്യലിസത്തിലേക്ക് മുന്നേറാനുള്ള പോരാട്ടം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നതാണ് ലോകസാഹചര്യം.

എല്ലാ വർഷവും ജനുവരിയിൽ സ്വിറ്റ്സർലന്റിലെ ദാവോസ് നഗരത്തിൽ ലോകത്തിലെ വികസിത രാഷ്ട്രത്തലവന്മാരുടെ സമ്മേളനം (ജി 20) ചേരാറുണ്ട്. ഈ സമയത്താണ് 'ഓക്സ്ഫാം' എന്ന ഏജൻസി സാമ്പത്തിക അസമത്വം സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുള്ളത്. 2023 ലെ ഓക്സ്ഫാം റിപ്പോർട്ട് ആരെയും ഞെട്ടിപ്പിക്കുന്നതാണ്.

- കഴിഞ്ഞ ദശകത്തിൽ (2011- 20) ലോകത്ത് സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ പകുതിയും കരസ്ഥമാക്കിയത് ലോക ജനതയുടെ 1 ശതമാനം വരുന്ന "അതിസമ്പന്ന"രാണ്. ശതകോടീശ്വരന്മാരുടെ സമ്പത്ത് ദിനംപ്രതി 2.7 ബില്യൻ (1 ബില്യൻ = 100 കോടി) ഡോളർ വീതം വർദ്ധിച്ചപ്പോൾ 170 കോടി തൊഴിലാളികൾ വേതനത്തിന്റെ മൂല്യം കുറക്കുന്ന തീവ്രമായ വിലക്കയറ്റത്തിന്റെ ആഘാതത്തിലായിരുന്നു ജീവിതം നയിച്ചത്.
- ലോകത്തിലെ അതിസമ്പന്നരുടെ സമ്പ






**2020ന് ശേഷം ലോകത്ത് സൃഷ്ടിക്കപ്പെട്ട സമ്പത്ത് ഏകദേശം 42 ലക്ഷം കോടി ഡോളർ വരും. അതിന്റെ മൂന്നിൽ രണ്ട് ഭാഗം കയ്യടക്കിയത് ലോകജനതയിലെ ഒരു ശതമാനം വരുന്ന സമ്പന്ന വർഗ്ഗമാണ്. 99 സതമാനം ജനങ്ങൾക്ക് ലഭിച്ച സമ്പത്തിന്റെ ഇരട്ടിയാണിത്. സാധാരണ ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് കൂപ്പ്കുത്തുമ്പോൾ, കോർപറേറ്റുകൾ സമ്പത്ത് വാരിക്കൂട്ടുന്ന ഒരു ദശകമാണ് നാം പിന്നിട്ടത്.**

ത്തിന്മേൽ 5 ശതമാനം നികുതി ചുമത്തിയാൽ 1.7 ട്രില്യൻ ഡോളർ (1 ട്രില്യൻ = 1 ലക്ഷം കോടി) ലഭ്യമാകും. 200 കോടി ജനങ്ങളെ പട്ടിണിയിൽനിന്നും കരകയറ്റാൻ ഈ തുക മതി.

- 2020 ന് ശേഷം ലോകത്ത് സൃഷ്ടിക്കപ്പെട്ട സമ്പത്ത് ഏകദേശം 42 ലക്ഷം കോടി ഡോളർ വരും. അതിന്റെ മൂന്നിൽ രണ്ട് ഭാഗം കയ്യടക്കിയത് ലോകജനതയിലെ 1 ശതമാനം വരുന്ന സമ്പന്ന വർഗ്ഗമാണ്. 99 ശതമാനം ജനങ്ങൾക്ക് ലഭിച്ച സമ്പത്തിന്റെ ഇരട്ടിയാണിത്. സാധാരണ ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് കൂപ്പ്കുത്തുമ്പോൾ, കോർപറേറ്റുകൾ സമ്പത്ത് വാരിക്കൂട്ടുന്ന ഒരു ദശകമാണ് നാം പിന്നിട്ടത്.

സമ്പന്ന വർഗ്ഗത്തിന് വലിയ നികുതി ഇളവുകളാണ് മുതലാളിത്ത രാജ്യങ്ങളിലെ ഭരണകൂടങ്ങൾ നൽകുന്നത്. കഴിഞ്ഞ 40 വർഷമായി തുടരുന്ന പ്രവണതയാണിത്.

- കോവിഡ് മഹാമാരികാലത്ത് 2020 ന് ശേഷമുള്ള കാലത്ത് ലോകത്താകെ സൃഷ്ടിക്കപ്പെട്ട സമ്പത്തിൽ 26 ലക്ഷം കോടി ഡോളർ, ശതകോടീശ്വരന്മാർ(ലോക ജനതയുടെ ഒരു ശതമാനം)കയ്യടക്കി. 99 ശതമാനം വരുന്ന മറ്റുള്ളവർക്കാകെ ലഭിച്ചത് 16 ലക്ഷം കോടി ഡോളർ (37 %) മാത്രമാണ്. ദിവസേന 2.7 ബില്യൻ ഡോളർ വീതമാണ് കുത്തകകളുടെ സമ്പത്ത് ഈ കാലത്ത് വർദ്ധിച്ചുകൊണ്ടിരുന്നത്.
- 2022ൽ ഏറ്റവും കൂടുതൽ സമ്പത്ത് വാരിക്കൂട്ടിയത് ഭക്ഷ്യഊർജ്ജ മേഖലകളിലെ കുത്തകകളാണ്. ഈ മേഖലയിലെ 95 കുത്തകകൾ 2022 ൽ അവരുടെ ലാഭം ഇരട്ടിയാക്കി. അവർ നേടിയ ലാഭം ഏകദേശം 306 ബില്യൻ ഡോളർ ആണ്. 'വാൾമാർട്ട്' എന്ന കമ്പനിയുടെ പകുതി ഓഹരികളുടെ ഉടമയായ "വാൾടൺ ഡൈനാസ്റ്റി" കഴിഞ്ഞ വർഷം സ്വന്തമാക്കിയത് 8.5 ബില്യൻ ഡോളർ (71,400 കോടി രൂപ) ആണ്. ഇന്ത്യൻ കുത്തക മുതലാളിയായ ഗൗതം അദാനിയുടെ സമ്പത്ത് (ഊർജ്ജ മേഖലയിലെ വൻകിടകുത്തക) 2022 ൽ 42 ബില്യൻ ഡോളർ ഉയർന്നു.അതേസമയം വിലക്കയറ്റം മൂലം വരുമാനത്തിന്റെ മൂല്യ

ത്തിൽ ഉണ്ടായ ഇടിവ് നേരിടേണ്ടിവന്നത് 170 കോടി തൊഴിലാളികളാണ്.

- ഏകദേശം 820 ദശലക്ഷം ജനങ്ങൾ (ഭൂമിയിലെ ജനസംഖ്യയുടെ 10 ൽ 1 ഭാഗം) ഈ സമയത്ത് പട്ടിണിയിലായിരുന്നു. ലോകജനസംഖ്യയിലെ ഏകദേശം 60 ശതമാനം ജനങ്ങളും അതിദാരിദ്ര്യം നേരിടുന്നു. ലോകത്തിലെ നാലിൽ മൂന്ന് ഭാഗം വരുന്ന സർക്കാരുകളും ചെലവ് ചുരുക്കൽ നയം നടപ്പാക്കുകയാണ്. വിദ്യാഭ്യാസംആരോഗ്യസംരക്ഷണം മുതലായ മേഖലകളെ അടുത്ത 5 വർഷക്കാലം ഏകദേശം 7.8 ലക്ഷം കോടി ഡോളർ വെട്ടിക്കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ദശകങ്ങളായി സമ്പന്നർക്ക് ലഭിക്കുന്ന നികുതി ഇളവുകൾ സാമ്പത്തിക അസമത്വം വർദ്ധിക്കാനിടയാക്കി. പല രാജ്യങ്ങളിലും പാവപ്പെട്ടവർ ഉയർന്ന നികുതി നൽകാൻ ബാദ്ധ്യസ്ഥരാണ്.
- ലോകത്തിലെ ഒരു അതിസമ്പന്നനായ 'ഇലോൺ മസ്ക്' 2014 നും 2018 നും ഇടയിൽ 3 ശതമാനം നികുതിയാണ് നൽകിയത്. അതേസമയം ഉഗാണ്ടയിലെ ഒരു ചെറുകച്ചവടക്കാരി പ്രതിമാസം 80 ഡോളർ നേടുമ്പോൾ നല്കേണ്ടി വന്നത് 40 ശതമാനം നികുതിയാണ്.
- ലോകത്തിലെ അതിസമ്പന്നരിൽ പകുതി ജീവിക്കുന്നത് പാരമ്പര്യസമ്പത്തിന്മേൽ ഒരു നികുതിയും കൊടുക്കേണ്ടാത്ത രാജ്യങ്ങളിലാണ്. അവർ അവരുടെ പിൻഗാമികൾക്ക് മാറ്റിവെക്കുന്നത് ഏകദേശം 5 ലക്ഷം കോടി ഡോളറാണ് (ഇതിന് നികുതിയില്ല). ഈ തുക ആഫ്രിക്കയിലെ മൊത്തം ജിഡിപിയെക്കാൾ കൂടുതലാണ്.

ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർദ്ധിച്ച് വരികയാണ്. പട്ടികവർഗ്ഗ ജനതയെപോലുള്ള വിഭാഗം കടുത്ത ദാരിദ്ര്യവും ജീവിത പ്രശ്നങ്ങളുമാണ് നേരിടുന്നത്. ഒരു ഭാഗത്ത്, ഒരു പിടി സമ്പന്നന്മാർ അവരുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നു. അവർ ഭരണതലത്തിൽ സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതേസമയം മറ്റൊരുകൂട്ടർ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുന്നു.

'ഓക്സ്ഫാം'2023 റിപ്പോർട്ടിൽ, ഇന്ത്യയിൽ ധനവാനും ദരിദ്രനും തമ്മിലുള്ള സാമ്പത്തിക അസമത്വം കുത്തനെ ഉയർന്നതായി റിപ്പോർട്ട് ചെയ്യുന്നു.

- 2019ൽ കോവിഡ് വ്യാപിച്ച ശേഷം ജനസംഖ്യയുടെ 50 ശതമാനത്തിന്റെ2020-ലെ മൊത്തം വരുമാനം ദേശീയ വരുമാനത്തിന്റെ 13 ശതമാനം മാത്രമായിരുന്നു. ഇത് രാജ്യത്തെ ആകെ സമ്പത്തിന്റെ 3 ശതമാനം മാത്രമാണ്. ഇതിന്റെ പ്രത്യാഘാതം കുറഞ്ഞഭക്ഷണം, പട്ടിണിമരണം, കടഭാരം വർദ്ധിക്കൽ എന്നിവയാണ്.
- രാജ്യത്തെ 30 ശതമാനം ജനങ്ങൾ രാജ്യത്തെ ആകെ സമ്പത്തിന്റെ 90 ശതമാനത്തിന്റെ ഉടമകളാണ്. ഏറ്റവും മുകൾതട്ടിലുള്ള 10 ശതമാനം അതിസമ്പന്നരുടെ കയ്യിലെത്തുന്നത് 80 ശതമാനമാണ്. മുകൾതട്ടിലെ 5 ശതമാനം കൈവശപ്പെടുത്തിയത് 62 ശതമാനം സമ്പത്തുമാണ്.
- ഇന്ത്യയിലാണ് ലോകത്തിലെ ഏറ്റവും അധികം ദരിദ്രർ - 228.9 ദശലക്ഷം. അതേസമയം, രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 2020 ൽ 102 ആയിരുന്നത് 2022 ൽ 166 ആയി ഉയർന്നു. ഇന്ത്യയിലെ 100 അതിസമ്പന്നന്മാരുടെ സമ്പത്ത് 54.12 ലക്ഷം കോടി രൂപയാണ്. ഏറ്റവും മുകളിലുള്ള 10 അതിസമ്പന്നന്മാരുടെ ആകെ സമ്പത്ത് 27.52 ലക്ഷം കോടി രൂപയാണ്. ഈ തുക 2021ലേതിനെക്കാൾ 32.8 ശതമാനം ഉയർന്നതാണ്.
- കോവിഡിന് മുമ്പ് 2019 ൽ മോഡി സർക്കാർ കോർപറേറ്റ് നികുതി 30 ശതമാനത്തിൽ നിന്ന് 22 ശതമാനമാക്കി കുറച്ചു. പുതുതായി ആരംഭിക്കുന്ന കമ്പനികളുടെ നികുതി നിരക്ക് 15 ശതമാനമാക്കി, നികുതി നിരക്കിലെ കുറവ് ഒരു വർഷത്തെ വരുമാനത്തിൽ 1.84 ലക്ഷം കോടി രൂപയുടെ കുറവുണ്ടാക്കി. വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ ജിഎസ്ടി നിരക്ക് വർദ്ധിപ്പിച്ചു. പെട്രോളിയം ഉൽപന്നങ്ങളുടെ എക്സൈസ് നികുതിയും വർദ്ധിപ്പിച്ചു. ഈ വർദ്ധനവിന്റെ ഭാരം മുഴുവൻ വന്ന് ചേരുന്നത് സാധാരണക്കാരും, പാവപ്പെട്ടവരുമായ ജനങ്ങളുടെ ചുമലിലാണ്.

## ഇന്ത്യ ലോകത്തിലെ ഏറ്റവും സാമ്പത്തിക അസമത്വമുള്ള രാജ്യം

2022 ലെ "അസമത്വറിപ്പോർട്ട് ഓക്സ്ഫാം" പറഞ്ഞത് "ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക അസമത്വമുള്ള രാജ്യമാണ്." എന്നാണ്. ഇന്ത്യയിൽ ദാരിദ്ര്യത്തിൽ കഴിയുന്നവരുടെ എണ്ണം 228.9 ദശലക്ഷമാണ്. മതിയായ ഭക്ഷണം ലഭിക്കാത്തത് മൂലം വർഷത്തിൽ മരണപ്പെടുന്നത് 1.7 ദശലക്ഷം മനുഷ്യരാണ്. 2020 ൽ ജനസംഖ്യയുടെ പകുതിപേർക്ക് രാജ്യത്തെ വാർഷിക വരുമാനത്തിന്റെ 13 ശതമാനം മാത്രമാണ് ലഭിച്ചിരുന്നത്.

- ഇന്ത്യൻ ജനത ആരോഗ്യസംരക്ഷണത്തിനായി ഒരു വർഷം ചെലവഴിക്കുന്നത് 2,87,573 കോടി രൂപയാണ്. രാജ്യത്തിന്റെ ആകെ ആരോഗ്യമേഖലയിലെ ചെലവ് 5,40,246 കോടി രൂപയാണ്. ഇതിൽ സർക്കാർ ചെലവ് 2,42,219 കോടി രൂപ മാത്രമാണ്.
- സ്ത്രീകൾ കുടുംബനാഥകളായ വീടുകളിൽ ആകെയുള്ള ജനങ്ങൾ 39 ദശലക്ഷമാണ്. രാജ്യത്തെ തൊഴിലാളികളിൽ ഭൂരിപക്ഷവും അനൗപചാരിക മേഖലയിൽ ദിവസകൂലിക്ക് ജോലിചെയ്യുന്നവരാണ്. അവർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല. നിശ്ചിത ശമ്പളമോ, മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളോ ഇല്ല.

സ്വകാര്യസമ്പത്ത് വർദ്ധിക്കുന്നതിനനുസരിച്ച് രാജ്യത്ത് പൊതുസമ്പത്ത് കുറയുന്നുവെന്നാണ് പ്രമുഖ സാമ്പത്തിക വിദഗ്ധ ജയതിഘോഷ് പറയുന്നത് "പൊതുമേഖലയിൽ നിന്നുള്ള സർക്കാർ വരുമാനം കുറയുന്നു." ഇത് സർക്കാർ ചെലവുകളെ ബാധിക്കും. 2004-2019 കാലത്ത്, ഇന്ത്യയുടെ സാമ്പത്തിക വളർച്ച 5.2 ശതമാനം മുതൽ 8.5 ശതമാനം വരെയായിരുന്നു. സമ്പന്നരുടെ മേഖലയിലാണ് വളർച്ചയുടെ ഏറിയ പങ്കും.



## ഓക്സ്ഫാം റിപ്പോർട്ട് 2023

അതുകൊണ്ട് തന്നെ രാജ്യത്ത് സാമ്പത്തിക അസമത്വം വർദ്ധിച്ചു.

ജനസംഖ്യയിൽ അതിസമ്പന്നരായ 10 ശതമാനം പേരുടെ സമ്പത്ത് 1981 നും 2012 നും ഇടയിൽ ആകെ സമ്പത്തിന്റെ 45 ശതമാനത്തിൽ നിന്നും 63 ശതമാനമായി ഉയർന്നു. ഈ പത്ത് ശതമാനത്തിന്റെ സമ്പത്തിന്റെ സിംഹഭാഗവും അവരിൽ 1 ശതമാനത്തിന്റെ കയ്യിലാണ്. അതേസമയം ജനസംഖ്യയുടെ താഴെതട്ടിലുള്ള 50 ശതമാനത്തിന്റെ ആകെ സമ്പത്ത് 2019ൽ വെറും 3 ശതമാനമാണ്. മുകൾത്തട്ടിലുള്ള 10 ശതമാനം സമ്പന്നർ 2021 ൽ ആകെ സമ്പത്തിന്റെ 72 ശതമാനം കരസ്ഥമാക്കി. ഏറ്റവും മുകൾതട്ടിലുള്ള 5 ശതമാനം സമ്പന്നരുടെ വിഹിതം ആകെ സമ്പത്തിന്റെ 5 ൽ 3 ഭാഗമായിരുന്നു (ഏകദേശം 62 ശതമാനം).

സാമ്പത്തിക അസമത്വം മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയാണ്. ഈ വസ്തുത തൊഴിലാളികളെ നന്നായി ബോധ്യപ്പെടുത്തണം. തൊഴിലാളിവർഗ സിദ്ധാന്തത്തിന്റെ ശരി ബോധ്യപ്പെടുത്തുന്ന ഈ കാര്യങ്ങൾ സംഘടനാ പ്രവർത്തകർ നന്നായി പഠിച്ച് ക്യാമ്പയിൻ ചെയ്യണം.●

അദാനി കുംഭകോണം

# ചീഞ്ഞു നാറുന്നത് ഡെൻമാർക്കിലല്ല




**20000 കോടി രൂപയുടെ ഓഹരിവിൽപ്പനക്കുള്ള നടപടിക്കു തൊട്ടുമുൻപാണ് ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തു വന്നത്. കോർപ്പറേറ്റു ലോകം മൗനത്തിലാണ്. പ്രധാനമന്ത്രിയും മൗനത്തിലാണ്. ബിജെപിക്ക് മിണ്ടാട്ടമില്ല. മല്ല്യയെപ്പോലെ, ചോക്സിയെപ്പോലെ അദാനിയും രക്ഷപെട്ടേക്കും. സഹായിക്കാൻ മോദിയും പരിവാരങ്ങളും രംഗത്തുണ്ട്. എന്നാൽ അതിനു വിലകൊടുക്കേണ്ടി വരുന്നത് ഈ നാട്ടിലെ സാധാരണക്കാരനാണ്.**



എ.സിയാവുദീൻ

നാറുന്നത് ഇന്ത്യയിലാണ്. ആ നാറ്റത്തിന്റെ കാറ്റ് ചിലപ്പോൾ ഡെൻമാർക്കിലേക്കും എത്തിയേക്കാം. ചങ്ങാത്ത മുതലാളിത്തം രാജ്യ ശരീരമാകെ ഒരു വൈറസ് കണക്കെ പടരുകയാണെന്ന് നേരത്തെ തന്നെ പലരും പറഞ്ഞതാണ്. മോഡി ഭരണത്തിലേറിയതിനുശേഷം ഒരു പ്രത്യേക മുതലാളി കണ്ണടച്ചു തുറക്കുന്ന വേഗതയിൽ അത്യുന്നതങ്ങളിലേക്ക് ഉയരുന്നതും ലോകത്തെ അതിസമ്പന്നരിൽ മൂന്നോ, രണ്ടോ സ്ഥാനം വരെ എത്തുന്നതുമായ 'മാജിക്' ഇന്ത്യൻ ജനത വിസ്മയത്തോടെയാണ് നോക്കിക്കണ്ടത്. എന്നാൽ ഇപ്പോൾ നാം ചർച്ച ചെയ്യുന്നത് ആ മാജിക്കിന്റെ അണിയറയിൽ നടന്ന തട്ടിപ്പും വഞ്ചനയുമാണ്.



**ജനുവരി 24ന് ഹിൻഡൻ ബർഗ് എന്ന റിസർച്ച് സ്ഥാപനം റിപ്പോർട്ടു പ്രസിദ്ധീകരിച്ചപ്പോൾ കോർപ്പറേറ്റു ലോകം മാത്രമല്ല, രാജ്യമാകെ ഞെട്ടി. 218 ബില്യൺ ഡോളറിന്റെ, അതായത് ഏകദേശം 7.8 ട്രില്യൺ രൂപയുടെ വെട്ടിപ്പാണവർ പുറത്തുകൊണ്ടു വന്നത്. അനധികൃതവും നിയമവിരുദ്ധവുമായ പണമിടപാടുകൾ, നികുതിദായകരുടെ പണം കവർന്നെടുക്കൽ, അഴിമതി എന്നിവയിലൂടെ ഏകദേശം 17 ബില്യൺ (1 ബില്യൺ 100 കോടി) ഡോളറിന്റെ ഇടപാടുകൾ സംബന്ധിച്ച് നാല് അന്വേഷണങ്ങൾ അദാനി ഗ്രൂപ്പിനെതിരെ നേരത്തെ നിലനിന്നിരുന്നു.**

1990കളിൽ പുത്തൻ സാമ്പത്തിക നയം നടപ്പാക്കി തുടങ്ങിയതിനെ തുടർന്ന് അക്കാലത്ത് ഉയർന്നു വന്ന ഒരു തിളങ്ങുന്ന താരമായിരുന്നു ഹർഷദ്മേത്ത. കേന്ദ്ര ബജറ്റ് തയ്യാറാക്കുന്നതിനുമുമ്പുള്ള കൂടിയാലോചനാവേദികളിൽ വരെ സ്ഥാനമുണ്ടായിരുന്ന ഹർഷദ് മേത്ത ബാങ്കുകളെയും റിസർവ്ബാങ്കിനെവരെയും പറ്റിച്ച് ശതകോടികളുടെ അധിപനായി.

അദാനി കുംഭകോണത്തിന്റെ അളവു വച്ചു നോക്കിയാൽ ഹർഷദ്മേത്ത വെറുമൊരു ചെറുമീൻ മാത്രമാണ്. വൻസ്രാവായ അദാനി ഇപ്പോൾ വലയിൽ വീണിരിക്കുന്നു. വലമുറിച്ചു കടക്കാനുള്ള ചതിരുപായങ്ങളും പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. ഹിൻഡൻ ബർഗ് എന്ന റിസർച്ച് സ്ഥാപനം വലയൊരുക്കി തുടങ്ങിയത് രണ്ടുവർഷം മുൻപാണ്. 2023

ജനുവരി 24 ന് അവർ റിസർച്ച് റിപ്പോർട്ടു പ്രസിദ്ധീകരിച്ചപ്പോൾ കോർപ്പറേറ്റു ലോകം മാത്രമല്ല, രാജ്യമാകെ ഞെട്ടി. 218 ബില്യൺ ഡോളറിന്റെ, അതായത് ഏകദേശം 7.8 ട്രില്യൺ രൂപയുടെ വെട്ടിപ്പാണവർ പുറത്തുകൊണ്ടു വന്നത്. അദാനി ഗ്രൂപ്പുമായി ബന്ധപ്പെട്ട ഡസൻ കണക്കിന് വ്യക്തികളുടെ, കമ്പനികളുടെ സീനിയറായ മുൻ ഉന്നത ഉദ്യോഗസ്ഥരുമായി അവർ സംസാരിച്ചു. ആയിരക്കണക്കിന് രേഖകൾ പരിശോധിച്ചു. നൂറോളം രാജ്യങ്ങളിൽ കമ്പനിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ച് വിവരം ശേഖരിച്ചു.

അനധികൃതവും നിയമവിരുദ്ധവുമായ പണമിടപാടുകൾ, നികുതിദായകരുടെ പണം കവർന്നെടുക്കൽ, അഴിമതി എന്നിവയിലൂടെ ഏകദേശം 17 ബില്യൺ (1 ബില്യൺ 100 കോടി) ഡോളറിന്റെ ഇടപാടുകൾ സംബന്ധിച്ച് നാല് അന്വേഷണങ്ങൾ അദാനി ഗ്രൂപ്പിനെതിരെ നേരത്തെ നിലനിന്നിരുന്നു എന്ന് ഹിൻഡൻബർഗ് റിപ്പോർട്ട് പറയുന്നു. നികുതി നിയന്ത്രണങ്ങളില്ലാതെ ഇടപാടുകൾ നടത്താൻ സമ്പൂർണ സ്വാതന്ത്ര്യം അനുവദിക്കുന്ന മൗറീഷ്യസ്, ഗൾഫ് രാജ്യങ്ങൾ, കരീബിയൻ ഐലന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മറ്റു രാജ്യങ്ങളിൽ നികുതി നൽകാതിരിക്കാൻ പണം കടത്തിക്കൊണ്ടുപോകുന്നു. ആ രാജ്യങ്ങളിൽ നികുതി വെട്ടിപ്പിനു മാത്രമായി സൃഷ്ടിക്കുന്ന തട്ടിക്കൂട്ടു കമ്പനികളിൽ (അവയെ ഷെൽ കമ്പനികളെന്നാണു വിളിക്കുക) നിക്ഷേപിച്ചതായി രേഖപ്പെടുത്തുന്നു. എന്നിട്ട് ആ പണം വിവിധ ചാനലുകളിലൂടെ സ്വന്തം കമ്പനികളിൽ പുനർനിക്ഷേപിക്കുന്നു. അദാനി കുടുംബത്തിലെ അംഗങ്ങൾ ഈ ഓപ്പറേഷനിൽ പങ്കാളികളാണെന്ന ആരോപണവും നിലനിന്നിരുന്നു. കയറ്റുമതിക്കും ഇറക്കുമതിക്കുമുള്ള കൃത്രിമരേഖകൾ ഈ കമ്പനികൾ തയ്യാറാക്കുന്നു. എന്നിട്ട് ആ ബിസിനസ് നടന്നതായി നിയമവിരുദ്ധമായി രേഖപ്പെടുത്തി ഓഹരിക്കമ്പോളത്തിൽ ലിസ്റ്റ് ചെയ്ത കമ്പനികളുമായി ഇടപാട് നടത്തി ഓഹരിവില ഊതി വീർപ്പിക്കുന്നു. ഇതാണ് പണം കവർന്നെടുക്കാനുള്ള ഒരു രീതി.

അതിന് ഉപോൽബലകമായ ചില കാര്യങ്ങൾ ഹിൻഡൻ ബർഗ് അന്വേഷണം ചൂണ്ടിക്കാണിക്കുന്നു. ഗൗതം അദാനിയുടെ മൂത്ത സഹോദരൻ വിനോദ് അദാനിക്ക് യാതൊരു ബിസിനസ് ഇടപാടുകളും ഇല്ലാത്ത, തൊഴിലാളികളൊന്നുമില്ലാത്ത പ്രത്യേക മേൽവിലാസമോ, ഫോൺ നമ്പരോ, ഓൺലൈൻ അഡ്രസ്പോലുമോ ഇല്ലാത്ത സ്ഥാപനങ്ങളുമായി ബന്ധമുണ്ട്. അവിടെ നിന്നും അദാനിയടക്കം ചേർന്ന് ബില്യൺ കണക്കിന് ഡോളർ നിബന്ധനകളെല്ലാം മറികടന്ന് ഇന്ത്യയിൽ ഓഹരികമ്പോളത്തിൽ ലിസ്റ്റ് ചെയ്ത പബ്ലിക്, പ്രൈവറ്റ് സ്ഥാപനങ്ങളിലേക്ക് കടത്തിക്കൊണ്ടുവന്നു.

ഇപ്രകാരമുള്ള നിയമവിരുദ്ധ

നടപടികളിലൂടെ അദാനി ഗ്രൂപ്പിൽപ്പെട്ട കമ്പനികളുടെ ഓഹരിമൂല്യം 85 ശതമാനത്തോളം പെരുപ്പിച്ചു കാണിച്ചു. അങ്ങനെ കൃത്രിമമായി വില ഉയർത്തിയ ഓഹരികൾ ഈടായി നൽകി വൻ വായ്പകൾ ബാങ്കുകളിൽനിന്ന് സംഘടിപ്പിച്ച് രണ്ടു വർഷം കൊണ്ട് ലോകത്തെ വൻ സമ്പന്നരുടെ മുൻനിരയിൽ അതിശയിപ്പിക്കുന്ന വേഗത്തിൽ എത്തി എന്നാണ് ഹിൻഡൻബർഗ് റിപ്പോർട്ട് പറയുന്നത്. വസ്തുതകളുടെ പിൻബലത്തോടെ അവർ ഇത് സമർത്ഥിച്ചിരിക്കുന്നു.

12000 കോടി ഡോളറിന്റെ സമ്പാദ്യമാണ് അദാനി ഗ്രൂപ്പിന്റെ ചെയർമാനായ ഗൗതം അദാനിക്കുള്ളത്. അതിൽ പതിനായിരം കോടി ഡോളറും സമാഹരിച്ചത് കോവിഡ് 19 കാലമായ 2020-22 ലാണ്. ഈ മൂന്നുവർഷത്തിൽ അദാനി ഗ്രൂപ്പിന്റെ 7 കമ്പനികളുടെ വളർച്ച 19 ശതമാനമാണ്. സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത കമ്പനികളിൽ കമ്പനിയുടെ പ്രമോട്ടർമാരല്ലാത്ത ഓഹരി ഉടമകൾക്ക് അവരുടെ പേരിൽ സൂക്ഷിക്കാവുന്ന പരമാവധി ഓഹരി 25 ശതമാനമാണ്. എന്നാൽ ഈ 7 കമ്പനികളിൽ നാലെണ്ണം ഈ വ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്നവയാണ്. ഹർഷദ്മേത്ത ഓഹരികുംഭകോണ കാലത്ത് അതിനൊപ്പം നാം കേട്ട പേരാണ് കേതൻ പരേഖിന്റേത്. ആ പേരും ഈ വെട്ടിപ്പു പരിപാടിയിൽ പരാമർശിക്കപ്പെടുന്നുണ്ട്. അദാനി ഗ്രൂപ്പ് കമ്പനികളിൽ 36000 കോടി രൂപയുടെ ഓഹരികൾ കൈവശമുള്ള മോണ്ടിറോസ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് എന്ന സ്ഥാപനത്തെക്കുറിച്ചും ഹിൻഡൻബർഗ് റിപ്പോർട്ട് പരാമർശിക്കുന്നുണ്ട്.

മറ്റൊന്ന് അദാനിയുടെ കമ്പനികളുടെ ഓഡിറ്റിംഗിനെക്കുറിച്ചാണ്. അതിവിപുലമായ അദാനിയുടെ സാമ്പത്തിക സാമ്രാജ്യത്വത്തിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത്. ഷാധൻധാരിയ എന്ന സ്ഥാപനമാണ്. 17 ലക്ഷം കോടി ആസ്തി മൂല്യം കണക്കാക്കുന്ന അദാനി ഗ്രൂപ്പിന്റെ ഓഡിറ്റർമാരായ ഈ സ്ഥാപനത്തിന് ഒരു വെബ്സൈറ്റ് പോലുമില്ല. കണക്കു പരിശോധിക്കാൻ ആ കമ്പനിയിൽ ആകെയുള്ളത് കേവലം 11 ജീവനക്കാർ മാത്രം. ഓഫീസ് വാടക പ്രതിമാസം 32000 രൂപ. അദാനി എന്റർപ്രൈസസ് എന്ന ഗ്രൂപ്പിനു മാത്രം 156 സബ്സിഡയറി കമ്പനികളുണ്ട്. 7 കമ്പനികൾക്കായി ബോംബെ സ്റ്റോക്ക് എകസ്ചേഞ്ച് കണക്കു പ്രകാരം 578 സബ്സിഡിയറികളുണ്ട്. അദാനിപവർ, അദാനി വിൽമാർ, അദാനി എന്റർപ്രൈസസ്, അദാനി ഗ്രീൻ എനർജി, അദാനി ടോട്ടൽ ഗ്യാസ്, അദാനി ട്രാൻസ്മിഷൻ, അദാനിപോർട്സ് എന്നിവയാണ് ഏഴ് മെയിൻ കമ്പനികൾ. റിപ്പോർട്ട് പ്രസിദ്ധീകരിച്ച ആദ്യഘട്ടത്തിൽ തന്നെ 90000 കോടി രൂപയുടെ ഇടിവാണ് ഓഹരി വിലയിലുണ്ടായത്. ഓഹരി കൈവശംവച്ചവർക്കെല്ലാം വൻ നഷ്ടമുണ്ടായി. അതിൽ പൊതുമേഖലയിലെ എൽഐസി, എസ്ബിഐ, എസ്ബിഐലൈഫ് ഒക്കെയുണ്ട്. സ്വകാര്യകമ്പനികളായ എച്ച്ഡിഎഫ്സി ലൈഫ്, ജൂപ്പിറ്റർ ഇന്ത്യാ ഫണ്ട് തുടങ്ങിയവയുണ്ട്. പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനികളുമുണ്ട്. അദാനികമ്പനികളുടെ ഓഹരികളിൽ 77000 കോടിരൂപയാണ് എൽഐസിയുടെ നിക്ഷേപം. ഓഹരിവില ഇടിഞ്ഞപ്പോൾ വന്ന നഷ്ടം 23500 കോടി. സ്റ്റേറ്റ് ബാങ്കിലെ തൊഴിലാളികളുടെ പെൻഷൻ ഫണ്ടിൽ നിന്നും അദാനി ഓഹരിയിൽ നിക്ഷേപമുണ്ട്. അവിടെ വന്ന നഷ്ടം പേറേണ്ടത് എസ്ബിഐ ജീവനക്കാരാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

രണ്ടു വർഷം നീണ്ട ഗവേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ അക്കമിട്ട് നിരത്തുന്ന വിശദമായ റിപ്പോർട്ടിന്റെ തുടക്കത്തിൽ അവർ അതിന്റെ സംക്ഷിപ്ത വിവരണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിട്ട് 88 ചോദ്യങ്ങളും ഉൾപ്പെടുത്തി അവക്ക് മറുപടി പറയുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചാണ് മുഖവുര അവസാനിപ്പിക്കുന്നത്. അതിൽ ഇങ്ങനെ പറയുന്നു. ”വിമർശനത്തോട് തനിക്ക് ഒരു തുറന്ന മനസ്സാണുള്ളതെന്ന് ഗൗതം അദാനി അവകാശപ്പെടുന്നു. ഓരോ വിമർശനവും സ്വയം മെച്ചപ്പെടുത്താൻ എനിക്കവസരമേകുന്നു.” അദാനി ഇങ്ങനെ അവകാശപ്പെടുന്നുണ്ടെങ്കിലും തന്റെ വിമർശകരായ ജേർണലിസ്റ്റുകളെയും കമന്റേറ്റർമാരെയും തന്റെ കൈവശമുള്ള വൻ അധികാരവും ഗവൺമെന്റിന്റെ മേൽ കൊണ്ടുവരാൻ കഴിയുന്ന സമ്മർദ്ദവും ഉപയോഗിച്ച് നിശബ്ദരാക്കുന്നു. ചോദ്യം ചെയ്യുന്നവരെ റെഗുലേറ്റർമാരെ ഉപയോഗിച്ച് നിയമക്കുരുക്കിൽ പ്പെടുത്തുന്നു.

”അദാനിഗ്രൂപ്പിന് പകൽവെളിച്ചത്തിൽ ഇത്ര വിപുലവും ഞെട്ടിപ്പിക്കുന്നതുമായ തട്ടിപ്പു നടത്താൻ കഴിയുന്നതിനു കാരണം പൊതുവിൽ നിക്ഷേപകരും, ജേർണലിസ്റ്റുകളും പൗരന്മാരും, രാഷ്ട്രീയക്കാർവരെയും തിരിച്ചടി ഭയന്ന് തുറന്നു പറയാൻ മടിക്കുന്നതിനാലാണ്.” എന്നാണ് ഈ ഗവേഷണ സ്ഥാപനം പറഞ്ഞവസാനിപ്പിക്കുന്നത്.

തന്റെ വ്യവസായ സാമ്രാജ്യത്തിന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ അദാനി അശ്രാന്ത പരിശ്രമത്തിലാണ്. 20000 കോടി രൂപയുടെ ഓഹരിവിൽപ്പനക്കു

ള്ള നടപടിക്കു തൊട്ടുമുൻപാണ് ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തു വന്നത്. ഇതിനിടയിൽ എല്ലാ മാർഗങ്ങളുമുപയോഗിച്ച് മുഴുവൻ ഓഹരിയും വിറ്റു. സർക്കാരും മറ്റു കോർപറേറ്റുകളും രക്ഷക്കെത്തി. എസ്ബിഐയും എൽഐസിയും ഓഹരി വാങ്ങി സഹായിച്ചു. എന്നിട്ടും അദാനി കമ്പനികളുടെ ഓഹരിവില ഇടിയുകയായിരുന്നു. വിശ്വാസ്യത വീണ്ടെടുക്കാനായി 20,000 കോടി രൂപയുടെ ഓഹരി വിൽപ്പന ഉപേക്ഷിക്കയാണെന്നും വാങ്ങിയവർക്കെല്ലാം പണം തിരികെ നൽകുമെന്നും പ്രഖ്യാപിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ല. ദേശീയ, അന്തർദേശീയ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളും അതിവിദഗ്ധരായ സാമ്പത്തിക വിശകലന പടുക്കളും ഒന്നാംതരമെന്ന് സാക്ഷ്യപ്പെടുത്തിയ കമ്പനികളിലുള്ള വിശ്വാസമാണ് തകർന്നത്. ഈ ഓഹരിവിൽപ്പനയുടെ പ്രചരണ സമയത്ത് അദാനി പറഞ്ഞു. 2050 ഓടെ ഇന്ത്യ ഒരു 30 ട്രില്യൺ എക്കോണമിയായി മാറും. അതോടെ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 'ആത്മനിർഭർ ഭാരത്' എന്നതിൽ നിന്ന് 'ഭാരത് പാർ നിർഭർ' (ഇന്ത്യയെ ആശ്രയിക്കുന്ന ലോകം) എന്ന മാറ്റമാണ് വരാൻ പോകുന്നത്.

സംഭവങ്ങൾ ഇവിടം വരെയെത്തിയപ്പോഴാണ് റിസർവ് ബാങ്ക് അധികർ ഉറക്കമുണർന്നത്. രാജ്യത്തെ പൊതുമേഖലാ ബാങ്കുകളോട് അവർക്ക് അദാനിഗ്രൂപ്പിലുള്ള ബാധ്യത എത്രയാണെന്ന് റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ടു. അതിന് എസ്ബിഐ നൽകിയ മറുപടിയിൽ പറയുന്നത് മൊത്തം ബാധ്യത 21000 കോടിയെന്നാണ്. ഇന്ത്യയിലെ ബാങ്കുകൾക്കെല്ലാമായി 80000 കോടി രൂപയുടെ ബാധ്യതയുണ്ട്.

സ്വിസ് ബാങ്കായ ക്രെഡിറ്റ് സൂയിസ് അദാനിഗ്രൂപ്പിന്റെ ബോണ്ടുകൾ സ്വീകരിക്കുന്നതല്ലെന്ന് പ്രഖ്യാപിച്ചു. കമ്പനിയുടെ ബോണ്ടിന്റെ മൂല്യം പൂജ്യമായാണ് ഈ വിദേശബാങ്ക് കണക്കാക്കിയിട്ടുള്ളത്.

അദാനി ഹിൻഡൻബർഗിന് 413 പേജ് വരുന്ന മറുപടി നൽകി. അതിന് കാര്യകാരണ സഹിതം മറുപടി പറഞ്ഞ് അവർ അദാനിയുടെ അവകാശവാദത്തെ പുച്ഛിച്ചു തള്ളി. കേസ് കൊടുക്കാൻ വെല്ലുവിളിച്ചു. പക്ഷെ കേസ് കൊടുക്കാൻ ഇതുവരെ അദാനി തയ്യാറായിട്ടില്ല.

ചാനൽ വിദഗ്ധരും അവരുടെ തബല, മദ്ദളം, ചെണ്ട ഗ്രൂപ്പുകളും ചേർന്ന് വിഡ്ഢിപ്പെട്ടിയിൽ ഇളകിയാട്ടം നടത്തുന്നു. പക്ഷേ, കോർപ്പറേറ്റു ലോകം മൗനത്തിലാണ്. പ്രധാനമന്ത്രിയും മൗനത്തിലാണ്. ബിജെപിക്ക് മിണ്ടാട്ടമില്ല. മല്ലയ്യയെപ്പോലെ, ചോക്സിയെപ്പോലെ അദാനിയും രക്ഷപെട്ടേക്കും. സഹായിക്കാൻ മോദിയും പരിവാരങ്ങളും രംഗത്തുണ്ട്. എന്നാൽ അതിനു വിലകൊടുക്കേണ്ടി വരുന്നത് ഈ നാട്ടിലെ സാധാരണക്കാരനാണ്.

**2023 ഏപ്രിൽ 5**

## തൊഴിലാളി കർഷക മഹാധിനിവേശൻ

# തൊഴിലാളി കർഷകകർഷകത്തൊഴിലാളി സംസ്ഥാന കൺവൻഷൻ തീരുമാനങ്ങൾ

**2023 ഫെബ്രുവരി 13 തിരുവനന്തപുരം**

* ജില്ലാ കൺവൻഷനുകൾ ഫെബ്രുവരി 28 നകം
* വില്ലേജ്/പഞ്ചായത്ത് കൺവൻഷനുകൾ മാർച്ച് 15 നു മുൻപ്
* മാർച്ച് 20 25 തീയ്യതികളിൽ പഞ്ചായത്ത്/ വില്ലേജ് പദയാത്രകൾ
* ജാഥയുടെ ഭാഗമായി ഭവനസന്ദർശനം നടത്തി ലഘുലേഖകൾ വിതരണം
* പാർലമെന്റ് മാർച്ചിൽ പങ്കെടുക്കുന്ന സഖാക്കൾക്ക് ഏരിയാടിസ്ഥാനത്തിംൽ സംയുക്തമായി യാത്രയയപ്പ്
* ഏപ്രിൽ 4 ന് വില്ലേജ്/പഞ്ചായത്ത്/മുനിസിപ്പൽ കേന്ദ്രങ്ങളിൽ പന്തം കൊളുത്തി പ്രകടനം
* പോസ്റ്റർ, ലഘുലേഖ ജില്ലാകമ്മിറ്റികൾ അച്ചടിച്ച് വിതരണം നടത്തണം.
* ആകർഷകമായ ചുവരെഴുത്ത്

**എളമരം കരീം**
ജനറൽ സെക്രട്ടറി
സിഐടിയു സംസ്ഥാനകമ്മിറ്റി

**വൽസൻ പനോളി**
സംസ്ഥാന സെക്രട്ടറി
കേരള കർഷക സംഘം

**എൻ. ചന്ദ്രൻ**
സംസ്ഥാന സെക്രട്ടറി
കെ.എസ്.കെ.ടി.യു

2022 സെപ്റ്റംബർ 5 ന്റെ

# തൊഴിലാളി - കർഷക-കർഷകത്തൊഴിലാളി അഖിലേന്ത്യാ കൺവെൻഷൻ

## ഉന്നയിക്കുന്ന ആവശ്യങ്ങൾ

2023 ഏപ്രിൽ 5 ന്യൂഡൽഹി

## ബിജെപി സർക്കാരിന്റെ ദേശവിരുദ്ധവും കോർപ്പറേറ്റ് അനുകൂലവും വർഗ്ഗീയവുമായ നയങ്ങൾക്കെതിരെ

## തൊഴിലാളി കർഷക മഹാധിനിവേശൻ

- മിനിമം വേതനം പ്രതിമാസം 26000 രൂപയും എല്ലാവർക്കും 10000 രൂപ പെൻഷനും ഉറപ്പുവരുത്തുക. കരാർവൽക്കരണം അവസാനിപ്പിക്കുക, അഗ്നിപഥ് സ്കീം റദ്ദാക്കുക
- സംഭരണം ഉറപ്പാക്കിക്കൊണ്ട് C2+50% എന്ന കണക്കിൽ മിനിമം താങ്ങുവില നിയമപരമായി ഉറപ്പുവരുത്തുക
- എല്ലാ ദരിദ്ര ഇടത്തരം കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഒറ്റത്തവണ വായ്പ ഇളവ് അനുവദിക്കുകയും അറുപത് കഴിഞ്ഞ എല്ലാവർക്കും പെൻഷൻ ഉറപ്പുവരുത്തുകയും ചെയ്യുക
- ലേബർ കോഡുകൾ, വൈദ്യുതി ഭേദഗതി നിയമം എന്നിവ റദ്ദാക്കുക.
- എല്ലാവർക്കും തൊഴിൽ സുരക്ഷ ഉറപ്പാക്കുക, തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിൽദിനങ്ങളുടെ എണ്ണം 200 ആക്കി പ്രതിദിനം 600 രൂപ വേതനം നൽകുക. വേതന കുടിശ്ശിക തീർത്തടയ്ക്കുക, ദേശീയ നഗര തൊഴിലുറപ്പു നിയമം നടപ്പാക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക, നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ പദ്ധതി റദ്ദാക്കുക
- വില വർധന തടയുക, ഭക്ഷ്യവസ്തുക്കൾക്കും അവശ്യവസ്തുക്കൾക്കുമുള്ള ജിഎസ്ടി പിൻവലിക്കുക, പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയ്ക്കുള്ള കേന്ദ്ര എക്സൈസ് തീരുവ ഗണ്യമായി കുറയ്ക്കുക.
- പൊതുവിതരണ സംവിധാനം സാർവത്രികമാക്കുക, 14 അവശ്യവസ്തുക്കൾ പൊതുവിതരണ സംവിധാനത്തിന് കീഴിൽ കൊണ്ടുവരുക.
- നികുതി അടയ്ക്കാത്ത എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യ, വരുമാന പിന്തുണ ഉറപ്പാക്കുക.
- വനാവകാശ നിയമം (FRA) കർശനമായി നടപ്പാക്കുക, പ്രദേശവാസികളെ അറിയിക്കാതെ കാട് വെട്ടിത്തെളിയിക്കാൻ കേന്ദ്രസർക്കാരിന് അനുമതി നൽകുന്ന ചട്ടങ്ങളുള്ള ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ ഭേദഗതികൾ റദ്ദാക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളോടുള്ള അടിച്ചമർത്തൽ അവസാനിപ്പിച്ച് സാമൂഹിക നീതി ഉറപ്പാക്കുക.
- എല്ലാവർക്കും സാർവത്രികവും ഗുണനിലവാരമുള്ളതുമായ ആരോഗ്യവും വിദ്യാഭ്യാസവും ഉറപ്പാക്കുക; ദേശീയ വിദ്യാഭ്യാസനയം 2020 റദ്ദാക്കുക.
- എല്ലാവർക്കും വാസസ്ഥലം ഉറപ്പാക്കുക.
- അതിസമ്പന്നർക്ക് നികുതി ചുമത്തുക; കോർപ്പറേറ്റ് നികുതി വർദ്ധിപ്പിക്കുക; വെൽത്ത് ടാക്സ് നടപ്പാക്കുക.

**സിഐടിയു • അഖിലേന്ത്യാ കർഷകസംഘം • കെഎസ്കെടിയു**

## പ്രഖ്യാപനം

# തൊഴിലാളികളുടെ ദേശീയ കൺവെൻഷൻ

**കോൺസ്റ്റിറ്റ്യൂഷൻ ക്ലബ് അനക്സ്**
**ജനുവരി 30, ന്യൂഡൽഹി**

### മോഡി സർക്കാർ പിന്തുടരുന്ന നയങ്ങൾ മൂലം നമ്മുടെ രാജ്യത്തെ തൊഴിലാളികളും എല്ലാവിധ സാധാരണ മനുഷ്യരും നേരിടുന്ന ആപത്കരമായ സാഹചര്യങ്ങളെക്കുറിച്ച് ദേശീയ കൺവെൻഷൻ വിലയിരുത്തി. ഈ നയങ്ങൾ തൊഴിലാളി വിരുദ്ധവും കർഷകവിരുദ്ധവും മാത്രമല്ല, ദേശവിരുദ്ധവും കൂടിയാണ്. അത് നമ്മുടെ സമ്പദ്ഘടനയ്ക്കും രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും അപകടകരമാണ്.

രാജ്യത്തെ തൊഴിലെടുക്കുന്ന മനുഷ്യരെ പ്രതിനിധാനം ചെയ്ത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്തവേദിയുടെയും സെക്ടർതല സ്വതന്ത്ര ഫെഡറേഷനുകളുടെയും അസോസിയേഷനുകളുടെയും ആഭിമുഖ്യത്തിൽ 2023 ജനുവരി 30ന് അതായത് ഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ന്യൂഡൽഹിയിൽ നടന്ന ദേശീയ കൺവെൻഷൻ, മോഡി സർക്കാർ പിന്തുടരുന്ന നയങ്ങൾ മൂലം നമ്മുടെ രാജ്യത്തെ തൊഴിലാളികളും എല്ലാവിധ സാധാരണ മനുഷ്യരും നേരിടുന്ന ആപത്കരമായ സാഹചര്യങ്ങളെക്കുറിച്ച് വിശദമായി വിലയിരുത്തി. ഈ നയങ്ങൾ നമ്മൾ നേരത്തെ സൂചിപ്പിച്ച പോലെ തൊഴിലാളി വിരുദ്ധവും കർഷകവിരുദ്ധവും മാത്രമല്ല, ദേശവിരുദ്ധവും കൂടിയാണ്. അത് നമ്മുടെ സമ്പദ്ഘടനയ്ക്കും രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും അപകടകരമാണ്.

2014 മുതലുള്ള എട്ടുവർഷത്തെ ബിജെപി ഭരണത്തെ വിലയിരുത്തുമ്പോൾ ജനങ്ങളുടെ ജീവനും ഉപജീവനത്തിനും അടിസ്ഥാന അവകാശങ്ങൾക്കും നേരെയുള്ള കടന്നാക്രമണം മൂലം ചിന്തിക്കാൻ പോലും കഴിയാത്ത വിധത്തിലുള്ള ദുരിതങ്ങളിലേക്കും ദാരിദ്ര്യത്തിലേക്കും നിരാശയിലേക്കും അവരെ തള്ളിവിട്ടിരിക്കുകയാണെന്ന് വ്യക്തമാണ്. തൊഴിൽ നഷ്ടവും തൊഴിലില്ലായ്മയും നിയന്ത്രണമില്ലാതെ വർധിക്കുകയാണ്. നോട്ടുനിരോധനത്തോടെയാണ് ഉപജീവന മാർഗങ്ങൾക്കുമേലുള്ള ഗുരുതരമായ ആഘാതമുണ്ടായത്. ഇക്കാര്യത്തിൽ സർക്കാർ ധവളപത്രം പുറത്തിറക്കണം. ദാരിദ്ര്യം രൂക്ഷമാവുകയും സാമ്പത്തിക മാന്ദ്യം വർധിക്കുകയും ചെയ്യുന്നു. അതോടെ പ്രത്യേകിച്ചും യുവാക്കൾക്കിടയിലെ തൊഴിൽ നഷ്ടവും തൊഴിലില്ലായ്മയും വീണ്ടും കുതിച്ചുയർന്നു. വിലക്കയറ്റം ശമനമില്ലാതെ തുടരുമ്പോൾ യഥാർഥ വേതനം കുറയുന്നു. ഇത് സാധാരണ മനുഷ്യരുടെ ദുരിതങ്ങൾ ഇരട്ടിയാക്കുന്നു. പട്ടിണി സൂചികയിൽ ഇന്ത്യയുടെ അവസ്ഥ കൂടുതൽ ദയനീയ സ്ഥിതിയിലെത്തി. ഈ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി സെക്ടർ തല സമരങ്ങളും അഖിലേന്ത്യാ പണിമുടക്കുകളും നടത്തിയെങ്കിലും അതെല്ലാം സർക്കാരിന്റെ ബധിരകർണങ്ങളിലാണ് പതിച്ചത്. ഇത്തരം വിഷയങ്ങളോട് വളരെ നിസ്സംഗമായാണ് സർക്കാർ പ്രതികരിക്കുന്നത്. ഗവൺമെന്റ് ഈ വിഷയങ്ങൾ എന്തെങ്കിലും ഗൗരവത്തിലെടുത്തിട്ടുണ്ടോ? ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു തിരിച്ചറിവുണ്ടായിട്ടില്ലെന്ന് മാത്രമല്ല ധിക്കാരപരമായും ആക്രമണാത്മകമായും അതേ നയങ്ങൾ പിന്തുടരുകയും ചെയ്യുകയാണ്.

തങ്ങളുടെ കുട്ടികൾക്ക് എന്തുജോലി ലഭിക്കുമെന്ന ആശങ്കയിലാണ് എല്ലാ ജനങ്ങളും. സർക്കാരിലെ തസ്തികകളിൽ നിയമനം നടത്താൻ തയ്യാറാകുന്നില്ല. നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയോ സ്വകാര്യ കുത്തകകൾക്ക് വിൽക്കുകയോ ചെയ്യുന്നു. സ്വകാര്യകുത്തകകൾ ആവട്ടെ ഡൗൺസൈസിങ് എന്ന പേരിൽ ഈ സ്ഥാപനങ്ങളിലെ തൊഴിലാളികളെ പിരിച്ചുവിടുന്നു. പതിനായിരക്കണക്കിന് ആളുകൾക്കാണ് ഇങ്ങനെ തൊഴിൽ നഷ്ടമായത്. ഈ തൊഴിൽ നഷ്ടത്തിന്റെയും

പിരിച്ചുവിടലിന്റെയും ഇരകൾ പ്രധാനമായും കരാർ തൊഴിലാളികളാണ്. ആരോഗ്യ മേഖലയിൽ കോവിഡ് കാലത്ത് കരാർ അടിസ്ഥാനത്തിൽ തൊഴിലെടുത്തവർക്ക് സ്ഥിര നിയമനം നൽകുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടുവെങ്കിലും അവരെ പിന്നീട് പിരിച്ചുവിടുകയാണുണ്ടായത്. കോവിഡിന് ശേഷം ജീവിതം തിരിച്ചുപിടിക്കാൻ നിർബന്ധമായും തൊഴിൽ ആവശ്യമായവരെ നിയമവിരുദ്ധമായി പിരിച്ചുവിടുകയും സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയുമാണ്. ഇത് വൻതോതിലുള്ള തൊഴിലില്ലായ്മയ്ക്ക് കാരണമായിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതി 200 ദിവസത്തിലേക്ക് ഉയർത്തണമെന്നും വേതനം ഉയർത്തണമെന്നും സമാനമായ പദ്ധതി നഗരങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ ബജറ്റ് വിഹിതം സർക്കാർ ഗണ്യമായി കുറച്ചു.

ഇത് കോവിഡ് മഹാമാരിക്കാലത്ത് മാതൃകാപരമായ പ്രവർത്തനം നടത്തിയവരോടുള്ള ക്രൂരമായ തമാശയല്ലാതെ മറ്റൊന്നുമല്ല. മാലിന്യം കൈകാര്യം ചെയ്യുന്നവരും വീട്ടുജോലി ചെയ്യുന്നവരും അടക്കമുള്ള മൂന്നരക്കോടി ഹോം ബേസ്ഡ് തൊഴിലാളികൾക്ക് സംരക്ഷണവും സാമൂഹ്യ സുരക്ഷയും അനിവാര്യമാണ്.

റേഷൻ കാർഡുകൾക്ക് പോർട്ടബിലിറ്റി സംവിധാനം കൊണ്ടുവരണം. കുടിയേറ്റ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ നടപ്പാക്കണം. നിർമാണത്തൊഴിലാളികൾക്കും ബീഡിത്തൊഴിലാളികൾക്കും സമാനമായ തൊഴിലെടുക്കുന്ന മറ്റുള്ളവർക്കും ക്ഷേമ ബോർഡുകൾ തുടങ്ങണം. ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്ത 28 കോടി അസംഘടിത തൊഴിലാളികൾക്ക് ആരോഗ്യം, വൈകല്യം, കുട്ടികളുടെ പരിരക്ഷ, മാതൃപരിരക്ഷ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സാമൂഹ്യ സുരക്ഷയ്ക്കായി അടിയന്തരമായി ഒരു ചട്ടക്കൂട് രൂപീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

സർക്കാരിന്റെ ഫണ്ടോടുകൂടി സാമൂഹ്യ സുരക്ഷ, പെൻഷൻ എന്നിവ സാർവത്രികമാക്കണമെന്നും കമ്പോള ചൂതാട്ടങ്ങൾക്ക് സാധ്യതയുള്ള ന്യൂപെൻഷൻ സ്കീം (NPS) റദ്ദാക്കണമെന്നും പഴയ പെൻഷൻ പദ്ധതി (OPS) പുന:സ്ഥാപിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ സർക്കാർ എതിർ ദിശയിലാണ് നീങ്ങുന്നത്. ധനമന്ത്രിയാകട്ടെ, പുതിയ പെൻഷൻ പദ്ധതി റദ്ദാക്കില്ലെന്ന് തികഞ്ഞ ധാർഷ്ട്യത്തോടെയാണ് പ്രതികരിച്ചത്. ഒപിഎസ് പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് ഞങ്ങൾ എല്ലാ പിന്തുണയും ഐക്യദാർഢ്യവും അറിയിക്കുന്നു. ഇപിഎസ് 95 സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പാക്കണമെന്നും ഇപിഎസ് 95 ലെ കുറഞ്ഞ പെൻഷൻ പ്രതിമാസം 8000 രൂപയായി ഉയർത്തണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. സ്ഥിരം ജോലിക്കുപകരം വ്യവസായ മേഖലയിൽ വൻതോതിലുള്ള കരാർവൽക്കരണവും കാഷ്വൽവൽക്കരണവും അവസാനിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കരാർ, കാഷ്വൽ, പുറംകരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികൾക്കുള്ള അതേ വേതനം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

എന്നാൽ കോർപ്പറേറ്റ് നിയന്ത്രണത്തിലുള്ള സർക്കാർ വിവിധ മാർഗങ്ങളിലൂടെ റെഗുലർ/പെർമനന്റ് ജോലികളുടെ കരാർവൽക്കരണം നിയമവിധേയമാക്കുകയും നിയമാനുസൃതമാക്കുകയും ചെയ്യാനാണ് ശ്രമിക്കുന്നത്.

ദേശീയ തലത്തിലും സെക്ടർ തലത്തിലും നിരന്തരമായി ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കുന്നു എന്നതുകൊണ്ട് തന്നെ ലേബർ കോഡ് ഔദ്യോഗികമായി

> **സംഘടിത സമരങ്ങളുടെ പൂർവാനുഭവങ്ങളുടെ വെളിച്ചത്തിൽ അത്തരം സമരങ്ങളുടെ കൂടുതൽ ഉച്ചസ്ഥായിയിലെത്തിക്കാൻ രാജ്യത്തെ തൊഴിലെടുക്കുന്ന എല്ലാ മനുഷ്യരോടും ഈ കൺവെൻഷൻ അഭ്യർത്ഥിക്കുന്നു. ഈ സർക്കാരിന്റെ നശീകരണ നയങ്ങൾക്കെതിരെ സെക്ടർ തലത്തിലും ദേശീയ തലത്തിലും ഒരുപോലെ ശക്തമായ സമരം നടത്തണം. 2023 പൂർണമായും സംഘടിത പ്രചാരണങ്ങൾക്കും സമരങ്ങൾക്കുമായി വിനിയോഗിക്കണം.**

വിജ്ഞാപനം ചെയ്തിട്ടില്ല എന്നത് വസ്തുതയാണ്. പക്ഷെ ലേബർ കോഡുകൾ റദ്ദാക്കിയിട്ടില്ലെങ്കിൽ അവ ഏത് സമയത്തും വിജ്ഞാപനം ചെയ്യാൻ സാധ്യതയുണ്ട്. കാർഷിക നിയമങ്ങൾ വേണമെന്ന് രാജ്യത്തെ കർഷകർ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ കാർഷിക നിയമത്തിന് എതിരെ അവർ നടത്തിയ ഐതിഹാസിക സമരത്തിന് ഒടുവിൽ മൂന്ന് നിയമങ്ങളും പിൻവലിച്ചുവെങ്കിലും അവരുടെ കുതന്ത്രങ്ങൾ ഇപ്പോഴും പ്രകടമാണ്. മിനിമം താങ്ങുവില, സംഭരണം എന്നീ വിഷയങ്ങളിൽ നൽകിയ വാഗ്ദാനം ഇനിയും പാലിച്ചിട്ടില്ല.

രാജ്യത്തിന് ആസ്തി സൃഷ്ടിച്ചു കൊടുക്കുകയും സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുകയും ചെയ്യുന്ന സാധാരണ മനുഷ്യരുടെ കുറഞ്ഞ കൂലി വർധിപ്പിച്ചും ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും

സാർവത്രികമാക്കാൻ കൂടുതൽ ഫണ്ട് അനുവദിച്ചു കൊണ്ടും അവരുടെ കൈകളിൽ കൂടുതൽ പണം എത്തിച്ചുകൊണ്ട് നവലിബറൽ നയങ്ങൾ കൊണ്ട് തകർന്നു പോയ സമ്പദ് ഘടനയെ വീണ്ടെടുക്കണ മെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

കോർപറേറ്റുകൾക്കും ധനികർക്കും അതിധനികർക്കും കൂടുതൽ നികുതി ചുമത്തിയും സ്വത്തുനികുതി യും പിന്തുടർച്ചാവകാശ നികുതിയും പുനഃസ്ഥാപിച്ചു കൊണ്ടും ഇത് സാധ്യമാക്കാം.

ഇതിന് പകരം ഡിജിറ്റൽ കറൻസി എന്ന ആശയവുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് അപകടമാണ് ഇതെന്ന് നേരത്തെ തെളിയിക്കപ്പെട്ടതാണ്.

ഭക്ഷ്യവസ്തുക്കൾ അടക്കമുള്ള അവശ്യസാധനങ്ങളുടെയും ഔഷധങ്ങളുടെയും അവശ്യ സേവനങ്ങളുടെയും ജിഎസ്ടി/പ്രത്യക്ഷ നികുതി കുറച്ചുകൊണ്ട് ജനങ്ങൾക്ക് മേലുള്ള അമിതഭാരം കുറയ്ക്കണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ രാജ്യത്തിന് അകത്തും പുറത്തുമുള്ള കോർപറേറ്റുകളുടെയും ചെറു ന്യൂനപക്ഷമായ ധനാഢ്യരുടെയും അടിമകളായ കേന്ദ്രം യജമാനൻമാരുടെ താൽപര്യം സംരക്ഷിക്കാൻ വേണ്ടി ജിഎസ്ടിയും പ്രത്യക്ഷ നികുതിയും കുറയ്ക്കുകയാണ്. ക്ഷേമ പദ്ധതികൾക്ക് മേലുള്ള ജി എസ് ടി ഒഴിവാക്കണം എന്ന് നമ്മൾ നിരന്തരമായി ആവശ്യപ്പെടുകയാണ്.

ദേശീയ സമ്പദ് വ്യവസ്ഥ നിരന്തര മാന്ദ്യത്തിലാണ്. എംഎസ്എംഇകൾ കൂട്ടത്തോടെ തകരുന്നതോടെ രാജ്യത്തിന്റെ വ്യവസായ അടിത്തറ ദുർബലമാകുകയും രാജ്യത്തിന്റെ സ്വാശ്രയത്വം ഇല്ലാതാകുകയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് മേൽ അമിതഭാരം അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യുന്നു. മറുവശത്താകട്ടെ കോർപറേറ്റു വർഗ്ഗത്തിന്റെ സ്വത്തിലും വരുമാനത്തിലും അസാമാന്യമായ വർധന ഉണ്ടാകുകയും തൊഴിലെടുത്ത് ഉപജീവിക്കുന്ന കോടിക്കണക്കിന് മനുഷ്യർ കൂടുതൽ കൂടുതൽ ദരിദ്രരാകുകയും ചെയ്യുന്നു.

കോർപറേറ്റ് ഉടമസ്ഥതയിൽ ഉള്ള മുഖ്യധാരാ മാധ്യമങ്ങളുടെ പൂർണ പിന്തുണയോടെയാണ് ഇതിനുള്ള ശ്രമം. സർക്കാരിനെ വിമർശിച്ചു എന്ന ദുർബല ന്യായത്തിന്റെ പേരിൽ എഴുത്തുകാരെയും ധൈഷണികരെയും പത്രപ്രവർത്തകരെയും സാമൂഹ്യ പ്രവർത്തകരെയും ലക്ഷ്യം വയ്ക്കുകയാണ്. ഈ ദൗത്യത്തിൽ സർക്കാരിനെ സഹായിക്കാൻ ഇഡി, സിബിഐ, എൻഐഎ, യുഎപിഎ തുടങ്ങിയ ഏജൻസികളും ഉണ്ട്. ഭീതിയുടെ അന്തരീക്ഷം സൃഷ്ടിക്കാനും പ്രതിപക്ഷത്തെയും വിമത ശബ്ദങ്ങളും നിശബ്ദമാക്കാനും ജനാധിപത്യ പ്രക്രിയയെ ആകെ അട്ടിമറിക്കാനും വേണ്ടിയാണ് ഈ പദ്ധതി.

നമ്മുടെ ആവശ്യങ്ങളെല്ലാം എതിർക്കുന്ന ഒരു സർക്കാരല്ലെ ഇത്? ഈ സർക്കാർ ചെയ്യുന്ന എല്ലാ കാര്യങ്ങളും തൊഴിലെടുക്കുന്ന പാവപ്പെട്ടവരുടെ ചെലവിൽ കോർപറേറ്റ് വർഗത്തിനും ധനികർക്കും നേട്ടം കൊയ്യാൻ വേണ്ടിയുള്ളതാണ് എന്ന കാര്യം വ്യക്തമായിക്കഴിഞ്ഞു. ഈ ഭരണകക്ഷി തൊഴിലാളികളുടെയും കർഷകരുടെയും വിദ്യാർഥികളുടെയും യുവജനങ്ങളുടെയും സ്ത്രീകളുടെയും സമൂഹത്തിലെ മറ്റു ദുർബല വിഭാഗങ്ങളുടെയും താൽപര്യത്തിന് മാത്രമല്ല എതിരു നിൽക്കുന്നത്. പ്രകൃതി വിഭവങ്ങളും ദേശീയ ആസ്തികളും കോർപറേറ്റ് ശക്തികൾക്ക് കൊള്ളയടിക്കാൻ ഒത്താശ ചെയ്യുന്ന കേന്ദ്ര സർക്കാർ നയങ്ങളെ എതിർക്കുന്ന ബുദ്ധിജീവികളെയും വേട്ടയാടുന്നു. ഈ നയങ്ങൾ ദേശീയ താൽപര്യത്തിന് വിരുദ്ധമാണ്. ജനവിരുദ്ധവും ദേശവിരുദ്ധവുമായ ഈ വിനാശകരമായ നയങ്ങൾക്കെതിരെ ദേശീയ തലത്തിലും സെക്ടർ തലത്തിലും സംഘടിത പ്രസ്ഥാനത്തിന്റെ നിരന്തരമായ സംഘടിത സമരം കൊണ്ട് മാത്രമേ ഈ നയങ്ങൾ തിരുത്തിക്കാൻ സാധിക്കൂ. ബിപിസിഎൽ, സിഇഎൽ എന്നിവയുടെയും നിരവധി ഉരുക്ക് കമ്പനികളുടെയും സ്വകാര്യവൽകരണ പ്രക്രിയ കുറച്ചു കാലത്തേക്കെങ്കിലും തടയാൻ നമ്മുടെ സംഘടിത സമരങ്ങൾ കൊണ്ട് സാധിച്ചു. ഏറ്റവും ഒടുവിൽ മഹാരാഷ്ട്ര ഇലക്ട്രിസിറ്റി ജീവനക്കാരുടെ സംഘടിത സമരത്തിന് മുന്നിൽ സംസ്ഥാന സർക്കാർ അടിയറവ് പറഞ്ഞ് നയങ്ങൾ തിരുത്തി. കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ ജമ്മു കശ്മീർ, ചണ്ഡീഗഡ്, യുപി, ഹരിയാന, പുതുച്ചേരി എന്നിവിടങ്ങളിൽ വൈദ്യുതി സ്വകാര്യ വൽകരണത്തിന് എതിരെ തൊഴിലാളികൾ നടത്തിയ സംഘടിത സമരങ്ങൾ വിജയത്തിൽ എത്തിക്കാൻ നമുക്ക് സാധിച്ചു. വിശാഖ് സ്റ്റീൽ പ്ലാന്റ് സ്വകാര്യവൽക്കരണം തടയണമെന്ന ആവശ്യപ്പെടുന്ന സമരം തുടരുകയാണ്. വിവിധ സംസ്ഥാനങ്ങളിൽ സ്കീം തൊഴിലാളികൾ നടത്തുന്ന രണോൽസുകമായ സമരങ്ങൾ കൊണ്ട് വേതന വർധന അടക്കം പല ആവശ്യങ്ങളും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ യഥാർഥ ശത്രുക്കൾ ആരെന്നും നമ്മുടെയും നമ്മുടെ രാജ്യത്തിന്റെയും ദുരിതങ്ങൾക്ക് കാരണം എന്താണെന്നും തൊഴിലാളികളെ ബോധ്യപ്പെടുത്തുക എന്നതാവണം നമ്മുടെ ദൗത്യം. ദേശവിരുദ്ധവും വിനാശകാരിയുമായ നയങ്ങൾ പിന്തുടരുന്ന കോർപറേറ്റ് നിയന്ത്രിത കേന്ദ്ര സർക്കാർ ആണ് ദുരിതങ്ങൾക്ക് കാരണം എന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കണം. ആ നയങ്ങൾ പിൻവലിക്കാൻ തയ്യാറാവാത്ത സർക്കാരിനെ പുറന്തള്ളാൻ നമുക്കാകണം. ജനങ്ങൾക്കൊപ്പം മുന്നണിയിൽനിന്ന് ഈ ദൗത്യം നിർവഹിക്കാനുള്ള ചുമതല നിക്ഷിപ്തമായിട്ടുള്ളത് തൊഴിലാളി വർഗത്തിലാണ്. അടുത്ത വർഷം പൊതു തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ 2023 അങ്ങേയറ്റം

നിർണായകമാണ്. രാജ്യത്തെ അഭൂതപൂർവമായ പ്രതിസന്ധികളിലേക്കും കെടുതികളിലേക്കും നയിച്ച ശക്തികൾക്കെതിരെ നമ്മുടെ പൊതു അനുഭവം വലിയ ഒരു ജനാവലിയുടെ പൊതു അനുഭവമാക്കി മാറ്റിയെടുക്കാൻ അക്ഷീണം പ്രവർത്തിക്കേണ്ടത് നാമോരുത്തരുടെയും മഹത്തായ ദൗത്യമാണ്.

നമ്മുടെ സംഘടിത സമരങ്ങളുടെ പൂർവാനുഭവങ്ങളുടെ വെളിച്ചത്തിൽ അത്തരം സമരങ്ങൾ കൂടുതൽ ഉച്ചസ്ഥായിയിലെത്തിക്കാൻ രാജ്യത്തെ തൊഴിലെടുക്കുന്ന എല്ലാ മനുഷ്യരോടും ഈ കൺവെൻഷൻ അഭ്യർത്ഥിക്കുന്നു. ഈ സർക്കാരിന്റെ നശീകരണ നയങ്ങൾക്കെതിരെ സെക്ടർ തലത്തിലും ദേശീയ തലത്തിലും ഒരുപോലെ ശക്തമായ സമരം നടത്തണം. 2023 പൂർണമായും സംഘടിത പ്രചാരണങ്ങൾക്കും സമരങ്ങൾക്കുമായി വിനിയോഗിക്കണം. അതിന്റെ പര്യവസാനം എന്നോണം എല്ലാ തലങ്ങളിലും ഉയർന്ന രീതിയിൽ പ്രക്ഷോഭം സംഘടിപ്പിക്കണം.

നവലിബറൽ വ്യവസ്ഥയുടെ എല്ലാ ഘടകങ്ങൾക്കും എതിരെയുള്ള ബദലുകൾ മുന്നോട്ടുവയ്ക്കുന്ന പതിനാലിന അവകാശ പത്രികയിൽ ഊന്നിക്കൊണ്ടുതന്നെ താഴെ പറയുന്ന പരിപാടികൾ വിജയിപ്പിക്കാൻ ഈ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു.

2023 മാർച്ച് മുതൽ മെയ് വരെ സംസ്ഥാന/ ജില്ലാ/ സെക്ടർതല കൺവൻഷനുകൾ നിർബന്ധമായും ചേരണം.

ജാഥാ പരിപാടികൾ: പദയാത്ര/ ജീപ്പ് ജാഥ/ സൈക്കിൾ ജാഥ/ മോട്ടോർ ബൈക്ക് ജാഥ എന്നിവ നടത്താൻ കൺവൻഷനുകൾ തീരുമാനിക്കണം. ജൂൺ മുതൽ തീരുമാനം നടപ്പാക്കണം.

ജാഥകൾ സംഘടിപ്പിച്ചു കൊണ്ട് നടത്തുന്ന പ്രചരണ പരിപാടികളുടെ പര്യവസാനം ആഗസ്റ്റ് ഒമ്പതിന് ക്വിറ്റ് ഇന്ത്യ ദിനത്തിൽ നടക്കുന്ന സംസ്ഥാന തല മഹാ പടാവിൽ ആകണം. സംയുക്ത സംസ്ഥാന കൺവൻഷന്റെ തീരുമാനം അനുസരിച്ച് ബഹുദിന പരിപാടികളും ആസൂത്രണം ചെയ്യാം.

•സെക്ടർ തല സമരങ്ങൾ പണിമുടക്കുകളിലേക്ക് വളർത്തിയെടുക്കണം.

* ഡൽഹി അതിർത്തികളിൽ നടന്ന കർഷക സമരം വിജയിപ്പിക്കാൻ തൊഴിലാളികളുടെയും കർഷകരുടെയും ഐക്യം ശക്തിപ്പെടുത്താൻ നമുക്ക് സാധിച്ചു. അത് ഇനിയും ശക്തമാക്കണം. ഈ വർഷം തന്നെ സംയുക്ത പരിപാടികൾ നടത്തണം.

മഹാപടാവ് കഴിഞ്ഞാലുടൻ അതടക്കമുള്ള പരിപാടികളുടെ റിവ്യൂ നടത്തണം. ഈ വർഷം ഒടുവിൽ രാജ്യവ്യാപക പണിമുടക്ക് നടത്തുന്നതിന് മുന്നോടിയായി നമ്മുടെ പരിപാടികൾ കൂടുതൽ ഉയരങ്ങളിൽ എത്തിക്കണം.

ഐഎൻടിയുസി, എഐടിയുസി, എച്ച്എംഎസ്, സിഐടിയു, എഐയുടിയുസി, ടിയുസിസി, സേവാ, എഐസിസിടിയു, എൽപിഎഫ്, യുടിയുസി. ഒപ്പം സ്വതന്ത്ര ദേശീയ സെക്ടർ ഫെഡറേഷനുകളും അസോസിയേഷനുകളും.

# മോദിയുടെ പ്രതികാരം ബിബിസിയോടും

ആർഎസ്എസ് നിയന്ത്രണത്തിലുള്ള ഇന്ത്യൻ ഭരണാധികാരികൾക്ക് അവരുടെ സ്വേച്ഛാധിപത്യത്തിന്റെ ദംഷ്ട്രകൾ ഒളിച്ചുവയ്ക്കാൻ കഴിയാതെ വന്നിരിക്കുന്നു. 'ഇന്ത്യ: ദ മോദി ക്വസ്റ്റിയൻ' എന്ന പേരിൽ രണ്ടു ഭാഗമുള്ള ഡോക്യുമെന്ററി സംപ്രേഷണം ചെയ്തതിനു പിന്നാലെ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപറേഷൻ (ബിബിസി) എന്ന അന്താരാഷ്ട്ര മാധ്യമ സ്ഥാപനത്തിനുനേരെ നടത്തിയ വേട്ട ഈ സ്വേച്ഛാധിപത്യ വാഴ്ചയുടെ പ്രകടമായ ഉദാഹരണം. ആയിരക്കണക്കിന് മുസ്ലിങ്ങളെ കൊലപ്പെടുത്തിയ 2002ലെ ഗുജറാത്ത് വംശഹത്യയിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിക്കുള്ള പങ്ക് വെളിപ്പെടുത്തുന്ന ഈ ഡോക്യുമെന്ററിയുടെ ഒന്നാംഭാഗം പുറത്തുവന്നപ്പോൾത്തന്നെ സമൂഹമാധ്യമങ്ങളിൽ ഇതിന് വിലക്കേർപ്പെടുത്തിയിരുന്നു.




ഇന്ത്യയിൽ ബിബിസി നിരോധിക്കണമെന്ന ആവശ്യം വെള്ളിയാഴ്ച സുപ്രീംകോടതി തള്ളി. ഡൽഹിയിലെയും മുംബൈയിലെയും ഓഫീസുകളിൽ ടാക്സ് സർവേ എന്നപേരിൽ ആദായ നികുതി ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡ്. ഇന്ത്യയിൽ മാധ്യമ സ്വാതന്ത്ര്യത്തിന്റെ സൂചിക മുൻവർഷത്തെ 142 ൽ നിന്ന് 2022ൽ 150ലേക്ക് നിലംപൊത്തിയിരുന്നു. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് എന്ന സംഘടന നടത്തിയ സർവേയിൽ ഏറ്റവും മോശം പത്രപ്രവർത്തന സാഹചര്യം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഒന്നായാണ് ഇന്ത്യയെ കണക്കാക്കുന്നത്. ആവിഷ്കാര സ്വാതന്ത്ര്യവും മാധ്യമ സ്വാതന്ത്ര്യവും അപകടാവസ്ഥയിലായതിന്റെ പേരിൽ അന്താരാഷ്ട്ര തലത്തിൽ ഇന്ത്യ കൂടുതൽ നാണംകെടും.

# സിഐടിയു 17-ാം അഖിലേന്ത്യാ സമ്മേളനം

സിഐടിയു 17ാം അഖിലേന്ത്യാ സമ്മേളനം 2023 ജനുവരി 18-22 തീയതികളിൽ ബാംഗ്ലൂരിൽ വച്ച് നടന്നു.

സമ്മേളനത്തിൽ 1476 പ്രതിനിധികൾ പങ്കെടുത്തു. ഇതിൽ 326 പേർ സ്ത്രീകളാണ്. AIIEA, BEFI, CCGE & W, AISGEF, BSNLEU എന്നീ സംഘടനകളിൽ നിന്ന് 13 സൗഹാർദ്ദ പ്രതിനിധികളും പങ്കെടുത്തു.

ആൾ ഇന്ത്യ കിസാൻ സഭ ജനറൽ സെക്രട്ടറി വിജ്ജു കൃഷ്ണൻ, ആൾ ഇന്ത്യ അഗ്രി. വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ് എ.വിജയരാഘവൻ, ആൾ ഇന്ത്യ ഡമോക്രാറ്റിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ് പി.കെ.ശ്രീമതി ഡിവൈഎഫ്ഐ പ്രസിഡന്റ് എ.എ.റഹീം, എസ്എഫ്ഐ ജനറൽസെക്രട്ടറി വി.പി. സാനു, എന്നിവർ സമ്മേളനത്തിൽ ആശംസാ പ്രസംഗം നടത്തി.

ജനറൽ സെക്രട്ടറി സ:തപൻസെൻ റിപ്പോർട്ട് അവതരിപ്പിച്ചു. രണ്ട് ഭാഗങ്ങളായി അവതരിപ്പിച്ച റിപ്പോർട്ടിന്മേലുള്ള ചർച്ചയിൽ 98 സഖാക്കൾ പങ്കെടുത്തു. ആദ്യത്തെ പാർട്ടിൽ 40 സഖാക്കളും സെക്കന്റ് പാർട്ടിൽ 58 സഖാക്കളും പങ്കെടുത്തു. കൂടാതെ വരവ് ചെലവ് കണക്കും ഭാവി കടമകളും പ്രത്യേകമായി അവതരിപ്പിച്ചു. ചർച്ചകൾക്കു ശേഷം റിപ്പോർട്ടും വരവു ചെലവ് കണക്കും ഏകകണ്ഠമായി അംഗീകരിച്ചു. 22ാം തീയതി നടന്ന വമ്പിച്ച പൊതു സമ്മേളനത്തോടു കൂടി അഖിലേന്ത്യാ സമ്മേളനം സമാപിച്ചു.

### കമ്മീഷൻ പേപ്പറുകൾ

നാല് കമ്മീഷൻപേപ്പറുകളിന്മേൽ പ്രതിനിധികൾ നാലായി തിരിഞ്ഞ് ചർച്ച നടത്തി. "ആധുനിക ഉൽപ്പാദന മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന്റെ പ്രാധാന്യവും വെല്ലുവിളിയും" എന്ന കമ്മീഷനിൽ സൗന്ദരരാജൻ അധ്യക്ഷത വഹിച്ചു. കെ.എൻ.ഉമേഷ് വിഷയം അവതരിപ്പിച്ചു. "മാറുന്ന തൊഴിൽ മേഖല" എന്ന കമ്മീഷനിൽ ഡി.എൽ. കരാട് അധ്യക്ഷത വഹിച്ചു. കരുമലയൻ വിഷയം അവതരിപ്പിച്ചു. "നവ ഉദാരവൽക്കരണ കോവിഡ്












ദുരിതകാല പശ്ചാത്തലത്തിൽ ഇന്ത്യൻ തൊഴിലാളികളുടെ കുടിയേറ്റം" എന്ന കമ്മീഷനിൽ സ:എളമരം കരീം അധ്യക്ഷനായി. എസ്.ദേവറോയ് വിഷയം അവതരിപ്പിച്ചു. "വർഗീയതക്കെതിരായ തൊഴിലാളിവർഗ്ഗപോരാട്ടം" എന്ന കമ്മീഷൻ സുഭാസ്സ് മുഖർജി അധ്യക്ഷത വഹിച്ചു. എ.ആർ.സിന്ധു വിഷയം അവതരിപ്പിച്ചു. 223 പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

## സിഐടിയു 17ാം സമ്മേളനം ഏറ്റെടുത്ത ദൗത്യങ്ങൾ

1) ജനങ്ങൾ പൊതുവിലും തൊഴിലാളികൾ പ്രത്യേകിച്ചും സഹജമായ വർഗീയവാദികളല്ല. വർഗീയ പ്രചാരണത്തിന്റെ ഭാഗമായി അവരിൽ രൂപംകൊള്ളുന്ന തെറ്റായ ബോധ്യമാണ് അവരെ പല തരത്തിലുള്ള വർഗീയവാദികളാക്കി മാറ്റുന്നത്. തുടക്കം മുതലേ തൊഴിലാളിവർഗത്തെ രാഷ്ട്രീയ വിദ്യാഭ്യാസം ചെയ്യിക്കുകയും വർഗീയ ശക്തികളുടെ എല്ലാ

## സമ്മേളനം തെരഞ്ഞെടുത്ത അഖിലേന്ത്യാ ഭാരവാഹികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | : | **കെ.ഹേമലത** |
| **ജനറൽ സെക്രട്ടറി** | : | **തപൻസെൻ** |
| **ട്രഷറർ** | : | **എം.സായിബാബു** |

**വൈസ് പ്രസിഡന്റുമാർ**

എ.കെ.പത്മനാഭൻ, ആനത്തലവട്ടം ആനന്ദൻ, എ.സൗന്ദരരാജൻ, ജെ.മേഴ്സിക്കുട്ടിയമ്മ, സുഭാഷ് മുഖർജി, മണിക് ഡേ, ഡി.എൽ.കരാട്, മാലതി ചിറ്റിബാബു, എസ്.വരലക്ഷ്മി, ബിഷ്ണു മഹന്തി, ചുക്ക രാമുലു, ജി.ബേബി റാണി, ആർ.ലക്ഷ്മണയ്യ

**സെക്രട്ടറിമാർ**

എസ്.ദേവ്റോയി, എളമരം കരീം, കശ്മീർ സിംഗ് ഠാകൂർ, പ്രസാന്ത നന്ദി ചൗധരി, ജി.സുകുമാരൻ, പി.നന്ദകുമാർ, ഡി.ഡി.രാമനന്ദൻ, എ.ആർ.സിന്ധു, കെ.ചന്ദ്രൻ പിള്ള, മീനാക്ഷി സുന്ദരം, ഉഷാറാണി, അനാദി സഹു, മധുമിത ബന്ധോപാധ്യായ, അമിതവ ഗുഹ, ആർ.കരുമലയൻ, തപൻശർമ, പ്രമോദ് പ്രധാൻ, കെ.എൻ.ഉമേഷ്, സി.എച്ച്.നരസിംഹ റാവു, ദീപ.കെ.രാജൻ, ലളിത് മോഹൻ മിശ്ര, പളഡുഗു ഭാസ്കർ, സുദിപ് ദത്ത **സ്ഥിരം ക്ഷണിതാക്കൾ :** ബസുദേവ് ആചാര്യ, ജെ.എസ്.മജുംദാർ

# കേരളബദലിന് അഭിനന്ദനം

രാജ്യമാകെ ഇരുൾ പടരുമ്പോൾ ജനകീയ ബദൽനയം നടപ്പാക്കുന്ന കേരളത്തിലെ എൽഡിഎഫ് സർക്കാരിനെ സിഐടിയു 17ാം അഖിലേന്ത്യാ സമ്മേളനം അഭിനന്ദിച്ചു. കേന്ദ്രസർക്കാരിന്റെ കുതന്ത്രങ്ങൾ തുറന്നുകാട്ടി പിണറായി വിജയൻ സർക്കാരിനെ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങാൻ തൊഴിലാളിവർഗത്തോട് സമ്മേളനം ആഹ്വാനം ചെയ്തു. മോദി ഭരണത്തിന്റെ ആക്രമണങ്ങളെയും കേരളത്തോടുള്ള വിവേചനങ്ങളെയും തുറന്നുകാട്ടി, ജനകീയ ഇടതുപക്ഷ ബദൽ ഭരണത്തെ സംരക്ഷിക്കുമെന്ന് പ്രഖ്യാപിച്ച് സമ്മേളനം ഏകകണ്ഠമായി പ്രമേയം പാസാക്കി.

2016 ൽ പിണറായിയുടെ നേതൃത്വത്തിൽ എൽഡിഎഫ് സർക്കാർ രൂപീകരിച്ചതുമുതൽ കേന്ദ്രഭരണം നിയന്ത്രിക്കുന്ന ആർഎസ്എസ് തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളും സ്വാതന്ത്ര്യവും അവകാശങ്ങളും വെട്ടിച്ചുരുക്കി. രാജ്ഭവനെ ഉപയോഗിച്ച് സർക്കാരിനെ പ്രതിസന്ധിയിലാക്കുന്നു.

ഫെഡറലിസം പൂർണമായും നിരാകരിക്കുന്ന സമാന്തര സംവിധാനത്തെ കേന്ദ്രം പ്രോത്സാഹിപ്പിക്കുന്നു. ദുരാരോപണങ്ങൾ ഉന്നയിച്ചും സംസ്ഥാനത്തിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെട്ടും ഗവർണർ പദവിയുടെ അന്തസ്സ് ഹനിക്കുകയാണ്. ജിഎസ്ടി നഷ്ടപരിഹാരം നൽകാതെയും കടമെടുക്കൽ പരിധി കുറച്ചും ദ്രോഹിക്കുന്നു.

ജനങ്ങൾക്ക് നീതിയും മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കി മുന്നോട്ടുപോകുന്ന എൽഡിഎഫ് സർക്കാരിന് അചഞ്ചലമായ പിന്തുണയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതായി അഖിലേന്ത്യാ സമ്മേളനം പ്രഖ്യാപിച്ചു.

ആപത്കരമായ ദുഷ്പ്രചാരണങ്ങളെയും പുറന്തള്ളി അവരെ സത്യം ബോധ്യപ്പെടുത്തുക എന്നത് ട്രേഡ് യൂണിയനുകളുടെ അടിസ്ഥാന ദൗത്യമായി കാണണം. ഒറ്റത്തവണത്തെ പരിപാടി കൊണ്ട് ഈ ദൗത്യം വിജയിക്കില്ല. അടിസ്ഥാന പരമായ ട്രേഡ് യൂണിയൻ ബോധ്യങ്ങൾക്ക്മൂർച്ച വരുത്തുകയും പൊതു രാഷ്ട്രീയ ബോധ്യം സൃഷ്ടിക്കുകയും ചെയ്യുംവിധമുള്ളതാവണം അവർക്കുള്ള വിദ്യാഭ്യാസം. ഈ ദൗത്യം തുടർച്ചയായി ഏറ്റെടുത്താൽ മാത്രമേ വിജയിക്കാനാകൂ. വർഗീയതയുടെ ഭയാനകതയെക്കുറിച്ച് തൊഴിലാളികളെ ബോധ്യപ്പെടുത്തുക എന്നത് ട്രേഡ് യൂണിയൻ വിദ്യാഭ്യാസത്തിലെ പ്രധാന



ഘടകമാണ്. ചെറു ഗ്രൂപ്പുകളിൽ ചർച്ചകൾ നടത്തണം. സെമിനാറുകൾ,

ചർച്ചകൾക്കു പുറമെ, വലിയ യോഗങ്ങളും പ്രിന്റ് ചെയ്ത പ്രചാരണ സംവിധാനങ്ങളും ഉപയോഗിക്കണം.

2) മൗലികവാദികളുടെ അന്ധവിശ്വാസ വ്യാപന ശ്രമങ്ങളെ തടയാൻ നമ്മുടെ പ്രവർത്തകരിലും തൊഴിലാളികളിലും ശാസ്ത്രബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ നിരന്തര ശ്രമങ്ങൾ വേണം.

3) പ്രത്യയശാസ്ത്ര രംഗത്തും രാഷ്ട്രീയ രംഗത്തും വർഗീയ പ്രചാരണം ശക്തമാക്കുന്ന സംഘപരിവാർ ന്യൂനപക്ഷങ്ങൾക്കെതിരെ ക്രൂരമായ ആക്രമണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണം നടത്തുമ്പോൾ ചരിത്രത്തെയും സമൂഹത്തെയും കുറിച്ചുള്ള അവരുടെ വ്യാജ സിദ്ധാന്തങ്ങൾ രാഷ്ട്രീയമായി തുറന്നുകാട്ടാനും നേരിട്ടടപെടാനും തൊഴിലാളികൾ സംഘടിപ്പിക്കണം.

4) ഉദാരവൽക്കരണ സ്വകാര്യവൽക്കരണ ആഗോളവൽക്കരണ നയങ്ങൾക്കെതിരെ തൊഴിലാളി വർഗം പോരാട്ടത്തിലാണ്. സാമ്പത്തിക നയങ്ങളും വർഗീയ അജൻഡകളും ഉപയോഗിച്ച് അധികാരത്തിൽ വന്ന ബിജെപിക്ക് അധികാരം നിലനിർ

ത്താനാണ് അറുപിന്തിരിപ്പൻ സാമ്പത്തിക നയങ്ങൾ തുടരുന്നത് എന്ന വസ്തുത തുറന്നു കാട്ടണം.

5) മറ്റു വിശാലമായ ജനാധിപത്യ ശക്തികളുമായി സഹകരിച്ച് ജനങ്ങളുടെ ഐക്യം കെട്ടിപ്പടുക്കാനുള്ള ഉചിതമായ മാർഗങ്ങൾക്ക് രൂപം നൽകണം. ഗ്രാമങ്ങളിലെ അടിച്ചമർത്തപ്പെട്ടവരുടെ തീവ്രവവും വിപുലവുമായ വർഗസമരത്തിലൂടെ വലിയ വിഭാഗം ജനങ്ങളിലുള്ള വർഗീയ ശക്തികളുടെ സ്വാധീനത്തെ ചെറുത്തുതോൽപ്പിക്കാൻ കഴിയും.

6) ന്യൂനപക്ഷങ്ങളുടെ ചാമ്പ്യന്മാരായി ട്രേഡ് യൂണിയനുകൾ മാറണം. അടിച്ചമർത്തപ്പെട്ട ജാതികളിൽനിന്നും ന്യൂനപക്ഷ സമുദായങ്ങളിൽനിന്നും വരുന്ന തൊഴിലാളികൾക്ക് മറ്റു തൊഴിലാളികൾക്ക് പൊതുവായി ഉള്ളതിനേക്കാൾ ബുദ്ധിമുട്ടുകളും പരാതികളും ഉണ്ടാകും. പൊതുവായ ട്രേഡ് യൂണിയൻ ആവശ്യങ്ങളെക്കാൾ ദൈനംദിന ജീവിതത്തിൽ അവർ പ്രാധാന്യം നൽകുന്നത് അത്തരം കാര്യങ്ങൾക്കായിരിക്കാം. അവരുടെ പ്രത്യേകമായ ആവശ്യങ്ങൾ നേടിയെടുക്കാൻ ട്രേഡ് യൂണിയൻ ശ്രമിച്ചില്ലെങ്കിൽ പൊതുപ്രസ്ഥാനത്തെക്കുറിച്ച് അവർക്ക് താൽപര്യമുണ്ടാകില്ല. ഈ വിഭാഗങ്ങളിൽനിന്ന് ട്രേഡ് യൂണിയനുകളിൽ അംഗത്വം കുറയുന്നതിന് കാരണങ്ങളിലൊന്ന് ഇതാണ്. ഈ ദൗർബല്യം മാറ്റാനും ഈ വിഭാഗങ്ങളിൽനിന്നുള്ളവരുടെ പ്രത്യേകമായ ആവശ്യങ്ങൾ പരിഗണിക്കാനും ട്രേഡ് യൂണിയനുകൾ തയ്യാറാവണം.

ഇതിലെല്ലാമുപരിയായി എല്ലാ തലത്തിലുമുള്ള ദൈനംദിന ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ഭാഗമായി വർഗീയവിരുദ്ധ പ്രചാരണത്തെ മാറ്റിയെടുക്കേണ്ടത് സുപ്രധാന സംഘടനാ പ്രവർത്തനമാണ്. ഇത് ഉപരി കമ്മിറ്റികളുടെ അതായത് കേന്ദ്ര, സംസ്ഥാന കമ്മിറ്റികളുടെ പ്രധാന ഉത്തരവാദിത്തമാണ്.

## ആവേശമായി അലെയ്ഡ ഗുവേര

പല ഭാഷയിൽ ഒരേസമയം ചെ ഗുവേരയുടെ അമരസ്മരണ മുഴങ്ങി. ക്യൂബയുടെയും ലാറ്റിനമേരിക്കയുടെയും സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച ഇന്ത്യൻ തൊഴിലാളിവർഗത്തിന്റെ സമുന്നത സമ്മേളനവേദിയിൽ വിശ്വവിപ്ലവകാരിയുടെ മകൾക്ക് ഉജ്ജ്വല വരവേൽപ്പ്.



ഡോ.അലെയ്ഡ ഗുവേരയും മകൾ എസ്തഫാനിയ ഗുവേരയും സിഐടിയു അഖിലേന്ത്യാ സമ്മേളന നഗറിൽ എത്തി. സിഐടിയു പ്രസിഡന്റ്ഡോ. കെ.ഹേമലതയും ജനറൽ സെക്രട്ടറി തപൻസെന്നും ചേർന്ന് അവരെ സ്വീകരിച്ചു.

അനീതികൾക്കെതിരെ പൊരുതാനും സമൂഹത്തിൽ മാറ്റം കൊണ്ടു വരാനും ജനങ്ങളുടെ ഐക്യമാണ് ഏറ്റവും വലിയ ശക്തിയെന്ന് പ്രതിനിധികളെ അഭിവാദ്യം ചെയ്ത അലെയ്ഡ പറഞ്ഞു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ 90 മൈൽ അകലെ ക്യൂബ എന്ന ചെറുദ്വീപിൽ സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുത്തത് ജനങ്ങളുടെ ഐക്യം കൊണ്ടാണെന്ന് അവർ ചൂണ്ടിക്കാട്ടി. ക്യൂബൻ വിപ്ലവം നിരന്തരം തുടർന്നുകൊണ്ടിരിക്കയാണെന്നും അലെയ്ഡ പറഞ്ഞു.

## ഐക്യം ശക്തിപ്പെടുത്താൻ ഒരേ മനസ്സോടെ കേന്ദ്ര ടി.യു സംഘടനകൾ

ട്രേഡ് യൂണിയനുകളുടെ കൂട്ടായ മുന്നേറ്റത്തിന് സിഐടിയു സമ്മേളനം വലിയ കരുത്തു പകരുമെന്ന് ഐഎൻടിയുസി ദേശീയ വൈസ് പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ പറഞ്ഞു.

രാജ്യത്തിന്റെ സ്വാതന്ത്ര്യവും സൗഹാർദവും വലിയ ഭീഷണി നേരിടുമ്പോൾ തൊഴിലാളികളുടെ കൂട്ടായ മുന്നേറ്റത്തിലൂടെ മാത്രമേ പ്രതിരോധം സൃഷ്ടിക്കാൻ കഴിയൂ എന്ന് എഐടിയുസി ജനറൽ സെക്രട്ടറി അമർജിത് കൗർ പറഞ്ഞു.

നാഗനാഥ് (ജനറൽസെക്രട്ടറി, എച്ച്എംഎസ് കർണാടക), കെ.സോമശേഖരൻ (പ്രസിഡന്റ്, എഐടിയുസി), ബി.രാജേന്ദ്രൻ നായർ (ദേശീയ സെക്രട്ടറി, ടിയുസിസി), അശോക്ഘോഷ് (ജനറൽ സെക്രട്ടറി, യുടിയുസി), സോണിയ ജോർജ്ജ് (സേവ) ക്ലിഫ്റ്റൺ (എഐസിസിടിയു), വേലുസ്വാമി (എൽപിഎഫ്) എന്നിവരും സമ്മേളനത്തെ അഭിവാദ്യം ചെയ്തു.

# 17ാം അഖിലേന്ത്യാസമ്മേളനം തെരഞ്ഞെടുത്ത കേരളത്തിൽ നിന്നുള്ള വർക്കിംഗ് കമ്മിറ്റി, ജനറൽ കൗൺസിൽ അംഗങ്ങൾ

1. എ കെ ബാലൻ (WC)
2. സി.എസ്. സുജാത
3. ടി പി രാമകൃഷ്ണൻ (WC)
4. കെ കെ ജയചന്ദ്രൻ (WC)
5. കെ പി മേരി
6. എം.കെ കണ്ണൻ (WC)
7. എസ് ശർമ
8. കൂട്ടായി ബഷീർ
9. എസ്. ജയമോഹനൻ (WC)
10. യു.പി. ജോസഫ് (WC)
11. വി. ശശികുമാർ (WC)
12. നെടുവത്തൂർ സുന്ദരേശൻ (WC)
13. അഡ്വ. പി. സജി (WC)
14. സുനിതാ കുര്യൻ (WC)
15. സി ജയൻ ബാബു (WC)
16. പി ആർ മുരളീധരൻ (WC)
17. ടി ആർ രഘുനാഥ് (WC)
18. പി കെ ശശി (WC)
19. എസ്. പുഷ്പലത
20. പി.ബി. ഹർഷകുമാർ (WC)
21. കെ. കെ ദിവാകരൻ (WC)
22. കെ പി സഹദേവൻ (WC)
23. വി. ശിവൻകുട്ടി (WC)
24. സി ബി ചന്ദ്രബാബു (WC)
25. കെ എൻ ഗോപിനാഥ് (WC)
26. ടി കെ രാജൻ (WC)
27. പി പി ചിത്തരഞ്ജൻ (WC)
28. കെ എസ് സുനിൽകുമാർ (WC)
29. പി പി പ്രേമ (WC)
30. ധന്യ അബീദ് (WC)
31. ഒ.സി. ബിന്ദു
32. സി കെ ഹരികൃഷ്ണൻ (WC)
33. കെ കെ പ്രസകുമാരി (WC)
34. പി കെ മുകുന്ദൻ (WC)
35. എം ഹംസ (WC)
36. പി ഗാനകുമാർ (WC)
37. ആർ രാമു (WC)
38. എസ് ഹരിലാൽ (WC)
39. എൻ കെ രാമചന്ദ്രൻ (WC)

## തിരുവനന്തപുരം

40. കടകംപള്ളി സുരേന്ദ്രൻ
41. പുല്ലുവിള സ്റ്റാൻലി (WC)
42. ഇ.ജി. മോഹനൻ
43. ക്ലൈനസ് റൊസാരിയോ
44. എൻ. സുന്ദരംപിള്ള
45. ജി.പി. വൃന്ദാറാണി
46. മണ്ണാറാം രാമചന്ദ്രൻ
47. പി. രാജേന്ദ്രകുമാർ
48. എൻ.സായ്കുമാർ
49. പി.കേശവൻ കുട്ടി
50. പാറക്കുഴി സുരേന്ദ്രൻ
51. എസ്.സജി കുമാരി
52. എ.ജെ.സുക്കാർണോ
53. ഡോ.കെ.എസ്. പ്രദീപ്കുമാർ
54. കണ്ണമ്മൂല വിജയൻ

## കൊല്ലം

55. ബി. തുളസീധരകുറുപ്പ് (WC)
56. അഡ്വ. മുരളി മടന്തകോട്
57. എ. സഫറുള്ള
58. കെ. രാജഗോപാൽ
59. ടി. മനോഹരൻ
60. എ.എം. ഇക്ബാൽ
61. എ. അനിരുദ്ധൻ
62. ടി.ആർ. ശങ്കരപിള്ള
63. എം.വൈ. ആന്റണി
64. പി.കെ. ബാലചന്ദ്രൻ
65. കെ.ജി. ബിന്ദു (WC)
66. ബി. ഉഷാകുമാരി
67. പി.ആർ വസന്തൻ
68. എസ്.എൽ.സജി കുമാർ
69. കെ.സേതുമാധവൻ
70. ആനന്ദൻ.ജി
71. മുകേഷ്.സി

## പത്തനംതിട്ട

72. എസ്. ഹരിദാസ്
73. കെ.സി. രാജഗോപാലൻ
74. പി.ആർ. പ്രസാദ്
75. എം.ബി. പ്രഭാവതി
76. പി.ജെ.അജയകുമാർ (WC)
77. ഫ്രാൻസിസ്.പി.ആന്റണി

## ആലപ്പുഴ

78. ആർ. നാസർ
79. എച്ച്. സലാം
80. കെ. പ്രസാദ്
81. എൻ.ആർ. ബാബുരാജ്
82. സുരേശ്വരിഘോഷ്
83. എ. മഹേന്ദ്രൻ
84. ടി.കെ. ദേവകുമാർ

കോട്ടയം

85. വി.എൻ. വാസവൻ
86. എ.വി. റസ്സൽ
87. അഡ്വ. റജി സക്കറിയ
88. കെ.കെ. ഗണേശൻ
89. കെ.ബി. രമ
90. വി.കെ. സുരേഷ്കുമാർ
91. കെ.ജെ.തോമസ് (WC)

## ഇടുക്കി

92. കെ.എസ്. മോഹനൻ (WC)
93. ആർ. തിലകൻ
94. കെ.വി.ശശി
95. വി.എൻ. മോഹനൻ
96. സിന്ധു വിനോദ്

എറണാകുളം

97. സി.എൻ. മോഹനൻ
98. സി.കെ.മണിശങ്കർ
99. ജോൺ ഫെർണാണ്ടസ് (WC)
100. സി.കെ. പരീത്
101. സി.ഡി. നന്ദകുമാർ
102. ടി.വി. സൂസൻ
103. കെ.വി. മനോജ്
104. എം. അനിൽകുമാർ

## തൃശ്ശൂർ

105. എം.എം. വർഗ്ഗീസ്
106. കെ.കെ. രാമചന്ദ്രൻ (WC)
107. കെ.എഫ്. ഡേവിസ്
108. കെ.വി. ഹരിദാസ്
109. ലതാചന്ദ്രൻ
110. ഷീലാ അലക്സ്
111. മീരാ നിമേഷ്
112. ആർ.വി. ഇക്ബാൽ
113. എൻ.കെ. അക്ബർ
114. പി.കെ. പുഷ്പാകരൻ
115. എ. സിയാവുദ്ദീൻ

## പാലക്കാട്

116. ടി.കെ. അച്ചുതൻ
117. എ. പ്രഭാകരൻ
118. എസ്.ബി. രാജു

119. വി. സരള
120. എൻ. ഉണ്ണികൃഷ്ണൻ
121. എൻ.എൻ.കൃഷ്ണദാസ്
122. പി.എൻ.മോഹനൻ
123. സി.കെ.ചാമുണ്ണി

### മലപ്പുറം

124. വി.പി. സക്കറിയ (WC)
125. വി.പി. സോമസുന്ദരൻ
126. പി. പത്മജ
127. ജോർജ്.കെ.ആന്റണി
128. കെ.രാംദാസ്

### കോഴിക്കോട്

129. ടി. വിശ്വനാഥൻ
130. സി. നാസർ
131. കെ.കെ. മമ്മു
132. കെ. ഷീബ
133. പി.സി. സുരേഷ്

### വയനാട്

134. വി.വി. ബേബി (WC)
135. പി.വി. സഹദേവൻ

### കണ്ണൂർ

136. കെ. മനോഹരൻ (WC)
137. സി. കൃഷ്ണൻ (WC)
138. അരക്കൻ ബാലൻ
139. എം.വി. ജയരാജൻ
140. ടി.പി. ശ്രീധരൻ
141. മേരി ജോബ്

### കാസർഗോഡ്

142. സാബു എബ്രഹാം (WC)
143. പി.മണിമോഹനൻ
144. ഇ.രമണി

### ആർട്ടിസാൻസ് യൂണിയൻ

145. പി.കെ. ഷാജൻ (WC)
146. കെ.കെ.ഹരികുട്ടൻ
147. ജി. രാജമ്മ
148. എം. മോഹൻദാസ്
149. വി.എസ്. അനൂപ്
150. മാമ്പറ്റ ശ്രീധരൻ (WC)
151. ടി.എം. ജമീല
152. എ.രാജൻ
153. എൻ.ഹരിദാസൻ

### ഡ്രൈവിംഗ് സ്കൂൾ

154. സി.ടി. അനിൽ കുമാർ

### ഐടി

155. എ.ഡി.ജയൻ

### KCEU

156. പി.എം. വാഹിദ
157. എം.എൻ.മുരളി

### KMSRA

158. പി.കെ. സന്തോഷ്

### ഫോട്ടോഗ്രാഫേഴ്സ്

159. ബൈജു ഓമല്ലൂർ

### കളിമൺപാത്രം

160. കെ.എൻ.കുട്ടമണി

### KSEBWA

161. സി. ഉണ്ണികൃഷ്ണൻ

### KSRTEA

162. എസ്. വിനോദ്

### LICOAI

163. പി.ജി.ദിലീപ് കുമാർ (WC)
164. എൽ.മഞ്ചുനാഥ്
165. സുർജിത്ത് കുമാർ ബോസ്
166. എസ്.എ.കലാം

### പ്ലാന്റേഷൻ

167. സി.കെ. ഉണ്ണികൃഷ്ണൻ
168. മുരളീ കൃഷ്ണപിള്ള (KSFE)
169. എം. ഇബ്രാഹിംകുട്ടി (ടാങ്കർലോറി)
170. സുമേഷ് പത്മൻ (ന്യൂജൻ ബാങ്ക്)
171. പി. ഉണ്ണികൃഷ്ണൻ (KWAEU)
172. എൻ.ജി.മണിക്കുട്ടൻ (ബേക്കറി)
173. സുരേഷ് പാലത്ത് (മൾട്ടിലെവൽ)
174. കെ.എ.അലിഅക്ബർ (പാർസൽ)
175. ടി.വി.രാജേഷ് (സതേൺ നേവൽ കമാന്റ്)
176. കെ. ജയപ്രകാശ് (സെക്യൂരിറ്റി)

### ഓഫീസ്

177. സി.എസ്.അജിത്കുമാർ
178. കെ. രാജേഷ്



# ലോകം പ്രതിസന്ധികളുടെ നടുവിൽ

**മനുഷ്യരാശി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വെല്ലുവിളിയും കൈകാര്യം ചെയ്യാൻ കഴിയാത്ത സ്ഥിതിയിലാണ് മുതലാളിത്തം. ലാഭത്തെ മാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മുതലാളിത്തത്തിന് പാരിസ്ഥിതിക പ്രശ്നങ്ങളും പ്രായമേറുന്ന ഒരു സമൂഹത്തിന്റെ വിഷയങ്ങളും ഒന്നും കൈകാര്യം ചെയ്യാൻ കഴിയില്ല എന്ന് അനുദിനം തെളിഞ്ഞുകൊണ്ടിരിക്കുകയാണ്.**



ജോസ് ടി എബ്രഹാം



ലോകം ഇന്നിപ്പോൾ യുദ്ധം,പാരിസ്ഥിതിക പ്രശ്നങ്ങൾ, വിലക്കയറ്റം,കടം തുടങ്ങിയ സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയുടെ നടുവിലൂടെയാണ് കടന്നു പൊയ്കൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളും വിട്ടൊഴിഞ്ഞിട്ടില്ല. കോവിഡും,യുദ്ധവും,വ്യാപാര തർക്കങ്ങളും മൂലം ലോകത്തെ ചരക്കു വിതരണ ശൃംഘലയാകെ തകരാറിലാണ്. ഈ പ്രതിസന്ധികളെല്ലാം ഭൗമ രാഷ്ട്രീയ ബന്ധങ്ങളിലും, സാമൂഹ്യ സ്ഥിതിയിലും രാഷ്ട്രീയ ഘടനയിൽ തന്നെയും വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഏകാധിപതികളുടെ ഭരണത്തിൽ ലോക ജനസംഖ്യയുടെ 8% മാത്രമാണ് 2011 ൽ ഉണ്ടായിരുന്നത്. 2021 ആയപ്പോൾ അത് 36% ആയി ഉയർന്നു എന്നാണ് ഒരു റിപ്പോർട്ട് പറയുന്നത്.

2023ലെ ലോക സാമ്പത്തിക ഫോറം മീറ്റിംഗിനോടനുബന്ധിച്ച് പുറപ്പെടുവിച്ച ലോക അപകട റിപ്പോർട്ട് (World Risk Report) ലോകം ഇന്ന് നേരിടുന്ന പല പ്രതിസന്ധികളെക്കുറിച്ചും ചർച്ച ചെയ്യുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ലോകത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് ലോക അപകട റിപ്പോർട്ട് പറയുന്നു. പ്രകൃതി ദുരന്തങ്ങളും അതിതീവ്രമായ കാലാവസ്ഥയും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും വലിയ ഭീഷണി ഉയർത്തും. മനുഷ്യരാശിയുടെ ഉദയത്തിനു ശേഷം ആവാസ വ്യവസ്ഥക്കും ജൈവസമ്പത്തിനും ഇത്രയേറെ പരിക്കു പറ്റിയ കാലഘട്ടം ലോകത്ത് ഉണ്ടായിട്ടില്ല. ഇപ്പോൾ തുർക്കിയിലും സിറിയയിലും ഉണ്ടായ ഭൂകമ്പങ്ങൾ തന്നെ ഇതിനുദാഹരണമാണ്. പ്രകൃതിദുരന്തങ്ങൾ മൂലം ലക്ഷോപലക്ഷം ജനങ്ങൾ അവരുടെ വാസസ്ഥലം വിട്ട് പാലായനം ചെയ്യാൻ നിർബന്ധിതരായിരിക്കുകയാണ്. പല ജീവികളും ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും വർദ്ധിക്കുന്ന സ്ഥിതിയുണ്ട്. വിലക്കയറ്റവും വളർച്ചയിലെ ഇടിവുമാണ് ഇക്കണോമിക് ഫോറം റിപ്പോർട്ട് കാണുന്ന മറ്റൊരു ഭീഷണി. ഉക്രൈൻ യുദ്ധം, കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ, അമേരിക്കയും ചൈനയുമായുള്ള വ്യാപാര തർക്കങ്ങൾ, അമേരിക്ക അടിച്ചേൽപ്പിക്കുന്ന ഉപരോധങ്ങൾ എല്ലാം ചേർന്ന് ലോകത്ത് ചരക്ക് വ്യാപാര വിതരണ ശൃംഖലകൾ തകരാറിലാണ്. വിതരണത്തിലെ തകർച്ച എല്ലാ ചരക്കുകളുടെയും വില ഉയരാൻ കാരണമായി. രാസവളങ്ങളുടെ വില ലോകത്ത് 200% വരെയാണ് ഉയർന്നത്. രാസവളങ്ങളുടെയും കീടനാശിനികളുടെയും വില ഉയരുന്നത് മൂലം കാർഷികോൽപാദനത്തെ തന്നെ അത് ബാധിച്ചു.

**വിലകൾ ഉയരുന്ന സാഹചര്യത്തിൽ ലോകത്തെ കേന്ദ്ര ബാങ്കുകളെല്ലാം കാലങ്ങളായി എടുത്തുവരുന്ന നടപടിയാണ് പലിശ നിരക്ക് ഉയർത്തുക എന്നത്. ഇപ്പോഴും ലോകമാകെ കേന്ദ്ര ബാങ്കുകൾ പലിശ നിരക്ക് ഉയർത്തി കൊണ്ടിരിക്കുകയാണ്. പലിശ നിരക്ക് ഉയർത്തുമ്പോൾ സ്വാഭാവികമായി നിക്ഷേപകർ വായ്പയെടുക്കാനും പുതിയ നിക്ഷേപം നടത്താനും വിമുഖരാവും. നിക്ഷേപം കുറയുമ്പോൾ ഉൽപാദനവും വളർച്ചയും കുറയും. അത് വീണ്ടും വിലക്കയറ്റം ഉയരാൻ കാരണമാകും. കേന്ദ്ര ബാങ്കുകളുടെ പലിശ ഉയർത്തൽ, വിതരണത്തിലെ കുറവ് പരിഹരിക്കാൻ സഹായിക്കില്ല എന്നതാണ് വസ്തുത.**

ലോകം ആകെ ഭക്ഷ്യ വസ്തുക്കളുടെ വില വിതരണത്തിലെ തകർച്ചയും ഉത്പാദനത്തിലെ ഇടിവും മൂലം ഉയരുന്ന സ്ഥിതിയിലാണ്.

വിലകൾ ഉയരുന്ന സാഹചര്യത്തിൽ ലോകത്തെ കേന്ദ്ര ബാങ്കുകളെല്ലാം കാലങ്ങളായി എടുത്തുവരുന്ന നടപടിയാണ് പലിശ നിരക്ക് ഉയർത്തുക എന്നത്. ഇപ്പോഴും ലോകമാകെ കേന്ദ്ര ബാങ്കുകൾ പലിശ നിരക്ക് ഉയർത്തി കൊണ്ടിരിക്കുകയാണ്. പലിശ നിരക്ക് ഉയർത്തുമ്പോൾ സ്വാഭാവികമായി നിക്ഷേപകർ വായ്പയെടുക്കാനും പുതിയ നിക്ഷേപം നടത്താനും വിമുഖരാവും. നിക്ഷേപം കുറയുമ്പോൾ ഉൽപാദനവും വളർച്ചയും കുറയും. അത് വീണ്ടും വിലക്കയറ്റം ഉയരാൻ കാരണമാകും. കേന്ദ്ര ബാങ്കുകളുടെ പലിശ ഉയർത്തൽ, വിതരണത്തിലെ കുറവ് പരിഹരിക്കാൻ സഹായിക്കില്ല എന്നതാണ് വസ്തുത. ആവശ്യകത വർദ്ധിച്ച് വില ഉയരുന്നത് തടയാൻ മാത്രമാണ് കേന്ദ്ര ബാങ്ക് പലിശ ഉയർത്തൽ സഹായിക്കുക. നേരെ വിപരീത നടപടിയാണ് ഇപ്പോൾ കേന്ദ്രബാങ്കുകൾ എടുത്തു കൊണ്ടിരിക്കുന്നത്.

വിതരണത്തിലെ കുറവുമൂലം വരുന്ന വിലക്കയറ്റവും കേന്ദ്രബാങ്ക് നടപടികളും മൂലം സ്റ്റാഗ്ഫ്ലേഷൻ എന്ന ഗുരുതരമായ സാമ്പത്തിക നിലയും സൃഷ്ടിക്കപ്പെട്ടേക്കാം. ഇതുമൂലം ദാരിദ്ര്യവും പട്ടിണിയും വലിയ പ്രതിഷേധങ്ങളും സാമൂഹിക സംഘർഷങ്ങളും രാഷ്ട്രീയ അസ്വസ്ഥതകളും എല്ലാം സൃഷ്ടിക്കപ്പെടും. ശ്രീലങ്കയിലും പാകിസ്ഥാനിലും ഉൾപ്പെടെ ലോകത്തെ പല രാജ്യങ്ങളിലും നാം ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. ദരിദ്ര രാജ്യങ്ങൾ കടഭാരം താങ്ങാൻ കഴിയാത്ത സ്ഥിതിയിലാണ്. ദരിദ്ര രാജ്യങ്ങളുടെ കടഭാരം ഉയരുന്നതും അവർക്ക് കടം തിരിച്ചടക്കാൻ കഴിയാതെ വരുന്നതും സാമൂഹിക സംഘർഷങ്ങൾ പതിന്മടങ്ങ് വർദ്ധിക്കാൻ കാരണമാകും എന്ന് ഐഎംഎഫ് തന്നെ പറയുന്നു.

കോവിഡും, ഉക്രൈൻ യുദ്ധം സൃഷ്ടിച്ച പ്രതിസന്ധികളും നാണയ വിനിമയത്തിൽ ചില മാറ്റങ്ങൾ വരുത്തി കൊണ്ടിരിക്കുകയാണ്. ഡോളറിന്റെ പ്രാധാന്യം ലോക വ്യാപാരത്തിൽ കുറഞ്ഞുവരുന്ന സ്ഥിതിയുണ്ട്. അന്തർദേശീയ വ്യാപാരത്തിന് പല രാജ്യങ്ങളും അവരുടെ നാണയം തന്നെ ഉപയോഗിക്കുന്ന നിലയുണ്ട്. ഉദാഹരണത്തിന് ഇന്ത്യ, റഷ്യ വ്യാപാരത്തിന് ഇപ്പോൾ കൂടുതലായി ഉപയോഗിക്കുന്നത് റൂബിളും രൂപയുമാണ്. അല്ലാതെ ഡോളർ അല്ല. സൗദി അറേബ്യയും ചൈനയും എല്ലാം ഡോളർ ഉപയോഗം കുറയ്ക്കുകയാണ്. 1991 ൽ ലോകത്തെ ഫോറിൻ എക്സ്ചേഞ്ച് റിസർവിന്റെ 71% ഡോളറിൽ ആയിരുന്നത് 2021ൽ 59% ആയി കുറഞ്ഞു.

ഉക്രൈൻ യുദ്ധത്തിന്റെ ഫലമായി ഉയർന്നുവന്നിരിക്കുന്ന മറ്റൊരു സംഭവവികാസമാണ് യൂറോപ്പിലെ വ്യാവസായിക പ്രതിസന്ധി. വളരെ ഉയർന്ന ഊർജ്ജ വിലയും വിലക്കയറ്റവും മൂലം യൂറോപ്പിലെ പല വ്യവസായങ്ങളും ഇപ്പോൾ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് കുടിയേറുന്ന സ്ഥിതിയുണ്ട്. ഇലക്ട്രിക് കാറുകളുടെ പ്രാധാന്യവും ഉൽപാദനവും ജർമ്മൻ കാർ വ്യവസായത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഊർജ്ജ വില യൂറോപ്പിൽ 200% ത്തിലധികം വർദ്ധിച്ച സ്ഥിതിയിലാണ്.

ഇത്തരത്തിൽ വിഷമം പിടിച്ച ഒരു അവസ്ഥയിൽ ലോക സാമ്പത്തിക രംഗം 2022ൽ 2.9% മാത്രമെ വളർച്ച നേടു എന്നാണ് ഐ എം എഫ് പ്രസിദ്ധീകരിച്ച World economic Outlook പറയുന്നത്.

ലോകത്തെ ജനസംഖ്യാ ഘടനയിലും അതിവേഗം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ജനസമൂഹത്തിന്റെ പ്രായം ഉയരുന്ന സ്ഥിതിയാണ്. ആയുർ ദൈർഘ്യം കൂടുന്നതും ജനന നിരക്ക് കുറയുന്നതും പല വെല്ലുവിളികളാണ് സമൂഹത്തിൽ ഉയർത്തുന്നത്. ജപ്പാനിലും ഇതര വികസിത രാജ്യങ്ങളിലും മറ്റും പ്രായമേറുന്നവരെ സംരക്ഷിക്കൽ വലിയ പ്രശ്നമാണ് ഇപ്പോൾ .

ഇന്ന് മനുഷ്യരാശി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വെല്ലുവിളിയും കൈകാര്യം ചെയ്യാൻ കഴിയാത്ത സ്ഥിതിയിലാണ് മുതലാളിത്തം. ലാഭത്തെ മാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മുതലാളിത്തത്തിന് പാരിസ്ഥിതിക പ്രശ്നങ്ങളും പ്രായമേറുന്ന ഒരു സമൂഹത്തിൻറെ വിഷയങ്ങളും ഒന്നും കൈകാര്യം ചെയ്യാൻ കഴിയില്ല എന്ന് അനുദിനം തെളിഞ്ഞുകൊണ്ടിരിക്കുകയാണ്.

# ഇന്റർനാഷണൽ ട്രേഡ് യൂണിയൻ ഫോറം രൂപീകരണം

വ്യാപകമായ ട്രേഡ് യൂണിയൻ പോരാട്ടങ്ങളുടെയും അന്തർദേശീയ ട്രേഡ് യൂണിയൻ സഹകരണത്തിനായുള്ള തുടർ ചർച്ചകളുടെയും പശ്ചാത്തലത്തിലാണ് 2004 ഒക്ടോബറിൽ ചൈനയിലെ ബീജിങ്ങിൽ ഡബ്ല്യൂ.എഫ്.ടി.യു, എ.ഡി.എഫ്.ടി.യു, ഒ.എ.ടി.യു.യു, ഐ.യു.സി.എ.ടി.യു, ജി.സി.ടി.യു തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ 'ഇന്റർനാഷനൽ ഫോറം ഓൺ ഇക്കണോമിക് ഗ്ലോബലൈസഷൻ ആൻഡ് ട്രേഡ് യൂണിയൻസ്' സമ്മേളിക്കുന്നത്.

ബീജിംഗ് ഫോറം ചില പ്രത്യേക പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ട് വരികയുണ്ടായി. വിവിധ തരത്തിലുള്ള ധ്രുവീകരണത്താലും സാമ്പത്തിക ആഗോളവൽക്കരണത്താലും ലോകം വളഞ്ഞ് തിരിഞ്ഞ് മുന്നോട്ട് നീങ്ങുമ്പോൾ ശാസ്ത്രവും സാങ്കേതിക വിദ്യയും വിസ്മയജനകമായ വേഗതയിൽ വികസിക്കുകയാണ്. അന്തർ ദേശീയ സാഹചര്യം സങ്കീർണവും ഗാഢവുമായ മാറ്റങ്ങൾക്ക് വിധേയമാവുന്നു. ഇത് വികസ്വര രാജ്യങ്ങൾ ഉൾപ്പെടെ എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികളുടെ തൊഴിലിനും സാമൂഹിക സുരക്ഷയ്ക്കും, ട്രേഡ് യൂണിയൻ അവകാശങ്ങൾക്കും മേൽ ഗൗരവതരമായ വെല്ലുവിളികൾ ഉയർത്തുന്നു. സാമ്പത്തിക ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകമൊട്ടുക്ക് ട്രേഡ് യൂണിയൻ പ്രസ്ഥാനം ഐക്യവും സഹകരണവും വർധിപ്പിക്കേണ്ടത് അടിയന്തിരമായ ഒരാവശ്യമായി മാറുന്നു. മൂലധനത്തിന്റെ സ്വതന്ത്രമായ ആഗോള ഒഴുക്ക്, ബഹുരാഷ്ട്ര കമ്പനികളുടെ ദ്രുതഗതിയിലുള്ള വികസനവുമായി കൂടി ചേരുമ്പോൾ, ഒരു രാജ്യത്തിനുള്ളിൽ തന്നെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ മുൻപത്തേക്കാളും വലിയ പ്രയാസങ്ങൾ നേരിടുകയാണ്. വികസ്വര രാജ്യങ്ങളിലെ ട്രേഡ് യൂണിയനുകളുടെ ഐക്യം പരിപുഷ്ടമാക്കുക വഴി മാത്രമേ വികസ്വര രാജ്യങ്ങളിലെ തൊഴിലാളികളുടെ അവകാശങ്ങളും താല്പര്യങ്ങളും ആഗോള സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ സാഹചര്യത്തിൽ സംരക്ഷിക്കാനാകൂ എന്ന് തൊഴിലാളികൾ മനസിലാക്കിത്തുടങ്ങിയിരിക്കുന്നു.


എൻ. പത്മലോചനൻ

അന്തർദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ ആഗോളവൽക്കരിക്കപ്പെട്ട സമ്പദ്ഘടന ഉയർത്തുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കാൻ, സംഘടനകൾ ഏറ്റുമുട്ടലിൽ നിന്നും പരസ്പരം പഴിചാരുന്നതിൽ നിന്നും ഒഴിഞ്ഞു നിന്നുകൊണ്ട് സംഭാഷണങ്ങളും ആശയവിനിമയവും ശക്തിപ്പെടുത്തി പരസ്പര ബഹുമാനം ദൃഢപ്പെടുത്തേണ്ടത് ആവശ്യമാണ്. തൊഴിലാളികളുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകുകയും പരസ്പരം സഹായിക്കാൻ താൽപര്യം കാട്ടുകയും ചെയ്യാലേ അന്തർദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും വിശ്വസനീയ പാതയിൽ മുന്നേറാനാകൂ.

അധിക ചൂഷണത്തിനും വിവേചനത്തിനും വിധേയരാകുന്ന സ്ത്രീതൊഴിലാളികൾ, ചെറുപ്പക്കാരായ തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, എൻജിനീയർമാർ , ടെക്നീഷ്യന്മാർ തുടങ്ങിയവരുടെ പ്രശ്നങ്ങൾക്കും പോരാട്ടങ്ങൾക്കും ഡബ്ല്യു.എഫ്.ടി.യു വൻ പ്രാധാന്യം നൽകുന്നു.

തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ പങ്ക് ഉത്പാദന മേഖലയിലും സമൂഹത്തിലും വളർന്നു വരുന്നത് കണക്കിലെടുക്കാതെ ഒരു ട്രേഡ് യൂണിയനും യഥാവിധി പ്രവർത്തിക്കാനോ ചുമതലയും ഉത്തരവാദിത്വവും പൂർത്തിയാക്കാനോ കഴിയില്ലെന്ന് ഡബ്ല്യു.എഫ്.ടി.യു കരുതുന്നു. കഴിഞ്ഞ ദശാബ്ദത്തിൽ ലോകത്തിലെ സാമൂഹിക സാമ്പത്തിക മാറ്റങ്ങളുടെ ഫലമായി സ്ത്രീ തൊഴിലാളികളുടെ എണ്ണം 15 കോടിയായി ഉയർന്നു. സാമ്പത്തികമായി സജീവമായ ജനസമൂഹത്തിൽ സ്ത്രീകൾ 36% വരുമെന്ന് കണക്കാക്കുന്നു. 2000 ആണ്ട് കടക്കുന്നതോടുകൂടി തൊഴിൽ സേനയിൽ സ്ത്രീകൾ ഏകദേശം 100 കോടി ആകും എന്ന് കരുതിയിരുന്നത് ശരിയാണെന്ന് തെളിഞ്ഞു.

തൊഴിലെടുക്കുന്ന സ്ത്രീകളും തൊഴിലാളി സംഘടനകളും നടത്തുന്ന ശ്രമങ്ങൾക്ക് അതീതമായി പല മേഖലകളിലും പ്രദേശങ്ങളിലും തുല്യതയില്ലായ്മ, വിവേചനം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ നിലനിൽക്കുന്നു. സാമൂഹിക അന്തർഘടന ആവശ്യപ്പെടുന്ന തരത്തിൽ ജോലിയും കുടുംബവും ഉത്തരവാദിത്വങ്ങളും ഒരുമിച്ചു കൊണ്ടുപോകുന്നതിന് സഹായകരമായ രീതിയിൽ സ്ത്രീകളുടെ തൊഴിലും അവരുടെ ആവശ്യങ്ങളും തമ്മിൽ പൊരുത്തപ്പെട്ട് പോകുന്നില്ല.

സ്ത്രീ തൊഴിലാളികളുടെ ആദ്യ ലോക കോൺ

ഫറൻസ് 1956 ജൂൺ 14 മുതൽ 17 വരെ ഹങ്കറിയിൽ ഡബ്ല്യു.എഫ്.ടി.യു സംഘടിപ്പിച്ചു.

**സമ്മേളനത്തിന്റെ അജണ്ട**

1. കൂടുതൽ വേതനത്തിനും, തുല്യ ജോലിക്ക്, തുല്യവേതനത്തിനും വേണ്ടി, എല്ലാത്തരം വിവേചനങ്ങൾക്ക് എതിരെയും, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കും, അവകാശങ്ങൾക്കും, സമാധാനത്തിനും വേണ്ടിയും തൊഴിലെടുക്കുന്ന സ്ത്രീകളുടെയും ട്രേഡ് യൂണിയനുകളുടെയും യോജിച്ചുള്ള പോരാട്ടം.

2. ട്രേഡ് യൂണിയനുകളുടെ പ്രവർത്തനത്തിലും നേതൃത്വത്തിലും കൂടുതൽ സ്ത്രീകളുടെ പങ്കാളിത്തം. 1956 ജൂൺ 14ന് സ്ത്രീ തൊഴിലാളികളുടെ ആദ്യ ലോക കോൺഫറൻസ് ബുഡാപെസ്റ്റിൽ ആരംഭിച്ചു.

അറിയപ്പെടുന്ന ട്രേഡ് യൂണിയൻ നേതാക്കളും, ഫാക്ടറികളിൽ നിന്നും, ഓഫീസുകളിൽ നിന്നും, പ്ലാന്റേഷനുകളിൽ നിന്നും നേരിട്ട് വന്നവരും പങ്കെടുത്തവരിൽപെടുന്നു. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലുള്ള രാജ്യങ്ങളിലെ വൈവിധ്യമാർന്ന രാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്നവരുടെ പങ്കാളിത്തം തൊഴിലെടുക്കുന്ന സ്ത്രീകളുടെ ലോക സമ്മേളനത്തിന് ശരിക്കൊരു പ്രാതിനിധ്യ സ്വഭാവം നൽകി.

**നാലുദിന സമ്മേളനത്തിൽ അംഗീകരിച്ച പ്രധാന രേഖകൾ**

1. പൊതുവായ തീരുമാനം

2. ലോകമൊട്ടുക്കുമുള്ള തൊഴിലെടുക്കുന്ന സ്ത്രീകളോടുള്ള അഭ്യർത്ഥന

3. ഐ എൽ ഒ ഡയറക്ടർ ജനറലിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം.

മിക്ക ട്രേഡ് യൂണിയൻ മാധ്യമങ്ങളും, പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെ ലോകം ഒട്ടുക്കുമുള്ള മാധ്യമങ്ങൾ വിപുലമായ പ്രചരണമാണ് കോൺഫറൻസിന് നൽകിയത്. കോൺഫറൻസിന്റെ ഫലങ്ങൾ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും അവരുടെ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന പോരാട്ടങ്ങളിലും പ്രതിഫലിക്കുന്നതായി കണ്ടു.

അഭിപ്രായ ഭേദങ്ങൾ അവശേഷിക്കുമ്പോൾ തന്നെ ട്രേഡ് യൂണിയനുകൾക്ക് അന്തർദേശീയ ട്രേഡ് യൂണിയൻ സഹകരണം വികസിപ്പിക്കുവാൻ പൊതുവായ മേഖലകൾ ആരായാം. പ്രത്യയശാസ്ത്ര വ്യത്യാസങ്ങളും സാമൂഹിക വ്യവസ്ഥകളും അന്തർദേശീയ അംഗത്വവും ലോകമൊട്ടുക്ക് ട്രേഡ് യൂണിയനുകളുടെ ചർച്ചകൾക്കും സഹകരണത്തിനും പ്രതിബന്ധങ്ങളാകുന്നില്ല. എല്ലായിടത്തെയും ട്രേഡ് യൂണിയനുകൾക്കും സ്വാതന്ത്ര്യം, തുല്യത, പരസ്പര ബഹുമാനം മറ്റുള്ളവരുടെ ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം അനാവശ്യ ഇടപെടൽ നടത്താതിരിക്കൽ തുടങ്ങി സൃഷ്ടിപരമായ മനോഭാവത്തോടെ ഓരോരുത്തരുടെയും വീക്ഷണങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാതെ, ഉപരോധങ്ങൾക്കു പകരം നേരിയ ഭിന്നതകളോടെ സഹകരണ വിജയം സാക്ഷാത്കരിക്കാം. ഓരോ രാജ്യവും തങ്ങളുടെ വികസന നയത്തിന്റെയും ദേശീയ പ്രവണതയുടെയും അടിസ്ഥാനത്തിൽ തനതായ ട്രേഡ് യൂണിയൻ മാതൃക തിരഞ്ഞെടുത്തിരിക്കുന്നതിൽ കൈകടത്തതെയും ഇരിക്കുക. വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങളുടെ പ്രാദേശിക സംഘർഷങ്ങളും, പ്രതിബന്ധങ്ങളും പരിഹരിക്കാൻ സഹായിച്ച് കൂടുതൽ ഉത്തവാദിത്ത്വങ്ങളും ചുമതലകളും ഏറ്റെടുത്ത് മെച്ചപ്പെട്ട സ്വദേശീയവും അന്തർദേശീയവുമായ പരിതഃസ്ഥിതികളിലൂടെ സാമ്പത്തിക വളർച്ച ഉണ്ടാക്കി അവിടുത്തെ തൊഴിലാളികളുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് പ്രായോഗിക കാര്യങ്ങൾ ചെയ്യു കൂട്ടായ ശ്രമങ്ങളിലൂടെ മെച്ചപ്പെട്ട നീണ്ടുനിൽക്കുന്ന തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിച്ചു ദാരിദ്ര്യം നിർമാർജനം ചെയ്തു എല്ലാ രാജ്യങ്ങളുടെയും മൊത്തത്തിലുള്ള പുരോഗതി യാഥാർത്ഥ്യമാക്കണം.

വ്യാവസായിക ബന്ധങ്ങളിൽ ഏർപ്പെടുന്ന ഇരുകക്ഷികളുടെ ദേശീയ സമ്പദ്ഘടനകളുടെ വളർച്ചയിലും വ്യാപാര സംരംഭക സാമ്പത്തിക കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിലും താൽപര്യങ്ങൾ പങ്കുവയ്ക്കുമ്പോൾ അത് സംഭാഷണത്തിലും ചർച്ചയിലും കൂടി തർക്കങ്ങൾ പരിഹരിക്കാൻ സാധ്യതകൾ സജ്ജീകരിക്കുകയും ഒടുവിൽ അത് വിജയത്തിൽ കലാശിക്കുകയും ചെയ്യും. തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കാൻ ഈയൊരു സമീപനം ഗുണകരമാണ്.

സുദൃഢമായ ഐക്യം നേടാൻ സാർവദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻറെ മൊത്തത്തിലുള്ള ലക്ഷ്യം സഹകരണവും സൗഹൃദവും ആകണം. ഐക്യം, സൗഹൃദം, സഹകരണം ഇവ എല്ലായ്പ്പോഴും അന്തർദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാകണം. ഐക്യം ദൃഢപ്പെടുത്തേണ്ടതും സൗഹൃദം പ്രോത്സാഹിപ്പിക്കേണ്ടതും ആരോഗ്യകരമായ വികസനത്തിന് സഹകരണത്തിന്റെ പാതയിവൽ മുന്നോട്ട് നീങ്ങേണ്ടതും ലോക ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് വളരെ അത്യാവശ്യമാണ്.

ലോക ജനസംഖ്യയുടെ പകുതിയെ പ്രതിനിധീകരിക്കുന്ന, മൂന്നിൽ രണ്ടുമണിക്കൂറുകളും പണിയിലേർപ്പെട്ട് ലോക വരുമാനത്തിന്റെ 10% മാത്രം നേടി, ലോക സമ്പത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രം സ്വന്തമായുള്ള സ്ത്രീകളുടെ ഈ ഗതി തീർത്തും അപകീർത്തികരമാണ്. വേതനം കുറഞ്ഞതും, ഉറപ്പില്ലാത്തതുമായ ജോലികളിലേക്കാണ് സ്ത്രീകൾ കൂടുതലായി എത്തിപ്പെടുന്നത്. അതിനാൽ തന്നെ ദാരിദ്രരേഖക്ക് താഴെയുള്ളവരിൽ പത്ത് ശതമാനം സ്ത്രീകളാണ്.●

# ജീവനക്കാരെ കൂട്ടമായി പിരിച്ച്‌വിട്ട് വൻകിട കമ്പനികൾ

ലോകമാകെ എല്ലാ വ്യവസായത്തിലും പ്രത്യേകിച്ച് ഐ.ടി മേഖലയിൽ വലിയ പിരിച്ചുവിടലുകൾ കഴിഞ്ഞ ഏതാണ്ട് ആറുമാസമായി നടന്നുകൊണ്ടിരിക്കുകയാണ്. ഗൂഗിൾ പിരിച്ചുവിട്ടത് 12,000 തൊഴിലാളികളെയാണ്. അതവരുടെ മൊത്തം തൊഴിലാളികളുടെ 6 ശതമാനത്തോളം വരും. ഫെയ്സ്ബുക്ക് മാതൃകമ്പനിയായ മെറ്റ പിരിച്ചുവിട്ടത് 11,000 ജീവനക്കാരെയാണ്. ഓൺലൈൻ വ്യാപാര കമ്പനിയായ ആമസോൺ 10000 പേരെയാണ് പിരിച്ചുവിട്ടത്. ചൈനീസ് വ്യാപാര കമ്പനിയായ അലിബാബ 10000 തൊഴിലാളികളെ പിരിച്ചുവിട്ടു. സ്വിസ് ധനകാര്യ സ്ഥാപനമായ ക്രെഡിറ്റ് സുയിസ് 9,000 പേരെയും ട്വിറ്റർ 4800 ഉം ഐ.ബി.എം 3900 ഉം പേരെയുമാണ് പിരിച്ചുവിട്ടത്.

ടെക് കമ്പനികൾ ജനുവരി മാസത്തിൽ മാത്രം 48,000 ജീവനക്കാരെയാണ് പിരിച്ചുവിട്ടത്. ആമസോൺ, ഗൂഗിൾ, മെററ്, മൈക്രോസോഫ്റ്റ് തുടങ്ങിയ പ്രധാനപ്പെട്ട ഐ.ടി കമ്പനികൾ മാത്രം പിരിച്ചുവിട്ടവരിൽ കൂടുതൽപേരും ഇന്ത്യാക്കാരായിരുന്നു. അതിൽ പലരും കേരളീയരുമായിരുന്നു.



സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ വൻകിട കമ്പനികൾ തൊഴിലാളികളുടെ എണ്ണം വീണ്ടും കുറയ്ക്കുന്നു. പുന:സംഘടനയുടെ ഭാഗമായി വാൾട്ട് ഡിസ്നി 7000 പേരെ പിരിച്ചു വിടും. ആഗോള ജീവനക്കാരുടെ 3.6 ശതമാനമാണിത്.

അമേരിക്കൻ ഓൺലൈൻ വ്യാപാര കമ്പനിയായ ഇബേ 500 ജീവനക്കാരെയാണ് ഒഴിവാക്കുന്നത്. ആഗോള ജീവനക്കാരിൽ 4 ശതമാനമാണിത്. സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുമെന്ന മുന്നറിയിപ്പ് നൽകി സൂം വീഡിയോ കമ്മ്യൂണിക്കേഷൻസ് 1300 ജീവനക്കാരെ പിരിച്ചുവിടുമെന്ന് പ്രഖ്യാപിച്ചു. 15 ശതമാനം ജീവനക്കാരെയാണ് ഇത് ബാധിക്കുക. അടുത്ത സാമ്പത്തിക വർഷം ശമ്പളത്തിന്റെ 98 ശതമാനം സ്വയം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചതായി സിഇഒ എറിക് യുവാൻ പറഞ്ഞു. ബോണസും വേണ്ടെന്ന് വയ്ക്കും.

വാഹന നിർമാതാക്കളായ ഫോഡും അവശ്യഘട്ടത്തിൽ 3200 പേരെ വരെ പിരിട്ടുവിടാൻ സാധ്യതയുള്ളതായും അറിയുന്നു. 14,000 ജീവനക്കാർ ഇവിടെയുണ്ട്.

പരിശീലനം പൂർത്തിയാക്കിയ പ്രോബേഷനറി ജീവനക്കാരെ സ്ഥിരപ്പെടുത്താതെ ഇൻഫോസിസും പിരിച്ചയക്കുന്നു. വിപ്രോ സമാന നടപടി സ്വീകരിച്ചതിനു പിന്നാലെയാണിത്. ശരാശരിക്കാരെ നിലനിർത്തുന്നില്ലെന്നാണ് കമ്പനികളുടെ നിലപാട്.

രാജ്യത്തെ ഐടി കമ്പനികൾ വ്യാപകമായി ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. പരിശീലനകാലത്തെ പ്രകടനത്തിനുള്ള മാർക്ക് 20 ശതമാനത്തിൽ താഴെയാണെന്നു ചൂണ്ടിക്കാട്ടി 452 പേരെ വിപ്രോ പിരിച്ചുവിട്ടതിനെതിരെ തൊഴിലാളി സംഘടന നാസന്റ് ഇൻഫർമേഷൻ ടെക്നോളജി എംപ്ലോയീസ് സെനറ്റ് (നിറ്റ്സ്) കേന്ദ്ര തൊഴിൽ മന്ത്രാലയത്തിനു കത്തയച്ചിരുന്നു. 2022 മാർച്ച് മുതൽ ജൂലൈ വരെ സ്റ്റൈപന്റ് പോലുമില്ലാതെ പരിശീലനം പൂർത്തിയാക്കിയവരെയാണ് ജനുവരി 20 ന് പിരിച്ചുവിട്ടത്.

# റിപ്പോ കൂട്ടിയാൽ വില കുറയുമോ ?

വിലക്കയറ്റം തടയാനുള്ള യുദ്ധമെന്ന് പ്രഖ്യാപിച്ചാണ് റിസർവ് ബാങ്ക് തുടർച്ചയായി റിപ്പോ നിരക്ക് വർധിപ്പിക്കുന്നത്. ആ യുദ്ധം തീർത്തും പരാജയമാണെന്ന് ഏറ്റവുമൊടുവിൽ പുറത്തുവന്ന ഔദ്യോഗിക കണക്കുതന്നെ വ്യക്തമാക്കുന്നു. റിസർവ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള അപായരേഖയും കടന്ന് വിലകൾ കുതിക്കുകയാണ്. കേന്ദ്ര സ്ഥിതിവിവര സംഘടന പ്രസിദ്ധീകരിച്ച റിപ്പോർട്ടു പ്രകാരം ഉപഭോക്തൃസൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റനിരക്ക് ജനുവരിയിൽ 6.52 ശതമാനമായി വർധിച്ചു. ഡിസംബറിൽ 5.72 ശതമാനമായിരുന്നതാണ് ആറു ശതമാനമെന്ന അപായരേഖയും കടന്ന് മുന്നേറിയത്. ഗ്രാമീണമേഖലയിലാണ് രൂക്ഷമായ വിലക്കയറ്റം. അത് 6.85 ശതമാനവും നഗരങ്ങളിൽ ആറു ശതമാനവുമാണ്. ഭക്ഷ്യവസ്തുക്കളുടെ വില വലിയതോതിൽ കൂടി. ഇതിൽത്തന്നെ അരിയും ഗോതമ്പുമടക്കമുള്ള ധാന്യങ്ങൾക്ക് പിടിച്ചാൽകിട്ടാത്ത വിലയായി. ധാന്യങ്ങളുടെ വിലക്കയറ്റം ഡിസംബറിൽ 13.79 ശതമാനമായിരുന്നത് ജനുവരിയിൽ 16.12 ശതമാനമായി. മീൻ, മുട്ട, പാൽ, പാലുൽപ്പന്നങ്ങൾ, എണ്ണ, പഴങ്ങൾ,സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെയൊക്കെ വില കൂടിയിട്ടുണ്ട്.



ഇതുകൊണ്ട് വിലക്കയറ്റം കുറയുന്നില്ലെന്നു മാത്രമല്ല, വാഹനഭവന വായ്പ എടുത്തിട്ടുള്ള സാധാരണക്കാരും ഇടത്തരക്കാരുമെല്ലാം അമിത പലിശഭാരത്തിന്റെ ദുരിതം താങ്ങേണ്ടിയും വരുന്നു. റിപ്പോ നിരക്ക് വർധിപ്പിക്കുന്നതോടെ ബാങ്കുകൾ വായ്പകളുടെ പലിശ കൂട്ടും. ഇതോടെ ഗഡുക്കളായി അടയ്ക്കേണ്ടിവരുന്ന തുകയും വർധിക്കും. വായ്പാ കാലാവധി നീളും. ഈമാസം എട്ടിന് കാൽശതമാനം കൂട്ടിയതടക്കം 2022 മെയ് മുതൽ ആറുതവണ ആർബിഐ റിപ്പോ വർധിപ്പിച്ചു. നിലവിൽ റിപ്പോ 6.5 ശതമാനമാണ്. വിലകൾ കുതിക്കുന്നതിനാൽ ഇനി ഏപ്രിലിലും റിപ്പോ കൂട്ടുമെന്ന് ഉറപ്പായി.

ബാങ്കുകളിൽനിന്ന് വായ്പയായും മറ്റും സമ്പദ്വ്യവസ്ഥയിൽ എത്തുന്ന പണം കമ്പോളത്തിലേക്കൊഴുകി സാധനങ്ങളുടെ ഡിമാൻഡ് വർധിച്ച് വിലക്കയറ്റം ഉണ്ടാകുന്നുവെന്ന നിഗമനത്തിലാണ് റിസർവ് ബാങ്ക് പലിശ കൂട്ടുന്നത്. പലിശ കൂടുന്നതോടെ വായ്പകളും കമ്പോളത്തിൽ എത്തുന്ന പണവും കുറയുമെന്ന് കണക്കാക്കുന്നു. അപ്പോൾ ഡിമാൻഡ് ഇടിഞ്ഞ് വില കുറയും. മുഖ്യധാരാ സാമ്പത്തിക ശാസ്ത്രത്തിന്റെ ഈ കാഴ്ചപ്പാടിലൂന്നിയ പണനയം തുടർച്ചയായി പരാജയപ്പെടുന്നുവെന്ന് വിലയിരുത്താൻ ഇനിയും കാത്തിരിക്കേണ്ട കാര്യമില്ല. ഇന്ത്യയുടെ യഥാർഥ പ്രശ്നം മനസ്സിലാക്കാതെയാണ് ആർബിഐയുടെ പലിശനയം. തൊഴിലും വരുമാനവും ഇടിഞ്ഞ് സാധനങ്ങൾക്ക് ഡിമാൻഡ് ഇല്ലാത്തതാണ് സമ്പദ്വ്യവസ്ഥ നേരിടുന്ന അടിസ്ഥാനപ്രശ്നം. അപ്പോൾ, പലിശ കൂട്ടി വായ്പ നിയന്ത്രിക്കുന്നത് സമ്പദ്വ്യവസ്ഥയുടെ സകല മേഖലകളെയും തളർത്തുകയേയുള്ളൂ. വ്യവസായോൽപ്പാദനം സംബന്ധിച്ച് സ്ഥിതിവിവര സംഘടന കഴിഞ്ഞദിവസം പ്രസിദ്ധീകരിച്ച കണക്കുകൾ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്. നവംബറിൽ 7.3 ശതമാനമായിരുന്ന വ്യവസായ വളർച്ച നിരക്ക് ഡിസംബറിൽ 4.3 ശതമാനമായി കുറഞ്ഞു. എന്താണ് വിലക്കയറ്റത്തിന്റെ യഥാർഥ കാരണം. മോദി ഭരണം പെട്രോളിനും ഡീസലിനും കണക്കില്ലാതെ തീരുവയും സെസും വർധിപ്പിച്ചതും പാചകവാതകവില വർധിപ്പിച്ചതും ഒരു കാരണം. പല സംസ്ഥാനത്തും ശക്തമായ പൊതുവിതരണ സംവിധാനമില്ലാത്തതും ഉൽപ്പാദനച്ചെലവിലെ വർധനയും മറ്റൊരു കാരണം. മോദി ഭരണത്തിൽ പെട്രോളിന്റെയും ഡീസലിന്റെയും തീരുവ 12 പ്രാവശ്യം കൂട്ടി. വിലക്കയറ്റം തടയണമെങ്കിൽ സർക്കാരിന്റെ ഇത്തരം നയങ്ങൾ തിരുത്തണം. അല്ലാതെ ആർബിഐയുടെ പണനയംകൊണ്ട് വില കുറയില്ല. പൊതുവിലക്കയറ്റം കുറച്ചെങ്കിലും പിടിച്ചുനിർത്തുന്നത് കേരളത്തിലാണ് എന്നതും ഇതോടൊപ്പം കാണണം. അത് സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽവഴിയാണ്.

# കയർ തൊഴിലാളികൾ സെക്രട്ടറിയറ്റ് മാർച്ച് നടത്തി



തിരുവനന്തപുരം:കയർ വ്യവസായം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരള കയർ വർക്കേഴ്സ് സെന്റർ (സിഐടിയു) ആഭിമുഖ്യത്തിൽ തൊഴിലാളികൾ സെക്രട്ടറിയറ്റ് മാർച്ച് നടത്തി. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ കയർ വ്യവസായത്തിന്റെ പുരോഗതിക്ക് എന്തെങ്കിലും ചെയ്യാനോ, അതിനെ സംരക്ഷിക്കാനോ തയ്യാറാകുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാരിന്റെയും കയർബോർഡിന്റെയും അവഗണന അവസാനിപ്പിക്കുക, കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ നടപടി സ്വീകരിക്കുക, തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളും തൊഴിലാളികൾ ഉന്നയിച്ചു. മാർച്ചിൽ നൂറുകണക്കിന് തൊഴിലാളികൾ പങ്കാളികളായി. കയർ സെന്റർ സംസ്ഥാന സെക്രട്ടറി കെ കെ ഗണേശൻ അധ്യക്ഷനായി. സിഐടിയു ജില്ലാപ്രസിഡന്റ് ആർ രാമു, എൻ സായികുമാർ, എൻ ആർ ബാബുരാജ്, ആർ സുഭാഷ്, കെ പി കുറുപ്പ്, കെ ബി രമ തുടങ്ങിയവർ സംസാരിച്ചു.

# വയറിങ് തൊഴിലാളികൾ മാർച്ച് നടത്തി

വൈദ്യുതി മേഖലയിൽ പണിയെടുക്കുന്ന വയറിങ് തൊഴിലാളികളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഇലക്ട്രിക്കൽ വയർമെൻ ആൻഡ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ (സിഐടിയു) നേതൃത്വത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഓഫീസിലേക്ക് മാർച്ച് നടത്തി. ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡിൽ അംഗീകൃത സംഘടനയായ സിഐടിയുവിന് പ്രാതിനിധ്യം നൽകുക, ലൈസൻസ് പുതുക്കുന്നതിലെ കാലതാമസം ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ചും ധർണയും. മറ്റ് ജില്ലകളിൽ ജില്ലാ ഇലക്ട്രിക്കൽ ഓഫീസുകളിലേക്കും മാർച്ചും ധർണയും നടന്നു. തിരുവനന്തപുരത്ത് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഓഫീസിന് മുന്നിൽ നടന്ന പ്രതിഷേധം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് എസ് ശിവദത്ത് അധ്യക്ഷനായി. യൂണിയൻ സംസ്ഥാന പ്രസിഡന്റ് സി ബി ചന്ദ്രബാബു, കെ വി ബാലകൃഷ്ണൻ, രാധാകൃഷ്ണൻ നായർ എന്നിവർ സംസാരിച്ചു.



ബിവറേജസ് കോർപ്പറേഷനിൽ 11ാം ശമ്പള പരിഷ്കരണം നടപ്പാക്കാത്തതിലും, പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പളഘടന ഏകീകരിക്കുവാൻ രൂപീകരിച്ച വിദഗ്ധ സമിതി റിപ്പോർട്ട് പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് കെഎസ്ബിസി സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. സി ജയൻബാബു, യൂണിയൻ ജനറൽ സെക്രട്ടറി സ. വിഎസ് അരുൺ തുടങ്ങിയ വിവിധ നേതാക്കൾ സംസാരിച്ചു.









കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (സി.ഡബ്ല്യു.എഫ്.ഐ സിഐടിയു) ദേശീയ സമ്മേളനം സ. കെ ഹേമലതയെ പ്രസിഡന്റായും, സ. യു.പി ജോസഫിനെ ജനറൽ സെക്രട്ടറിയായും, സ. മണ്ണാറം രാമചന്ദ്രനെ ട്രഷററായും തെരഞ്ഞെടുത്തു.

## സിഐടിയു സംസ്ഥാന പഠന ക്ലാസ്

സിഐടിയു സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച ഏകദിന പഠന ക്ലാസിൽ "ഇന്ത്യാ ചരിത്രവും വർഗീയതയും" എന്ന വിഷയത്തിൽ ഡോ: സുനിൽ പി ഇളയിടവും, "വർഗീയതയും സാമ്രാജ്യത്വ മൂലധന വ്യവസ്ഥയും" എന്ന വിഷയത്തിൽ സ. കെ ടി കുഞ്ഞിക്കണ്ണനും ക്ലാസെടുത്ത് സംസാരിച്ചു.





ഖാദിയെ സംരക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പുവരുത്തുക തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി ഗാന്ധി രക്തസാക്ഷിത്വദിനത്തിൽ ഖാദിത്തൊഴിലാളികൾ രാജ്ഭവൻ മാർച്ച്. നടത്തി. ഖാദിയെയും തൊഴിലാളികളെയും അവഗണിക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെയാണ് മാർച്ച്.. കേന്ദ്ര ഖാദി കമീഷന്റെ അവഗണന അവസാനിപ്പിക്കുക, കേന്ദ്ര സർക്കാരിന്റെ തൊഴിലാളി ദ്രോഹജനവിരുദ്ധ നയങ്ങൾ തിരുത്തുക തുടങ്ങിയ മുദ്രാവാക്യങ്ങൾകൂടി ഉയർത്തി നടത്തിയ മാർച്ചിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ അണിനിരന്നു. ധർണ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് സോണി കോമത്ത് അധ്യക്ഷയായി. കടകംപള്ളി സുരേന്ദ്രൻ, സി കൃഷ്ണൻ, എസ് പുഷ്പലത, കെ പി രണദിവെ എന്നിവർ സംസാരിച്ചു.

# കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ പഠന ക്ലാസ്



കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ സി.ഐ.ടി.യു വിന്റെ രണ്ട് ദിവസത്തെ സംസ്ഥാന പഠന ക്ലാസ് ആരംഭിച്ചു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി.കരുണാകരൻ ഉൽഘാടനം ചെയ്തു.

ഇന്ത്യൻ പ്രശ്നങ്ങളും , പരിഹാര മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ കെ.എ. വേണുഗോപാൽ ക്ലാസ് എടുത്തു.

സ്ത്രീ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ പ്രൊഫസർ ഒലീന ക്ലാസ് എടുത്തു. നവകേരള സൃഷ്ടി എന്ത് ? എങ്ങനെ എന്ന വിഷയത്തിലെ ക്ലാസ് വി.പി പി മുസ്തഫ നയിച്ചു. ട്രേഡ് യൂണിയൻ രംഗത്തെ കടമകൾ എന്ന വിഷയത്തിൽ എ.സമ്പത്ത് ക്ലാസ് എടുത്തു.

ബുധനാഴ്ച രാവിലെ വർഗ്ഗീയതയുടെ ഉത്ഭവവും വികാസവും എന്ന വിഷയം എം.സ്വരാജും, മാധ്യമങ്ങളുടെ രാഷ്ട്രീയം വി.ബി. പരമേശ്വരനും, സംഘടന ചരിത്രവും ,വർത്തമാന കാലവും എന്ന വിഷയം പി.ശശിധരൻ നായരും, സംഘടന ഭാവി പ്രവർത്തനങ്ങൾ പി.ഉണ്ണികൃഷ്ണൻ എന്നിവർ ക്ലാസെടുത്തു.

# കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ വൈദ്യുതി ഭവൻ ധർണ

സ്മാർട്ട് മീറ്റർ ടോട്ടക്സ് മാതൃക തള്ളിക്കളഞ്ഞ് പൊതുമേഖലയിൽ നടപ്പിലാക്കുക തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ച് വൈദ്യുതി ജീവനക്കാർ അസോസിയേഷൻ നേതൃത്വത്തിൽ വൈദ്യുതി ഭവൻ മാർച്ച് നടത്തി. സിഐടിയു ദേശീയ വൈസ് പ്രസിഡന്റ് ജെ.മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി എസ്.ഹരിലാൽ അധ്യക്ഷനായി.


## STATEMENT OF OWNERSHIP AND PARTICULARS ABOUT THE PERIODICAL CITU SANDESAM (Monthly) FORM IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Thiruvananthapuram |
| 2. Periodicity | : | Monthly |
| 3. Printer's Name | : | Elamaram Kareem |
| (If foreigner, state the country of origin) | : | Yes |
| Address | : | General Secretary, CITU State Committee, E. Balanandan Smaraka Mandiram Thiruvananthapuram |
| 4. Publisher's Name | : | Elamaram Kareem |
| (Whether Citizen of India) | : | Yes |
| (If foreigner, state the country of origin) | | |
| Address | : | General Secretary, CITU State Committee, E. Balanandan Smaraka Mandiram Thiruvananthapuram |
| 4. Editor's Name | : | Elamaram Kareem |
| (Whether Citizen of India) | | |
| (If foreigner, state the country of origin) | : | Yes |
| 5. Owner's Name | : | Elamaram Kareem General Secretary, CITU State Committee, E. Balanandan Smaraka Mandiram Thiruvananthapuram |

I, Elamaram Kareem hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
22-02-2023

(Sd/)
Elamaram Kareem (Publisher)